بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ   نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ   وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

സീറത്തുനബി സ്പെഷൽ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദ്ർ

## വീക്കിലി ഖാദിയാൻ

The Weekly
BADAR Qadian
Malayalam


ലക്കം
39-40

വാർഷിക വരിസംഖ്യ
575/- രൂപ

വാള്യം 6

പത്രാധിപർ
എച്ച്. ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മാഈൽ

POSTAL REG NO GDP-44/2020-2022 2021 സെപ്റ്റംബർ 30-ഒക്ടോബർ 7/ഹി:ശം: 1400 തബൂക്ക് 30-അഖാഅ് 7/ഹി:ഖ:1443 മുഹർറം 22-29






മസ്ജിദുന്നബ്‌വിയുടെ ഒരു മനോഹര ദൃശ്യം




## പ്രവാചകത്വ പരമ്പരയിൽ
## വീരപുരുഷനായിട്ടുള്ള നബി



കാലത്തിന്റെ ഇമാം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നീതിയോടും നിഷ്പക്ഷതയോടുംകൂടി മുൻകഴിഞ്ഞുപോയ പ്രവാചകന്മാരെപ്പറ്റി നാം സൂക്ഷ്മപഠനം നടത്തുന്നതായാൽ അവരിൽ വച്ച് ഏറ്റവും വീരപുരുഷനായിട്ടുള്ള നബി, ജീവിതത്തിന്റെ സകല ശ്രേഷ്ഠഗുണങ്ങളും സ്വായത്തമാക്കിയിട്ടുള്ള നബി, അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട നബി അത് ഇസ്‌ലാംമത പ്രവാചകരായ മുഹമ്മദു നബി(സ) തന്നെയാണെന്നു കാണാവുന്നതാണ്."

***(സിറാജെ മുനീർ, റൂഹാനീ ഖസാഇൻ വാല്യം12, പേജ് 82, )***

## മഹാനെന്നു അല്ലാഹു പറഞ്ഞയാൾ
## എത്ര വലിയ മഹാനായിരിക്കും



ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: "നബി(സ)തിരുമേനി ഏതു ദർജയിലുള്ള മനുഷ്യനായിരുന്നു? നബി(സ)തിരുമേനിയുടെ ദർജയുടെ അഥവാ പദവിയുടെ സ്ഥാനം അറിയാൻ ഈ വചനങ്ങൾ മുമ്പിൽ വെക്കേണ്ടതാണ്. **(1)** اِنَّكَ لَعَلٰى خُلُقٍ عَظِيْمٍ (അൽഖലം:5) **(2)**രണ്ടാമത്തേതിൽ പറയുന്നു: وَكَانَ فَضْلُ اللّٰهِ عَلَيْكَ عَظِيْمًا (അന്നിസാഅ്:114) അല്ലാഹു ഹദ്റത്ത് മുഹമ്മദ്(സ)ന്റെ സൽസ്വഭാവം മഹത്തരമെന്ന് പറയുന്നു. അദ്ദേഹത്തിന്റെ മേലുണ്ടായ ഫള്ൽ അഥവാ കൃപയും മഹത്തരമെന്ന് പറയുന്നു. ഇനി നിങ്ങൾ ചിന്തിക്കുക, ആരെയാണോ മഹാനെന്നു അല്ലാഹു പറഞ്ഞത് അയാൾ എത്രമാത്രം വലിയ മഹാനായിരിക്കും. ഇങ്ങനെ തേജോവിലാസമുള്ള റസൂലിനു പുറമെ നമുക്ക് മറ്റാരെയെങ്കിലും നേതാവാക്കേണ്ട ആവശ്യമെന്താണ്."

***(ഖുത്ബാത്തെ നൂർ പേജ് 464, ഖുത്ബ ജുമുഅ 25-3-1910)***

## അദ്ദേഹം എന്റെ ജീവനാണ്, എന്റെ ഹൃദയമാണ്,
## എന്റെ ലക്ഷ്യമാണ്



ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാനീ(റ) പറയുന്നു: "നബി(സ) തിരുമേനിയോടുള്ള സ്നേഹം എന്റെയുള്ളിൽ എങ്ങനെ പ്രവഹിക്കപ്പെട്ടിരിക്കുന്നുവെന്ന് അവരെന്തറിയാണ്. അദ്ദേഹം എന്റെ ജീവനാണ്, എന്റെ ഹൃദയമാണ്, എന്റെ ലക്ഷ്യമാണ്, എന്റെ ഉദ്ദേശ്യവുമാണ്. അദ്ദേഹത്തിന്റെ അടിമയായിരിക്കുക എന്നത് എനിക്ക് അഭിമാനമാണ്. അദ്ദേഹത്തിന്റെ സേവകനായിരിക്കുക എന്നത് എനിക്ക് സിംഹാസനത്തെക്കാൾ ശ്രേഷ്ഠമാണ്. അദ്ദേഹത്തിന്റെ വീട്ടിലെ അടിച്ചു വാരുന്നവനെതിരിൽ സകലലോകത്തിന്റെ രാജാധിപത്യവും നിസ്സാരമാണ്. അദ്ദേഹം അല്ലാഹുവിന് പ്രിയപ്പെട്ടവനാണ്. പിന്നെ ഞാനെന്തിന് അദ്ദേഹത്തെ സ്നേഹിക്കാതിരിക്കണം. അദ്ദേഹം അല്ലാഹുവിന് പ്രിയപ്പെട്ടവനാണ്. അപ്പോൾ ഞാനെന്തിന് അദ്ദേഹത്തെ പ്രിയപ്പെട്ടവനാക്കാതിരിക്കണം. അദ്ദേഹം അല്ലാഹുവിന്റെ സമീപസ്ഥനാണ്. അപ്പോൾ ഞാനെന്തിന് അദ്ദേഹത്തിന്റെ സാമീപ്യം അന്വേഷിക്കാതിരിക്കണം."

***(ഖുത്ബാത്തെ നൂർ പേജ് 464, ഖുത്ബ ജുമുഅ 25-3-1910)***

لَا إِلٰهَ إِلَّا اللهُ مُحَمَّدٌ رَّسُولُ اللهِ

# ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

*മുമ്പിൽവരാൻ എതിരാളികളെല്ലാവരെയും നാം വിളിച്ചു.*

إِنَّ السُّمُوْمَ لَشَرُّ مَا فِي الْعَالَمِ ❁ شَرُّ السُّمُوْمِ عَدَاوَةُ الصُّلَحَاءِ

**തനിക്ക് അവസരം കിട്ടുകയാണെങ്കിൽ നബി ﷺ തിരുമേനിയുടെ കാലുകഴുകുമെന്ന് റോമൻ ചക്രവർത്തി പറഞ്ഞിരുന്നു. മസീഹിനെക്കുറിച്ച് ഏതെങ്കിലും നിസ്സാരനായൊരു ജന്മി ഇങ്ങനെ പറഞ്ഞതായി തെളിയിക്കുകയാണെങ്കിൽ 1000 രൂപ ഇനാം!**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ പ്രൗഢഗംഭീരമായ ഈ വെല്ലുവിളി അദ്ദേഹത്തിന്റെ ഗ്രന്ഥമായ നൂറുൽഹഖ്, റൂഹാനി ഖസാഇൻ വാള്യം 9-ൽ നിന്ന് സമർപിക്കുകയാണ്. വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ﷺ വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതകൾ പ്രകടമാക്കുന്നതിന് നൂറുൽ ഖുർആൻ എന്ന പേരിൽ ഒരു മാസിക തുടങ്ങുകയുണ്ടായി. എന്നാൽ, അങ്ങേയറ്റത്തെ തിരക്കുകാരണം ഇതിന്റെ രണ്ടു പതിപ്പ് മാത്രമെ പ്രസിദ്ധീകരിക്കാൻ സാധിച്ചുള്ളു. രണ്ടാമത്തെ ലക്കത്തിൽ, അതായത് നൂറുൽഖുർആൻ നമ്പർ 2-ൽ ഹദ്റത്ത് മസീഹ് മൗഊദ്ﷺ നമ്മുടെ ഖാത്തമുന്നബിയ്യീനും പരിശുദ്ധ നേതാവും നിഷ്ക്കളങ്കജനതയുടെ തലവനുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ ﷺയെ കുറിച്ചും ആ മഹാത്മാവിന്റെ സഹധർമിണിമാരെക്കുറിച്ചുമുള്ള ഗുരുദാസ്പൂർ ജില്ലയിലെ ഫതഹ് ഗഢുകാരനായ പാതിരി ഫതഹ് മസീഹ് ഉന്നയിച്ച ആക്ഷേപങ്ങൾക്ക് മറുപടി നല്കുകയുണ്ടായി. പാതിരി ഫതഹ് മസീഹിന്റെ ആക്ഷേപവും അതിനുള്ള മറുപടിയും താഴെ കൊടുക്കുകയാണ്. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്ﷺ ഫതഹ് മസീഹിന് 1000 രൂപ ഇനാം പ്രഖ്യപിച്ചുകൊണ്ട് ഒരു വെല്ലുവിളിയും നടത്തിയിരിക്കുന്നു. വിശ്വാസികളുടെ മാതാവായ ഹദ്റത്ത് ആഇശാﷺയുടെ 9-ാം വയസ്സിലുള്ള വിവാഹം ശരീഅത്തിനെതിരാണെന്ന് പാതിരി ഫതഹ് മസീഹ് പറയുകയും അതുകൊണ്ട് ഇതു വിവാഹമല്ല പ്രത്യുത വ്യഭിചാരമാണെന്ന് ആക്ഷേപിക്കുകയും ചെയ്തിരുന്നു. ഈ പ്രവൃത്തി ശരീഅത്തിന്നെതിരാണെങ്കിൽ പാതിരി ഫതഹ് മസീഹ് വിശുദ്ധ ഖുർആനിൽനിന്ന് അല്ലെങ്കിലും, ചുരുങ്ങിയ പക്ഷം തൗറാത്തിന്റേയോ ഇഞ്ചീലിന്റേയോ തെളിവെങ്കിലും നല്കേണ്ടതായിരുന്നു. എന്നാൽ, തെളിവായി ഏതെങ്കിലും ദൈവഗ്രന്ഥമല്ല. മറിച്ച് വിവാഹപ്രായം 18 വയസ്സാണെന്ന ബ്രിട്ടീഷ് സർക്കാറിന്റെ നിയമമാണ് നല്കിയത്. ബ്രിട്ടീഷ് സർക്കാറിന്റെ തെളിവ് നല്കിക്കൊണ്ട് പാതിരി ഫതഹ് മസീഹ് ചോദിക്കുന്നു, നബി ﷺതിരുമേനി ബ്രിട്ടീഷ് സർക്കാറിന്റെ കാലത്തുണ്ടായിരുന്നെങ്കിൽ സർക്കാർ അദ്ദേഹത്തോടു എങ്ങനെയയിരിക്കും പെരുമാറുക?

ഒരു പ്രവൃത്തി ശരീഅത്തിന്നെതിരാണെന്ന് പറഞ്ഞുകൊണ്ട് ദൈവഗ്രന്ഥത്തിലുള്ള തെളിവു നല്കാതെ ബ്രിട്ടീഷ് സർക്കാറിന്റെ തെളിവു നല്കിയത് പാതിരി ഫതഹ് മസീഹിന്റെ ദുഷ്ടതയാണ്. ഈ പാതിരി എന്തിനാണ് അങ്ങേയറ്റം ദുഷ്ടനും നിർഭയനുമായിത്തീരുന്നത്? പരിശുദ്ധരിൽ പരിശുദ്ധനും കോടിക്കണക്കായ ജനങ്ങളുടെ നേതാവുമായ നബിﷺതിരുമേനിയെ കുറിച്ച് അങ്ങേയറ്റം തരംതാണ ആക്ഷേപങ്ങൾ ഉന്നയിക്കുമ്പോഴും അവരുടെ ഹൃദയം വിറയ്ക്കുന്നില്ല. ഈ നിർഭയത്വം അയാളിൽനിന്ന് എന്തുകൊണ്ടുണ്ടാകുന്നു. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ചില ഉദ്ധരണികൾ സമർപ്പിക്കാം.

അദ്ദേഹം പറയുന്നു: 'ഓർത്തുകൊള്ളുക! യഥാർഥത്തിൽ പാതിരി സാഹിബുമാർ പരിഹസിക്കുന്നതിലും നിന്ദിക്കുന്നതിലും അസഭ്യം പറയുന്നതിലും ഒന്നാം സ്ഥാനത്താണുള്ളത്. നമ്മുടെ പക്കൽ ഇത്തരം അസഭ്യവാക്കുകൾ നിറഞ്ഞതായ പുസ്തകങ്ങളുടെ ശേഖരംതന്നെയുണ്ട്.' *(നൂറുൽ ഖുർആൻ നമ്പർ 2, റൂഹാനി ഖസാഇൻ വാള്യം 9, 375).*

പാതിരിമാർ പ്രത്യേകമായ നിലയിൽ വിശുദ്ധ ഖുർആനെക്കുറിച്ചും സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ പരിശുദ്ധ വ്യക്തിത്വത്തെ കുറിച്ചും വന്യജന്തുക്കളെപ്പോലെ എന്തിനാണ് ആക്രമിക്കുന്നത്? ഇതിലേക്ക് വെളിച്ചം വീശിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്ﷺപറയുന്നു:

യഥാർഥത്തിൽ ക്രിസ്ത്യാനികൾ വിശുദ്ധ ഖുർആനിനെ അങ്ങേയറ്റം വെറുക്കുന്നു. ക്രിസ്തുമതത്തിന്റെ തെറ്റായവിശ്വാസത്തെ വിശുദ്ധ ഖുർആൻ വേരോടെ പിഴുതെറിയുന്നു എന്നതുകൊണ്ടാണ് അവർ വെറുക്കുന്നത്. ഒരു മനുഷ്യനെ ദൈവമായി ചിത്രീകരിക്കുന്നത് കള്ളമാണെന്നാണ് അത് പറയുന്നത്. കുരിശു വിശ്വാസത്തെ ഖുർആൻ കഷണം കഷണമാക്കുന്നു. ക്രിസ്ത്യാനികളുടെ അഭിമാനമായ ഇഞ്ചീലിന്റെ അധ്യാപനങ്ങൾ പരമമായ അബദ്ധങ്ങൾ നിറഞ്ഞതും ന്യൂനതയുള്ളതും നിഷ്ഫലവുമാണെന്നതിന് അതു തെളിവു നല്കുന്നു. അപ്പോൾപിന്നെ ക്രിസ്ത്യാനികളുടെ ആവേശം ശരീരേച്ഛയ്ക്കടിപ്പെട്ടു കൊണ്ടുണ്ടാകുന്നതാണ്.' *(ചശ്മയെ മസീഹി, റൂഹാനി ഖസാഇൻ വാള്യം 20, 343).*

ഹദ്റത്ത് മസീഹ് മൗഊദ്ﷺ പറയുന്നു: 'പാതിരിമാരുടെ നെഞ്ചത്തുള്ളത് ഇസ്‌ലാമിന്റെ കല്ലാണ്. അല്ലെങ്കിൽ മറ്റെല്ലാ മതങ്ങളും അവരുടെ നോട്ടത്തിൽ ആണത്വമില്ലാത്തതാണ്. ഹിന്ദുക്കളും ക്രിസ്ത്യാനിയായിക്കൊണ്ട് ഇസ്‌ലാമിനെ നിഷേധിച്ച് പുസ്തകമെഴുതുന്നു. രാമചന്ദ്രനും ഠാക്കൂർദാസും ഇസ്‌ലാമിനെ ഖണ്ഡിച്ചുകൊണ്ട് സകല ശക്തിയുമുപയോഗിച്ച് പുസ്തകം എഴുതുന്നു. കാര്യമെന്താണെന്നാൽ അവരുടെ മനസ്സാക്ഷി പറയുന്നത് അവരുടെ നാശം ഇസ്‌ലാമിലൂടെയാണെന്നാണ്. ഏതിലാണോ തങ്ങളുടെ നാശമുള്ളത് അതിനെ ഭയക്കുക എന്നത് സ്വാഭാവികമാണ്. ഒരു കോഴിക്കുഞ്ഞ് പൂച്ചയെ കണ്ടാൽ ഒച്ചപ്പാടുണ്ടാക്കുന്നു. ഇതുപോലെ വിവിധമതങ്ങളുടെ അനുയായികൾ പൊതുവിലും പാതിരിമാർ പ്രത്യേകിച്ചും ഇസ്‌ലാമിനെ ഖണ്ഡിക്കാൻ സകല ശക്തിയും ചെലുത്തുന്നു. അതിനുള്ള കാരണം ഇസ്‌ലാം മാത്രമാണ് തെറ്റായ മതങ്ങളെ തുണ്ടം തുണ്ടമാക്കുന്നതെന്നും ഉന്മൂലനം ചെയ്യുന്നതെന്നും അവർക്ക് ദൃഢവിശ്വാസമാണുള്ളത്. മാത്രമല്ല അവരുടെ ഉള്ളിൽനിന്ന് അവരുടെ ഹൃദയം അത് വിളിച്ചോതുന്നുമുണ്ട്.' *(മൽഫൂദാത്ത് വാള്യം 1, പേജ് 110, പ്രസിദ്ധീകരണം ഖാദിയാൻ 2003)*

മറ്റൊരു കാരണം എന്താണെന്നാൽ, ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായിപോയി പാതിരിമാരായവർ നബിﷺതിരുമേനിയുടെമേൽ അങ്ങേയറ്റം ഉത്സാഹത്തോടെ ആക്രമണം നടത്തുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ﷺഇസ്‌ലാമിൽനിന്നുപോയി ക്രിസ്തുമതം സ്വീകരിച്ച ഇത്തരം നാട്ടുപാതിരിമാരെ കുറിച്ച് പറയുന്നു:

പട്ടിണികൊണ്ട് പൊറുതിമുട്ടിയിരുന്ന ഇവർ ക്രിസ്ത്യൻ പള്ളികളിൽ ഒരുമിച്ചു കൂടിയിരുന്നു. ഇതൊക്കെ അവരുടെ ധനത്തിനോടുള്ള അത്യാർത്തിയും അവരുടെ സമ്പത്തിൽ നോട്ടമിട്ടതുകൊണ്ടുമാണ് പ്രകടമായത്. അങ്ങനെ അവർ സൃഷ്ടികുലോത്തമനായ നബിﷺതിരുമേനിക്കെതിരിൽ കഠിനമായ വാക്കുകൾ ഉപയോഗിച്ച് പാതിരിമരെ സുഖിപ്പിച്ചു. അവർ തരംതാണ ആക്ഷേപങ്ങളുന്നയിക്കുകയും ഇസ്‌ലാമിനോടു വിദ്വേഷവും ക്രിസ്തുമതത്തിൽ അടിയുറച്ചു നില്ക്കുമെന്ന് കാണിക്കാൻവേണ്ടി പുതിയരീതിയിലുള്ള ആക്ഷേപങ്ങളും അവഹേളനങ്ങളും പടച്ചുവിടുകയും ചെയ്തു. അങ്ങനെ തങ്ങളുടെ അപമര്യാദയോടുള്ള സംസാരംകൊണ്ട് അവരുടെ പ്രത്യേക അനുയായികളായിത്തീരുകയും അതുമുഖേന തങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കുകയുമാണ്.' (നൂറുൽ ഹഖ്, റൂഹാനീ ഖസാഇൻ വാള്യം 8, 47).

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ പറയുന്നു: 'എനിക്ക് അത്ഭുതം തോന്നുന്നു. ഇക്കൂട്ടർ വിദ്യാസമ്പന്നരാണെന്ന് പറയുകയും സംസ്കാരമുള്ളവരാണെന്ന് വാദിക്കുകയും ചെയ്തുകൊണ്ട് കോടിക്കണക്കിലുള്ള മനുഷ്യരുടെ നേതാവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺയെ അനുമാനത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെയാണ് ആക്രമിക്കുന്നത്? യഥാർഥത്തിൽ ഇവരുടെ സൽസ്വഭാവം നഷ്ടപ്പെട്ടുപോകുകയും ഇവർ നിന്ദ്യരായിത്തീരുകയുമാണ് ചെയ്യുന്നത്. അതിന്റെ ഫലമായി മനുഷ്യർക്ക് അവരോടു ലജ്ജ തോന്നുന്നു. ഇവരുടെ ധൈര്യത്തിനുള്ള കാരണം ഇപ്പോൾ ക്രിസ്ത്യാനികൾക്ക് ഭരണം ലഭിച്ചുവെന്നതു മാത്രമാണ്. അവർക്ക് ലജ്ജയുമുണ്ടാകുന്നില്ല! ലോകത്ത് മുസ്‌ലിമീങ്ങൾ ഭരണാധികാരികളായിരുന്നപ്പോൾ ക്രിസ്ത്യാനികളുടെ അവസ്ഥ ഇന്നുള്ള മുസ്‌ലിമീങ്ങളുടെ അവസ്ഥയെക്കാൾ മോശമായിരുന്നിട്ടും മുസ്‌ലിമീങ്ങൾ നസ്റേത്തുകാരനായ യേശുവിനെക്കുറിച്ച് കഠിനമായ പദങ്ങളൊന്നും ഉപയോഗിച്ചിരുന്നില്ല. ക്രിസ്തീയ നാടുകളിൽ മുസ്‌ലിമീങ്ങൾ ആയിരം വർഷം ഭരണം നടത്തി അവരുടെ നേതാവിനോടു എന്തൊരു അന്തസ്സാണോ പ്രകടിപ്പിച്ചിരുന്നത് അഹോ കഷ്ടം! ക്രസ്തീയർ 200, 300 കൊല്ലത്തെ ഭരണത്തിൽ ഇങ്ങനെ അഹങ്കാരികളാകാൻ പാടില്ലായിരുന്നു.അവർ നബിമാരുടെ നേതാവായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെ ആക്രമിക്കാതിരിക്കുകയും മുസ്‌ലിമീങ്ങളുടെ ഔദാര്യത്തെ ഓർമിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ! വാസ്തവത്തിൽ ക്രിസ്ത്യാനികൾ

ശേഷം പേജ് 19 ൽ

**ബദ്ർ ആഴ്ചപ്പതിപ്പ് "സീറത്തുന്നബി സ്പെഷ്യൽ പതിപ്പ്"**

## വിഷയവിവരങ്ങൾ


| | വിഷയവിവരങ്ങൾ | പേജ് |
|---|---|---|
| ❁ | പത്രാധിപക്കുറിപ്പും വിഷയവിവരങ്ങളും | 01 |
| ❁ | നബി(സ)തിരുമേനിയുടെ മഹത്തായ സ്ഥാനവും പദവിയും വിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ | 02 |
| ❁ | നബി(സ)തിരുമേനിയുടെ സുവർണോപദേശങ്ങൾ | 03 |
| ❁ | സയ്യിദുനാ വ മൗലാനാ മുഹമ്മദു മുസ്തഫാ(സ) 'ഖാത്തമുന്നബിയ്യീ'നും 'ഖയ്റുൽമുർസലീ'നും ആകുന്നു. | 04 |
| ❁ | ഖുത്ബ ജുമുഅ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് | 05 |
| ❁ | ഏകദൈവ സിദ്ധാന്തത്തെ സംബന്ധിച്ചുള്ള നബി(സ) തിരുമേനിയുടെ അധ്യാപനം | 10 |
| ❁ | നബി(സ)തിരുമേനിയുടെ മാപ്പും വിട്ടുവീഴ്ചയും | 12 |
| ❁ | മുഹമ്മദുനബി(സ) മനഃശാസ്ത്ര വിദഗ്ദ്ധനെന്ന നിലയിൽ | 17 |

**അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളേ!അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ നിങ്ങളുടെ പ്രാർഥിക്കുക.**

# നബി(സ)തിരുമേനിയുടെ മഹത്തായ സ്ഥാനവും പദവിയും വിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ

**നബി(സ)തിമേനിയെ പിൻപറ്റുന്നതുകൊണ്ട് സ്വാലിഹ്, ശഹീദ്, സിദ്ദീഖ്, നബി എന്നീ സ്ഥാനങ്ങൾക്ക് അർഹരാകുന്നതാണ്:**

وَمَنْ يُّطِعِ اللّٰهَ وَالرَّسُوْلَ فَاُولٰٓئِكَ مَعَ الَّذِيْنَ اَنْعَمَ اللّٰهُ عَلَيْهِمْ مِّنَ النَّبِيّٖنَ
وَالصِّدِّيْقِيْنَ وَالشُّهَدَآءِ وَالصّٰلِحِيْنَ ۚ وَحَسُنَ اُولٰٓئِكَ رَفِيْقًا ○

വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള നബിമാർ സിദ്ദീഖുമാർ ശഹീദുമാർ സ്വാലിഹുമാർ എന്നിവരുടെ കൂട്ടത്തിലായിരിക്കും. ഇവരാണ് ഏറ്റവും നല്ല കൂട്ടുകാർ.(4:70)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) ഈ ആയത്തിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: ഈ വചനത്തിൽ ധാരാളം ശ്രദ്ധാർഹമായ കാര്യങ്ങളുണ്ട്. ആദ്യത്തേത് 'അർറസൂൽ' കൊണ്ടുള്ള ഉദ്ദേശ്യം നബി(സ)തിരുമേനിയാണ്. അതായത് ഇദ്ദേഹം പ്രത്യേക റസൂലാണെന്ന്.

രണ്ടാമത്തേത് ഈ റസൂലിനെ പിൻപറ്റിയാൽ നിങ്ങളും നബിയും സിദ്ദീഖും ശഹീദും സ്വാലിഹും ഉൾപ്പെട്ട സംഘത്തിൽ പെടുന്നതായിരിക്കും. ഇതിന്റെ അർഥം നബിതിരുമേനിയെ പിൻപറ്റി നബിയും വരാവുന്നതാണെന്നാണ്. അതായത് ഈ റസൂലിനെ അനുധാവനം ചെയ്യുന്നവനായിരിക്കണം.

ഇവിടെ 'മഅ' എന്നതിന്റെ അർഥം ചില ഉലമാ ശാഠ്യത്തോടെ അവർ 'നബിമാരുടെ കൂടെയായിരിക്കും' എന്ന് നല്കാറുണ്ട്; നബിയാകുകയില്ല, അവരുടെ കൂടെയിരിക്കുന്നവരാണെന്നത്രെ! ഇതിന് അവർ പറയുന്ന തെളിവ് **ഹസുന ഉലാഇക്ക റഫീഖാ** എന്നു പറഞ്ഞിരിക്കുന്നു എന്നതാണ്. അവർ ഏറ്റവും ഉത്തമരായ കൂട്ടുകാരായിരിക്കും. അതായത് അവർ നബിമാരുടെ കൂടെയായിരിക്കും സ്വയം നബിയായിരിക്കുകയില്ലെന്ന്. അവർ ഈ ആയത്തിന് ഇങ്ങനെ അർഥം നല്കുമ്പോൾ അത് നബി(സ)തിരുമേനിയെ നിന്ദിക്കലാണ്. കാരണം അങ്ങനെ അർഥം പറയുമ്പോൾ ഈ ആയത്തിന്റെ അർഥം ഇങ്ങനെയായിരിക്കും; നബി(സ)തിരുമേനിയെ പിൻപറ്റുന്നവർ നബിമാരുടെ കൂടെയായിരിക്കും സ്വയം നബിയായിരിക്കുകയില്ല. നബി(സ)തിരുമേനിയെ പിൻപറ്റുന്നവർ സിദ്ദീഖുമാരുടെ കൂടെയായിരിക്കും സ്വയം സിദ്ദീഖായിരിക്കുകയില്ല. നബി(സ)തിരുമേനിയെ പിൻപറ്റുന്നവർ ശഹീദുമാരുടെ കൂടെയായിരിക്കും സ്വയം ശഹീദായിരിക്കുകയില്ല. നബി(സ)തിരുമേനിയെ പിൻപറ്റുന്നവർ സ്വാലിഹുമാരുടെ കൂടെയായിരിക്കും സ്വയം സ്വാലിഹായിരിക്കുകയില്ല. വിശുദ്ധ ഖുർആനിലെ ധാരാളം ആയത്തുകളിൽ 'മഅ' എന്ന പദം 'മിൻ' അർഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാ: 3:194, 4:147, 15:32.

ഇതിനുപുറമെ ഇവിടെ മഅല്ലദീന അൻഅമല്ലാഹു അലയ്ഹിം എന്നതിനുശേഷം മിനന്നബിയ്യീന എന്ന് പറയപ്പെട്ടിരിക്കുന്നു. ഇതിന് 'മിൻ'ബയാനിയ്യ എന്നാണ് പറയപ്പെടുന്നത്. ഉദ്ദേശ്യം 'അവരോടൊപ്പം' അതായത് 'അവരിൽനിന്ന് ' എന്നാണ്.

**നബി(സ)തിരുമേനിയോടുള്ള അനുസരണം ദൈവസ്നേഹലബ്ധിക്ക് നിമിത്തം:**

قُلْ اِنْ كُنْتُمْ تُحِبُّوْنَ اللّٰهَ فَاتَّبِعُوْنِيْ يُحْبِبْكُمُ اللّٰهُ وَيَغْفِرْ لَكُمْ
ذُنُوْبَكُمْ ۗ وَاللّٰهُ غَفُوْرٌ رَّحِيْمٌ ○

പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.(3:32)

**ദൈവസാമീപ്യത്തിനുള്ള മാർഗം:**

يٰٓاَيُّهَا الَّذِيْنَ اٰمَنُوا اتَّقُوا اللّٰهَ وَابْتَغُوْٓا اِلَيْهِ الْوَسِيْلَةَ وَجَاهِدُوْا فِيْ سَبِيْلِهٖ
لَعَلَّكُمْ تُفْلِحُوْنَ ○

വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവനിലേക്കുള്ള സാമീപ്യമാർഗം അന്വേഷിക്കുകയും അവന്റെ മാർഗത്തിൽ കഴിവിന്റെ പരമാവധി പരിശ്രമിക്കുകയും ചെയ്യുക; നിങ്ങൾ വിജയിക്കുന്നതിനുവേണ്ടി.(5:36)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) ഈ ആയത്തിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: ഇവിടെ 'വസീല' അഥവാ 'മാർഗം' കൊണ്ടുള്ള ഉദ്ദേശ്യം നബി(സ)തിരുമേനിയാണ്. ഇനി നബിയുടെ മാർഗം സ്വീകരിക്കാത്തിടത്തോളം നേരിട്ട് അല്ലാഹുമായി ഒരു ബന്ധവും സാധ്യമല്ല. ബാങ്കിനു ശേഷമുള്ള ദുആയിലും 'മാർഗ'ത്തെ കുറിച്ച് പറയുന്നുണ്ട്. അത് ഈ വിഷയത്തെ പിന്താങ്ങുന്നു.

**നബി(സ)തിരുമേനിയുടെ അസ്തിത്വം ജനതയ്ക്ക് രക്ഷാബന്ധനാണ്:**

وَمَا كَانَ اللّٰهُ لِيُعَذِّبَهُمْ وَاَنْتَ فِيْهِمْ ۗ وَمَا كَانَ اللّٰهُ مُعَذِّبَهُمْ وَهُمْ
يَسْتَغْفِرُوْنَ ○

എന്നാൽ, നീ അവരിലുണ്ടായിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കുമായിരുന്നില്ല. അവർ പാപമോചനത്തിന് പ്രാർഥിക്കുന്ന അവസരത്തിലും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല.(8:34)

**നബി(സ)മരിച്ചവരെ ജീവിപ്പിച്ചതിന്റെ അർഥം:**

يٰٓاَيُّهَا الَّذِيْنَ اٰمَنُوا اسْتَجِيْبُوْا لِلّٰهِ وَلِلرَّسُوْلِ اِذَا دَعَاكُمْ لِمَا يُحْيِيْكُمْ ۚ
وَاعْلَمُوْٓا اَنَّ اللّٰهَ يَحُوْلُ بَيْنَ الْمَرْءِ وَقَلْبِهٖ وَاَنَّهٗٓ اِلَيْهِ تُحْشَرُوْنَ ○

വിശ്വസിച്ചവരേ! അല്ലാഹുവിനും അവന്റെ ദൂതനും-നിങ്ങൾക്ക് ജീവൻ നല്കുന്നതിനുവേണ്ടി അദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നല്കുക. തീർച്ചയായും മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ അല്ലാഹു മറയായി നില്ക്കുന്നുവെന്നും അവനിലേക്കാണ് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നതെന്നുമുള്ളകാര്യം അറിയുക. (8:25)

ഈ ആയത്തിൽ മരിച്ചവരെ ജീവിപ്പിക്കുന്നതിന്റെ വ്യക്തമായ വിശദീകരണമുണ്ട്. അബദ്ധവശാൽ ക്രിസ്ത്യാനി ഹദ്റത്ത് ഈസാ(അ)യുടെ 'മരിച്ചവരെ ജീവിപ്പിക്കൽ' ബാഹ്യമായ നിലയിൽത്തന്നെ അങ്ങനെ ചെയ്തുവെന്നാണ് കരുതുന്നത്. നബി(സ)തിരുമേനി ആത്മീയമായി മരിച്ചുകിടന്നവരെ, 'എന്നിലേക്ക് വരൂ!ഞാൻ നിങ്ങളെ ജീവിപ്പിക്കാം' എന്ന് പറഞ്ഞ് വിളിച്ചപ്പോൾ അവർ ഖബറുകളിൽ കിടക്കുന്ന മരിച്ചവരല്ലെന്നും പ്രത്യുത അറേബ്യയിലെ ആത്മീയമായി മരിച്ചവരാണെന്നുമുള്ള കാര്യം സ്പഷ്ടമായി.

**നബി(സ)യുടെമേൽ അല്ലാഹുവിന്റേയും മലക്കുകളുടേയും ആശംസനേരലും അവിടത്തെമേൽ സ്വലാത്തും സലാമും ചൊല്ലാൻ സത്യവിശ്വാസികളോടുള്ള കല്പനയും:**

اِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ ۗ يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا
عَلَيْهِ وَسَلِّمُوْا تَسْلِيْمًا

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളേ! അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ നിങ്ങളുടെ പ്രാർഥിക്കുക. (33:57)

ഹ്ദ്റത്ത് മസീഹ് മൗഊദ്(അ) ഈ ദൈവവചനത്തെ കുറിച്ച് പറയുന്നു:ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് നബി(സ) തിരുമേനിയുടെ കർമങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നാൽ അല്ലാഹു അവയെ സ്തുതിക്കുന്നതിന് അല്ലെങ്കിൽ വിശേഷഗുണങ്ങൾ ക്ലിപ്തപ്പെടുത്തുന്നതിന് പ്രത്യേകമായ ഒരു പദവും പറഞ്ഞില്ല. പദം കിട്ടുമായിരുന്നു. പക്ഷേ, സ്വയം ഉപയോഗിച്ചില്ല. അതായത് അവിടത്തെ സൽകർമങ്ങൾ സ്തുതിക്കും ക്ലിപ്തപ്പെടുത്തലിനു മതീതമായിരുന്നു. ഇത്തരത്തിലുള്ള വചനം മറ്റൊരു നബിയുടേയും മഹിമാവിലാസത്തിനുവേണ്ടി ഉപയോഗിച്ചിട്ടില്ല. നബി(സ) തിരുമേനിയുടെ ആത്മാവിൽ ആ സത്യസന്ധതയും നിർമലതയുമുണ്ടായിരുന്നു. അവിടത്തെ കർമങ്ങൾ ദൈവദൃഷ്ടിയിൽ എത്രത്തോളം ഇഷ്ടപ്പെട്ടതായിരുന്നുവെന്നാൽ എന്നെന്നേക്കുമായി അവൻ ഇനി ജനങ്ങൾ നന്ദി എന്ന നലയിൽ അദ്ദേഹത്തിനുമേൽ സ്വലാത്ത് ചൊല്ലണമെന്ന കല്പനപുറപ്പെടുവിച്ചു.

*(മൽഫൂദാത്ത് വാള്യം 1, പേജ് 32, 2018 ഖാദിയാൻ പ്രസിദ്ധീകരണം)*

## തന്റെ ഉമ്മത്തിനുള്ള നബി ﷺ തിരുമേനിയുടെ സുവർണോപദേശങ്ങൾ

۞ سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: أَفْضَلُ الذِّكْرِ: لَا إِلٰهَ إِلَّا اللهُ وَأَفْضَلُ الدُّعَاءِ: اَلْحَمْدُ لِلّٰهِ.

(ترمذی، کتاب الدعوات، باب دعوة المسلم مستجابة)

۞ ഹദ്റത്ത് ജാബിർ(റ) വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: നബി(സ) തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു. ഏറ്റവും ഉത്തമമായ ദൈവസ്മരണ തൗഹീദിന്റെ കലിമ അഥവാ വാക്യമാണ്. അതായത് 'അല്ലാഹു അല്ലാതെ മറ്റൊരു ആരധ്യനില്ല' എന്ന് ഏറ്റു പറയൽ. ഏറ്റവും ഉത്തമമായ ദുആ അൽഹംദുലില്ലാഹ് എന്നതാണ്. (തിർമുദി, കിതാബുദ്ദഅ്വാത്ത്)

۞ قَالَ لِي رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: أَلَا أَدُلُّكَ عَلَى كَنْزٍ مِنْ كُنُوزِ الْجَنَّةِ؟ فَقُلْتُ بَلَى يَا رَسُولَ اللهِ! قَالَ: لَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ.

(بخاری، کتاب الدعوات، باب قول لا حول ولا قوة الا بالله)

۞ ഹദ്റത്ത് അബൂ മൂസാ അശ്അരി(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ജന്നത്തിലെ ഖജനാവുകളിൽ ഒന്നിനെപറ്റി ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! തീർച്ചയായും പറഞ്ഞുതന്നാലും.' അവിടന്ന് പറഞ്ഞു: 'ലാ ഹൗല ചൊല്ലിക്കൊണ്ടിരിക്കുക.' അതായത് അല്ലാഹുവിന്റെ സഹായമില്ലാതെ ദോഷങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ശക്തി എന്നിലില്ല. നന്മ ചെയ്യുന്നതിനുള്ള കഴിവുമില്ല.

(ബുഖാരി കിതാബുദ്ദഅ്വാത്ത്)

۞ عَنْ سَلْمَانَ الْفَارِسِيِّ رَضِيَ اللهُ عَنْهُ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: إِنَّ اللهَ حَيِيٌّ كَرِيمٌ يَسْتَحْيِي إِذَا رَفَعَ الرَّجُلُ إِلَيْهِ يَدَيْهِ أَنْ يَرُدَّهُمَا صِفْرًا خَائِبَتَيْنِ.

(ترمذی، کتاب الدعوات)

۞ ഹദ്റത്ത് സൽമാൻ ഫാരിസി(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു വലിയ ലജ്ജയുള്ളവനും വലിയ ഉദാരനും ധർമശീലനുമാണ്. ദാസൻ അവന്റെ സന്നിധിയിൽ കൈയുയർത്തുമ്പോൾ അവനെ വെറുംകൈയോടെയും വിഫലമായും മടക്കി അയക്കുന്നതിൽ ലജ്ജിക്കുന്നു. അതായത് സത്യഹൃദയത്തോടെ ചെയ്ത ദുആയെ നിഷേധിക്കുകയില്ല.പ്രത്യുത സ്വീകരിക്കുന്നു. (തിർമുദി, കിതാബുദ്ദഅ്വാത്ത്)

۞ عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: مَنْ سَرَّهُ أَنْ يَسْتَجِيبَ اللهُ لَهُ عِنْدَ الشَّدَائِدِ وَالْكُرَبِ فَلْيُكْثِرِ الدُّعَاءَ فِي الرَّخَاءِ

۔(ترمذی، ابواب الدعوات، باب دعوة المسلم مستجابة)۔

۞ അബൂ ഹുറയ്റ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'തന്റെ ബുദ്ധിമുട്ടുകളുടെ നേരത്ത് തന്റെ ദുആ അല്ലാഹു സ്വീകരിക്കണമെന്ന് ആരാണോ ആഗ്രഹിക്കുന്നത് അവൻ സമൃദ്ധിയുടേയും സൗഖ്യത്തിന്റേയും നേരത്ത് അധികമധികമായി ദുആ ചെയ്യേണ്ടതാണ്.'

(തിർമുദി, കിതാബുദ്ദഅ്വാത്ത്)

۞ عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: مَا مِنْ أَحَدٍ يُسَلِّمُ عَلَيَّ إِلَّا رَدَّ اللهُ عَلَيَّ رُوحِي أَرُدُّ عَلَيْهِ السَّلَامَ.

(ابوداؤد، کتاب المناسک، باب زیارة القبور)

۞ അബൂ ഹുറയ്റ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'എന്റെമേൽ ആര് സ്വലാത്ത് ചൊല്ലിയാലും അയാളുടെ സ്വലാത്തിന് ഞാൻ മറുപടി നല്കുന്നതിന് അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതായിരിക്കും.' അതായത് നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലിയ ആൾക്ക് നബി(സ)തിരുമേനി നേരിട്ട് സലാം മടക്കുന്ന നിലയിൽ ആ സ്വലാത്തിന് പ്രതിഫലും പുണ്യവും ലഭിക്കുന്നതായിരിക്കും.(അബൂദാവൂദ് കിതാബു മനാസിക്)

۞ عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِنَّمَا يُبْعَثُ النَّاسُ عَلَى نِيَّاتِهِمْ.

(ابن ماجہ، ابواب الزهد باب النية)

۞ അബൂ ഹുറയ്റ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ജനങ്ങളുടെ ഉയിർത്തെഴുന്നേല്പ് അവരുടെ നിയ്യത്തുകളനുസരിച്ചായിരിക്കും. (അതായത് അവരവരുടെ നിയ്യത്തനുസരിച്ച് അവർ ഫലം പറ്റുന്നതായിരിക്കും.'

(ഇബ്നുമാജ അബ്വാബുസ്സുഹ്ദ്)

۞ عَنْ جَرِيرِ بْنِ عَبْدِ اللهِ رَضِيَ اللهُ عَنْهُ قَالَ كُنَّا جُلُوسًا عِنْدَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا نَظَرَ إِلَى الْقَمَرِ لَيْلَةَ الْبَدْرِ فَقَالَ إِنَّكُمْ سَتَرَوْنَ رَبَّكُمْ كَمَا تَرَوْنَ هٰذَا الْقَمَرَ لَا تُضَامُّونَ فِي رُؤْيَتِهِ فَإِنِ اسْتَطَعْتُمْ أَلَّا تُغْلَبُوا عَلَى صَلٰوةٍ قَبْلَ طُلُوعِ الشَّمْسِ وَصَلٰوةٍ قَبْلَ غُرُوبِ الشَّمْسِ فَافْعَلُوا.

(بخاری، کتاب التوحید والرد علی الجهمية وغيرهم، باب قول الله وجوه يومئذ ناضرة الى ربها ناظرة)

۞ ഹദ്റത്ത് ജരീർ ബിൻ അബ്ദുല്ലാഹ്(റ)വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഇരിക്കുകയായിരുന്നു. രാത്രി നേരമായിരുന്നു. അവിടന്ന് പതിനാലാം രാവിലെ ചന്ദ്രനിലേക്ക് നോക്കി. എന്നിട്ട് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ ഈ പതിനാലാം രാവിലെ ചന്ദ്രനെ കാണന്നതുപോലെ ഒരു മറയും തടസവുമില്ലാതെ കാണുന്നതായിരിക്കും. നിങ്ങൾ ഈ ശ്രേഷ്ഠത കരസ്ഥമാക്കുന്നതിന് ശ്രമിക്കാനാഗ്രഹിക്കുന്നെങ്കിൽ സ്വുബ്ഹി നമസ്കാരവും അസ്വ്ർ നമസ്കാരവും നേരത്ത് നമസ്കരിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുക.'

(ബുഖാരി കിതാബുത്തൗഹീദ്)

۞ عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ مَنْ لَا يَشْكُرِ النَّاسَ لَا يَشْكُرِ اللهَ.

(ترمذی، باب ما جاء فی الشکر لمن احسن الیک)

۞ അബൂ ഹുറയ്റ(റ)വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല.' അതായത് ആരുടെയെങ്കിലും ഔദാര്യത്തിന്റെ ഫലമായി മനുഷ്യന് എന്തെങ്കിലും അനുഗ്രഹമോ ഗുണമോ കിട്ടുകയാണെങ്കിൽ അല്ലാഹുവിന് നന്ദി കാണിക്കേണ്ടത് നിർബന്ധമാണെന്നതുപോലെ ആ മനുഷ്യനോടും നന്ദി കാണിക്കേണ്ടതും നിർബന്ധമാണ്.

(തിർമുദി, ബാബു മാജാഅ ഫിശ്ശുക്രി ലിമൻ അഹ്സനു ഇലയ്ക്ക)

۞ عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ كُلُّ أَمْرٍ ذِي بَالٍ لَا يُبْدَأُ فِيهِ بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ فَهُوَ أَقْطَعُ

(الجامع الصغیر للسیوطی حرف کاف، (2) کشّاف)

۞ അബൂ ഹുറയ്റ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം ചൊല്ലാതെ തുടങ്ങുന്ന എല്ലാ പ്രവൃത്തിയും അപൂർണവും അനുഗ്രഹമില്ലാത്തതുമായിരിക്കും.'

(അൽജാമിഉസ്സ്വഗീർ ലിസ്സുയൂത്ത്വി, ഹർഫ് കാഫ്, (2)കശ്ശാഫ്)

۞ عَنْ أَبِي مُوسَى الْأَشْعَرِيِّ رَضِيَ اللهُ عَنْهُ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: مَثَلُ الَّذِي يَذْكُرُ رَبَّهُ وَالَّذِي لَا يَذْكُرُهُ مَثَلُ الْحَيِّ وَالْمَيِّتِ. وَرَوَاهُ مُسْلِمٌ فَقَالَ مَثَلُ الْبَيْتِ الَّذِي يُذْكَرُ اللهُ فِيهِ وَالْبَيْتِ الَّذِي لَا يُذْكَرُ اللهُ فِيهِ مَثَلُ الْحَيِّ وَالْمَيِّتِ.

(بخاری، کتاب الدعوات، باب فضل ذکر الله تعالیٰ)

۞ അബൂ മൂസാ അശ്അരി(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ദൈവസ്മരണ ചെയ്യുന്നവന്റേയും ദൈവസ്മരണ ചെയ്യാത്തവന്റേയും ഉദാഹരണം ജീവിച്ചിരിക്കുന്നവന്റേയും മരിച്ചവന്റേയും പോലെയാണ്. അതായത് ദൈവസ്മരണ നടത്തുന്നവൻ ജീവിച്ചിരിക്കുന്നവനാണ്. നടത്താത്തവൻ മരിച്ചവനാണ്.'

(ബുഖാരി കിതാബുദ്ദഅ്വാത്ത്)

മുസ്‌ലിമിന്റെ നിവേദനത്തിലുണ്ട്, നബി(സ)തിരുമേനി പറഞ്ഞു: 'ദൈവസ്മരണ ഉണ്ടാകുന്നവീടിന്റേയും ദൈവസ്മരണ ഇല്ലാത്ത വീടിന്റേയും ഉദാഹരണം ജീവിച്ചിരിക്കുന്നവന്റേയും മരിച്ചവന്റേയും പോലെയാണ്.'

...☆...☆...☆...

# സയ്യിദുനാ വ മൗലാനാ മുഹമ്മദു മുസ്തഫാ ﷺ 'ഖാത്തമുന്നബിയ്യീ'നും 'ഖയ്റുൽമുർസലീ'നും ആകുന്നു.

## ഉപദേശങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)

**സയ്യിദുനാ വ മൗലാനാ മുഹമ്മദു മുസ്തഫാ(സ) "ഖാത്തമുന്നബിയ്യീ"നും "ഖയ്റുൽമുർസലീ"നും ആകുന്നു.**

നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ്, **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** (അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ) അവന്റെ ദൂതനാകുന്നു) എന്നത്രെ.ഇവിടെ ഈ ലോകത്ത് നാം പുലർത്തി വരുന്നതും മറുലോകത്തേക്ക് നാം കടക്കുന്ന സമയംവരെ ദൈവാനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോടു ഒട്ടിനില്ക്കുന്നതുമായ വിശ്വാസം ഇതാണ്: നമ്മുടെ ആത്മീയനേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) തിരുമേനി 'ഖാത്തമുന്നബിയ്യീ'നും 'ഖയ്റുൽമുർസലീ'നും ആകുന്നു. *(ഇസാലയെ ഔഹാം ഭാഗം 1, റൂഹാനീ ഖസാഇൻ വാള്യം 3. പേജ് 169)*

**വീരപുരുഷനും ജീവിച്ചിരിക്കുന്നവനും**

അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവനുമായ നബി 'നാം നീതിയുടെ ദൃഷ്ടികൊണ്ട് നോക്കുമ്പോൾ സകലനുബുവ്വത്ത് പരമ്പരയിലും ഏറ്റവും വീരപുരുഷനായിട്ടുള്ള നബിയും ജീവിച്ചിരിക്കുന്നവനായ നബിയും ദൈവത്തിന്റെ ഉന്നതസ്ഥാനീയനായ നബിയുമായി ഒരാളെ മാത്രമെ അറിയുകയുള്ളു. അതായത് നബിമാരുടെ നേതാവും റസൂൽമാരുടെ അഭിമാനവും മുർസലീംങ്ങളുടെ യജമാനനുമായ നബി, അദ്ദേഹത്തിന്റെ പേര് മുഹമ്മദു മുസ്തഫാ അഹ്മദ് മുജ്തബാ (സ)എന്നാകുന്നു. അദ്ദേഹത്തിന്റെ തണലിൽ 10 ദിവസം നടക്കുന്നതുകൊണ്ട് ഇതിനുമുമ്പേ ആയിരം വർഷത്തിൽ കിട്ടാത്തതായ ആ വെളിച്ചം കിട്ടുന്നു.'

*(സിറാജെ മുനീർ, റൂഹാനീ ഖസായിൻ വാള്യം 12, പേജ് 82)*

**മഹത്ത്വത്തിന്റേയും പരിശുദ്ധിയുടേയും സിംഹാസനത്തിൽ എന്നെന്നും ഇരിക്കുന്ന നബി**

'ഓ! ഭൂവാസികളേ! അല്ലയോ കിഴക്കും പടിഞ്ഞാറും നിവസിക്കുന്ന മനുഷ്യാത്മാക്കളേ! സത്യമതം ഇന്ന് ലോകത്ത് ഇസ്ലാം മാത്രമാണെന്നും വിശുദ്ധ ഖുർആനിൽ പറയപ്പെട്ട ദൈവം മാത്രമാണ് സത്യദൈവമെന്നും ആത്മീയമായി ജീവിച്ചിരിക്കുന്ന നബി- എന്നുവെച്ചാൽ, മഹത്ത്വത്തിന്റേയും പരിശുദ്ധിയുടേയും സിംഹാസനത്തിൽ എന്നെന്നും ഇരിക്കുന്ന പ്രവാചകൻ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയാണെന്നുമുള്ള വസ്തുത സ്വീകരിക്കുവാൻ ഞാൻ നിങ്ങളെ ഹൃദയപൂർവം ക്ഷണിച്ചുകൊള്ളുന്നു.' *(തിർയാഖുൽഖുലൂബ്, റൂഹാനീ ഖസാഇൻ വാള്യം 15 പേജ് 141)*

**മുഴുലോകത്തിനും സന്മാർഗദായകനായ നബി**

നമ്മുടെ കാരുണ്യവാനായ നബി മുഴുലോകത്തുമുള്ള മനുഷ്യരുടെ ആത്മീയ ശിക്ഷണത്തിനു വേണ്ടിയാണ് വന്നിരിക്കുന്നത്. അതുകൊണ്ട് ഈ വർണം നബി(സ)തിരുമേനിയിൽ സമ്പൂർണമായ നിലയിലുണ്ടായിരുന്നു. നബിയുടെ ഈ നിലയെ കുറിച്ചാണ് വിശുദ്ധ ഖുർആൻ ധാരാളം സ്ഥലങ്ങളിൽ തെളിവു നല്കിയിരിക്കുന്നത്. അല്ലാഹുവിന്റെ സ്വിഫത്തുകളുടെ അതേ വർണത്തിൽ നബി(സ)തിരുമേനിയുടെ സ്വിഫത്തുകളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. **മാ അർസൽനാക്ക ഇല്ലാ റഹ് മത്തൻല്ലിൽ ആലമീൻ**(21:108) നാം നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്. അതുപോലെ പറഞ്ഞു: **ഖുൽ യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ** (7:159) പറയുക! ഓ മനുഷ്യരേ!സത്യമായും നിങ്ങളെല്ലാവരിലേക്കും(നിയുക്തനായ)അല്ലാഹുവിന്റെ ദൂതനാണു ഞാൻ. വിശുദ്ധ ഖുർആനിലെ മറ്റുസ്ഥലങ്ങളിൽ ചിന്തിക്കുമ്പോൾ മനസ്സിലാകുന്നത് നബി(സ) തിരുമേനിയെ അല്ലാഹു നിരക്ഷരൻ എന്നു പറഞ്ഞിരിക്കുന്നുവെന്നാണ്. അതുകൊണ്ട് അല്ലാഹുവല്ലാതെ ഒരു ഗുരുവും നബി(സ)യ്ക്ക് ഉണ്ടായിരുന്നില്ല. ഇക്കാരണത്താൽ അവിടന്ന് നിരക്ഷരനായിരുന്നു. വിശുദ്ധ ഖുർആൻ നോക്കുമ്പോൾ അത്ഭുതപ്പെടുകയാണ്. അതേ നിരക്ഷരൻ ഗ്രന്ഥവും യുക്തിജ്ഞാനവും മാത്രമല്ല പറഞ്ഞത് പ്രത്യുത മനഃപരിശുദ്ധിക്കുള്ള വഴികളും പരിചയപ്പെടുത്തി. എത്രത്തോളമെന്നാൽ **അയ്യദഹും ബി റൂഹിൻ മ്മിൻഹും** (അല്ലാഹു തന്റെ പക്കൽനിന്നുള്ള വചനംകൊണ്ട് അവരെ പ്രബലപ്പെടുത്തുകയും) വരെ എത്തിക്കുകയും ചെയ്തിരിക്കുന്നു (58:23). നോക്കുക. ചിന്താദൃഷ്ടിയോടെ നോക്കുക. വിശുദ്ധ ഖുർആൻ എല്ലാതരത്തിലുള്ള അന്വേഷകരേയും അവരുടെ ഉദ്ദിഷ്ടലക്ഷ്യംവരെ എത്തിക്കുകയും വിശ്വാസത്തിനും സത്യത്തിനുംവേണ്ടി ദാഹിക്കുന്നവർക്ക് ദാഹശമനം വരുത്തുകയും ചെയ്തിരിക്കുന്നു. പക്ഷേ, അല്പ മൊന്നു ചിന്തിക്കുക, ഈ യുക്തിജ്ഞാനത്തിന്റേയും ഈശ്വരീയജ്ഞാനത്തിന്റേയും നദി സത്യത്തിന്റേയും വെളിച്ചത്തിന്റേയും ഉറവ ആരിലാണ് ഇറങ്ങിയത്? ഒരു ഭാഗത്ത് നിരക്ഷരനെന്ന് പറയപ്പെടുകയും മറുഭാഗത്ത് ലോക ചരിത്രത്തിൽ അതുല്യമായ ശ്രേഷ്ഠതകളും യാഥാർഥ്യങ്ങളും തന്റെ വായിൽനിന്ന് പുറത്തു വന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന മുഹമ്മദു റസൂലുല്ലായുടെമേലാണ്.' *(മൽഫൂദാത്ത് വാള്യം 1, പേജ് 104, പ്രസാധനം ഖാദിയാൻ 2018)*

**മുഴുലോകത്തേയും വെളിച്ചത്തിലേക്ക് കൊണ്ടുവരികയും ഏകദൈവവിശ്വാസത്തിന്റെ കുപ്പായം അണിയിക്കുകയും ചെയ്ത നബി**

നമ്മുടെ നബിനായകർ മുഹമ്മദുനബി(സ)സത്യത്തിന്റെ അവതരണത്തിനായി വെളിപ്പെട്ട ഒരു മഹാപരിഷ്കർത്താവ് (മുജദ്ദിദെ അഅ്ളം) ആയിരുന്നു. അപ്രത്യക്ഷമായ സത്യത്തെ അവിടന്നു വീണ്ടും ലോകത്ത് കൊണ്ടുവന്നു. ഈ അഭിമാനകൃത്യത്തിൽ നബിനായകരോടൊപ്പം മറ്റൊരു നബിയ്ക്കും പങ്കില്ല. സകലലോകവും പൂർണ്ണമായ അന്ധകാരത്തിൽപെട്ടു കിടക്കുന്നതായിട്ടാണ് അവിടന്നു കണ്ടത്. അവിടത്തെ ആവിർഭാവത്തോടെ ആ ഇരുട്ട് വെളിച്ചമായി മാറി. അവിടന്ന് വെളിപ്പെട്ട ജനത മുഴുവനുംതന്നെ 'ശിർക്കി'ന്റെ അഥവാ സൃഷ്ടിപൂജയുടെ മേലങ്കി അഴിച്ചുവച്ച് തൗഹീദിന്റെ അഥവാ ഏകദൈവാദർശത്തിന്റെ പുതപ്പണിയുന്നതുവരെ, എന്നല്ല, അവർ സത്യവിശ്വാസത്തിന്റെ അത്യുന്നത ശ്രേണികളിലെത്തുന്നതുവരെയും, സത്യസന്ധതയുടേയും ആത്മാർഥതയുടേയും ദൃഢവിശ്വാസത്തിന്റേയും അപദാനങ്ങൾ ലോകത്ത് മറ്റൊരു ജനവിഭാഗത്തിലും കാണപ്പെടാത്തവിധം അവരിൽനിന്നു വെളിപ്പെടുമാറാകുന്നതുവരെയും അദ്ദേഹം ദിവംഗതനായില്ല. ഈ വിജയം, ഏതാദൃശമായ വിജയം, നബിനായകർ(സ) തിരുമേനിയ്ക്കല്ലാതെ മറ്റൊരു പ്രവാചകനും പ്രദാനം ചെയ്യപ്പെട്ടിരുന്നില്ല. അങ്ങേയറ്റം അധർമം നിറഞ്ഞിരുന്ന ഒരുകാലത്ത് സ്വാഭാവികമായും അത്യുജ്ജ്വലപ്രഭാവനായ ഒരു മഹാപരിഷ്കർത്താവിനെ ലോകം പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരു കാലത്ത് പ്രത്യക്ഷനാകയും നിയോഗിക്കപ്പെടുകയും ചെയ്തുവെന്നു മാത്രമല്ല, ലക്ഷക്കണക്കിൽ മനുഷ്യർ സൃഷ്ടിപൂജ കൈവെടിഞ്ഞു തൗഹീദിന്റെ അഥവാ, ഏകദൈവാദർശത്തിന്റെ നേർവഴി അവലംബിക്കുമാറാകയും ചെയ്തിരുന്ന ഒരു കാലത്ത്, ഈ ലോകത്തുനിന്ന് വിരഹം പ്രാപിക്കുകയും ചെയ്തു എന്നതുതന്നെ തിരുനബിയുടെ പ്രവാചകത്വത്തിലേക്ക് ഏറ്റവും വലിയ ഒരു തെളിവാകുന്നു. ഈ പരിപൂർണ്ണമായ പരിഷ്കരണം തിരുമേനിയുടെ മാത്രം സവിശേഷമായ ഒരു നേട്ടമാകുന്നു. അവിടുന്ന് മൃഗപ്രായരായ, കിരാതരായ ഒരു ജനവിഭാഗത്തിനു മനുഷ്യത്വം പഠിപ്പിച്ചു. അല്ലെങ്കിൽ അദ്ദേഹം മൃഗസമാനരെ മനുഷ്യരാക്കി മാറ്റിയെന്നു പറയാം. പിന്നെ, ആ മനുഷ്യരെ വിജ്ഞരാക്കി. വിജ്ഞരായ മനുഷ്യരെ അവിടന്ന് ദൈവമനുഷ്യരാക്കി മാറ്റുകയും ആത്മീയചൈതന്യം അവരിൽ ഊതി നിറക്കുകയും സത്യദൈവവുമായി അവരെ അടുപ്പിക്കുകയും ചെയ്തു. അവർ ദൈവമാർഗ്ഗത്തിൽ ആടുമാടുകളെപോലെ അറുത്തിടപ്പെട്ടു. എറുമ്പുകളെപോലെ കാലടികൾക്കടിയിൽ ചതച്ചരയ്ക്കപ്പെട്ടു. എങ്കിലും, അവർ സത്യവിശ്വാസം കൈവെടിഞ്ഞില്ല. എല്ലാ കഷ്ടപ്പാടുകളിലും വിപത്തുകളിലും അവർ മുന്നോട്ടു കാൽവെച്ചു. ചുരുക്കത്തിൽ, നമ്മുടെ നബിനായകർ(സ)ആത്മീയത സ്ഥാപിച്ചുറപ്പിക്കുന്നതിൽ രണ്ടാം ആദം ആയിരുന്നു. എന്നല്ല, യഥാർഥ ആദം അവിടന്നുതന്നെ ആയിരുന്നു എന്നു പറയണം. അവിടത്തെ ജീവിതത്തിൽ കുട്ടിക്കാലം തുടങ്ങിയുള്ള സകല മാനുഷിക അനുഗ്രഹങ്ങളും പരിപൂർണ്ണതയെ പ്രാപിച്ചിരുന്നു. സകല സൽഭാവങ്ങളും അവിടത്തെ ജീവിതത്തിൽ സക്രിയമാവുകയും മനുഷ്യപ്രകൃതിയിലെ ഒരു ശാഖയും നിഷ്ക്രിയമല്ലാതിരിക്കയും ചെയ്തു. കാലാതീതത്വംകൊണ്ടു മാത്രമല്ല, പ്രവാചകത്വത്തിന്റെ സകലപൂർണ്ണതകളും തിരുമേനിയിൽ അവസാനിച്ചതുകൊണ്ടും തിരുമേനിയിൽ 'ഖത്തമുന്നുബുവ്വത്ത്' സംഭവിച്ചു. നബി(സ) തിരുമേനി ദൈവികഗുണങ്ങളുടെ സമ്പൂർണ്ണ പ്രതി

ശേഷം പേജ് 20 ൽ

നബി(സ)തിരുമേനിയുടെ ജീവിതമാതൃകയെക്കുറിച്ച് ഹദ്റത്ത് ആഇശാ(റ)യുടെ തങ്കലിപികളാൽ എഴുതപ്പെട്ട വിവരണമാണ് **'കാന ഖുലുഖുഹുൽ ഖുർആൻ.'**

നബി(സ)തിരുമേനിയെ യഥാർത്ഥമായ നിലയിൽ പിൻപറ്റുമ്പോഴാണ് ഈ സൽഫലങ്ങൾ സ്ഥാപിതമാകുന്നത്. ഇല്ലെങ്കിൽ **ലാഇലാഹ ഇല്ലല്ലാഹ്** എന്ന മുദ്രാവാക്യവും പൊള്ളയാണ്! **മുഹമ്മദ് റസൂലുല്ലാഹ്** എന്ന മുദ്രാവാക്യവും പൊള്ളയാണ്!

അല്ലാഹു പറഞ്ഞതിതാണ്:

**"ഖുൽഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ്"**

നീ പറയുക! നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നെങ്കിൽ എന്നെ പിൻപറ്റുക. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.

ഇപ്പോൾ അല്ലാഹുവിനെ സ്നേഹിക്കുന്നതിനും റസൂലിനെ പിൻപറ്റുന്നതിനുംപകരം ദുൻയാവിനോടുള്ള സ്നേഹം മുന്തിച്ചിരിക്കുകയാണ്. ഇതാണോ നബി(സ)തിരുമേനിയെ പിൻപറ്റൽ?

**ഞാൻ സത്യമായും പറയുന്നു, നബി(സ)തിരുമേനിയെ പിൻപറ്റുന്നതിൽ തന്നെ പൂർണമായും ലയിപ്പിക്കാത്തിടത്തോളം യഥാർഥ നന്മചെയ്യുന്നവനും ദൈവപ്രീതി പ്രാപിക്കുന്നവനുമായി ഒരാളുമുണ്ടാകുകയില്ല.**

**നബി(സ)തിരുമേനിയുടെ മഹത്തായ സ്ഥാനത്തിന്റേയും നിലയുടേയും പ്രൗഢോജ്വലമായ ചർച്ച.**

**നബി(സ)തിരുമേനിയുടെ സ്ഥാനവും നിലയും അവിടത്തെ ഉൽകൃഷ്ട സ്വഭാവവും അടങ്ങിയ ഹുദൂർ അയ്യദഹുല്ലാഹ് ചെയ്ത 2017 ഒക്ടോബർ 20 ലെ ഖുത്ബ സീറത്തുന്നബി പ്രത്യേകപതിപ്പ് പരിഗണിച്ച് ഈ ലക്കത്തിൽ അനുവാചകർക്കുവേണ്ടി സമർപിക്കുകയാണ്**

തശഹ്ഹുദും തഅവ്വുദും സൂറഃഫാതിഹ ഓതിയതിനും ശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു: ഇന്ന് ഏറ്റവും കൂടുതൽ കുഴപ്പങ്ങളുടെ അവസ്ഥയുള്ളത് മുസ്ലിം രാഷ്ട്രങ്ങളിലാണെന്ന് നമ്മൾ കാണുന്നു; മുസ്ലിം സംഘങ്ങളിലാണ്. അവർ പരസ്പരം കഴുത്തുവെട്ടുന്നതിൽ ഊറ്റവും ഊക്കുമുള്ളവരാണ്. എല്ലാവരും ലാഇലാഹ ഇല്ലാഹ് ചൊല്ലുകയും **ലാ ഇലാഹ ഇല്ലല്ലാഹ്** ചൊല്ലുന്നവരെ വധിക്കുകയും അവരുടെ അവകാശം തട്ടപ്പറിച്ചെടുക്കുകയും അവർക്ക് നഷ്ടമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇവർ ഈ ചെയ്തുകൊണ്ടിരിക്കുന്നതാണോ വിശുദ്ധ ഖുർആനിന്റെ അധ്യാപനം? ഇവർ ഈ പിൻപറ്റുന്നതാണോ നബി(സ) തിരുമേനിയുടെ ജീവിത മാതൃക?

നബി(സ)തിരുമേനിയുടെ ജീവിതമാതൃകയെ സംബന്ധിച്ച് ആയിശാ(റ) പറഞ്ഞ കാന ഖുലുഖുഹുൽ ഖുർആൻ എന്ന വാക്യം തങ്കലിപികളാൽ എഴുതപ്പെട്ടതാണ്. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 8 പേജ് 305 ആലമുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1998) അതായത് അവിടത്തെ ജീവചരിത്രവും മാമൂലുകളും അറിയണമെങ്കിൽ, വിശുദ്ധഖുർആനാണ് അവിടത്തെ ജീവിതത്തിന്റെ വിശദീകരണം. അത് വായിക്കുക. ഈ മാതൃകകൾ അവിടന്ന് സ്ഥാപിച്ചിട്ടുള്ളത് ആ മഹാത്മാവിന്റെ അനുയായികൾ അതനുസരിച്ച് പ്രവർത്തിക്കാനാണ്; കേവലം മുദ്രാവാക്യം വിളിക്കാനല്ല. താനുമായുള്ള യഥാർഥബന്ധം കേവലം ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്നതുകൊണ്ടുണ്ടാകുകയില്ലെന്നും മറിച്ച്, തന്റെ സ്നേഹം കരസ്ഥമാക്കണമെങ്കിൽ തന്റെ പ്രിയപ്പെട്ട റസൂലിനെ പിൻപറ്റണമെന്നുമാണ് അല്ലാഹു പറഞ്ഞതും; ആ മഹാത്മാവിന്റെ ജീവിതചര്യയെ സ്വായത്തമാക്കിയാൽ അല്ലാഹുവിന്റെ പ്രിയപ്പെട്ടവരാകുന്നതാണ്! നിങ്ങൾക്ക് അല്ലാഹുവിന്റെ സാമീപ്യസ്ഥാനം ലഭിക്കുന്നതാണ്. ഇല്ലെങ്കിൽ നിങ്ങളുടെ മുദ്രാവാക്യം വെറും പൊള്ളയാണ്. അല്ലാഹു പറയുന്നു: ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹു വ യഗ്ഫിർലക്കും ദുനബക്കും വല്ലാഹു ഗഫൂറുർറഹീം. (3:32) 'നീ പറയുക! നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നെങ്കിൽ എന്നെ പിൻപറ്റുക. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുന്നതാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും നിരന്തരം കരുണ ചൊരിയുന്നവനുമാണ്.'

അല്ലാഹു സ്നേഹിക്കുന്നവരുടെ അവസ്ഥയാണോ ഇക്കാലത്തെ മുസ്ലിംകൾക്കുളളത്? ഉലമാക്കൾ അല്ലാഹുവിന്റെ പ്രിയപ്പെട്ടവരാണെന്നും അവന്റെ സമീപസ്ഥരാണെന്നുമാണ് പൊതുമുസ്ലിംകൾ മനസ്സിലാക്കുന്നത്. എന്നാൽ, അവരാണ് ഇന്ന് ലോകത്ത് ഏറ്റവുമധികം കലഹമുണ്ടാക്കിക്കൊണ്ടിരിക്കുന്നവർ! ഇപ്പോൾ പാക്കിസ്താനിലെ ചില നിരൂപകന്മാരും കോളം എഴുത്തുകാരും പത്രങ്ങളിലും എഴുതാൻ തുടങ്ങിയിട്ടുണ്ട്; മറ്റു മാധ്യമങ്ങളിലും പറയാൻ തുടങ്ങിയിട്ടുണ്ട്; മുസ്ലിമീങ്ങളുടെ ഈ അവസ്ഥ ഇങ്ങനെ യാകാൻ കാരണം ഈ നാമധാരികളായ ഉലമയാണെന്ന്! അതിനാൽ ഇക്കാലത്തെ മുസ്ലിം ഉലമാഇന്റെ പൊതുവെയുള്ള അവസ്ഥ വിളിച്ചോതുന്നത് വിശുദ്ധഖുർആനിന്റേയും സുന്നത്തിന്റേയും യാഥാർഥ്യം പറയുന്ന ഒരാളെ തന്റെ വാഗ്ദാനമനുസരിച്ച് അല്ലാഹു അയച്ചുവെന്നാണ്. പക്ഷേ, ഉലമാ ആ ദിവ്യാത്മാവിന്റെ വാക്കുകൾ കേൾക്കാൻ ഇഷ്ടപ്പെടുകയോ സാധാരണക്കാരെ കേൾപ്പിക്കാൻ വിടുകയോ ചെയ്യുന്നില്ല. എന്നല്ല അല്ലാഹുവിൽനിന്ന് ആഗതനായ ആൾക്കെതിരെ കുഫ്ർഫത്വ നല്കിക്കൊണ്ട് പൊതുവായൊരു ഭയത്തിന്റേയും ആശങ്കയുടേയും ഫിത്നയുടേയും ഫസാദിന്റേയും അവസ്ഥ ഉണ്ടാക്കിയിരിക്കുകയാണ്.

ഭൗതികാഗ്രഹങ്ങളുടെ പൂർത്തീകരണത്തിനും തന്റെ വലുപ്പത്തരം കാണിക്കുന്നതിനുംവേണ്ടി ജമാഅത്ത് സ്ഥാപിച്ചിരിക്കുകയാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നെതിരിൽ നഊദുബില്ലാഹ് നിത്യവും അവർ ആക്ഷേപിച്ചു കൊണ്ടിരിക്കുന്നു.

എന്തായാലും നബി(സ)തിരുമേനിയുടെ സത്യസേവകനാണ് ആ മഹാത്മാവ് എന്ന് ഞങ്ങൾക്കറിയാം. നബി(സ) തിരുമേനിയുടെ ശരീഅത്തിന്റെ പരിഷ്കരണത്തിനും സമ്പൂർത്തീകരണത്തിനുംവേണ്ടിത്തന്നെയാണ് അല്ലാഹു ആ മഹാത്മാവിനെ അയച്ചിട്ടുള്ളത്. വിശുദ്ധഖുർആനിന്റെ അറിവുകളും ദൈവജ്ഞാനത്തിന്റെ ഉള്ളറിവും ഗ്രാഹ്യവും അവിടന്നു മുഖേനയാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. അവിടന്ന് എല്ലാ അവസരത്തിലും വിശുദ്ധഖുർആനിന്റെ അധ്യാപനത്തിന്റെ വെളിച്ചത്തിൽ ഞങ്ങൾക്ക് മാർഗദർശനം നല്കി. ഖുൽ ഇൻ കുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കമുല്ലാഹ് എന്ന വചനത്തെ വിവിധ അവസരങ്ങളിൽ വിവിധ വശത്തൂടെയും അർഥത്തോടുകൂടിയും അവിടന്ന് അവതരിപ്പിച്ചു. ഇക്കാര്യങ്ങളാണ് അല്ലാഹു അവന്റെ സാമീപ്യം നല്കി, അവന്റെ പ്രിയപ്പെട്ടവനാക്കി, ഫിത്നയുടേയും ഫസാദിന്റേയും അവസ്ഥയിൽനിന്നു മനുഷ്യനെ പുറത്തുകൊണ്ടുവരുന്നതാക്കുന്നത്. മുസ്ലിമീങ്ങൾക്ക് തങ്ങളുടെ നിലനില്പിനും തങ്ങളുടെ രാജ്യങ്ങളിൽ സമാധാനം സ്ഥാപിക്കുന്നതിനും ഇസ്ലാമിന്റെ പ്രൗഢിയും ദിവ്യജ്യോതിസും ലോകത്ത് പ്രകടിപ്പിക്കുന്നതിനും ഇതല്ലാതെ മറ്റൊരു വഴിയുമില്ല.

നബി(സ)തിരുമേനിയെ യഥാർഥമായ നിലയിൽ പിൻപറ്റുമ്പോഴാണ് ഈ സൽഫലങ്ങൾ സ്ഥാപിതമാകുന്നത്. ഇല്ലെങ്കിൽ **ലാഇലാഹ ഇല്ലല്ലാഹ്** എന്ന മുദ്രാവാക്യവും പൊള്ളയാണ്! **മുഹമ്മദ് റസൂലുല്ലാഹ്** എന്ന മുദ്രാവാക്യവും പൊള്ളയാണ്!

ഇപ്പോൾ ഞാൻ ഈ ആയത്തിന്റെ വിശദീകരണമെന്നനിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ അവതരിപ്പിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു: 'ദുൻയാവിനോടുള്ള അത്യാർത്തി തന്നെയാണ് മുസ്‌ലിമീങ്ങളിലെ ആഭ്യന്തര ഭിന്നിപ്പുകൾക്കുള്ള കാരണവും. അല്ലാഹുവിന്റെ തൃപ്തി മാത്രം മുന്തിക്കുകയായിരുന്നെങ്കിൽ സത്യകക്ഷിയുടെ അടിസ്ഥാനം കൂടുതൽ വ്യക്തമായി എളുപ്പത്തിൽ മനസ്സിലാകുകയും അതിനെ വിശ്വസിച്ച് ഒന്നാകുകയും ചെയ്യുമായിരുന്നു. ഇപ്പോൾ ദുൻയാവിനോടുള്ള അത്യാർത്തികൊണ്ട് ഈ ദോഷങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ, അത്തരം ആളുകളെ എങ്ങനെ മുസ്‌ലിം എന്ന് പറയാൻ കഴിയും? അവരുടെ ചുവട് നബി(സ) തിരുമേനിയുടെ ചുവടിലല്ല ഉള്ളത്. **ഖുൽ ഇൻ കുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹു,** പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.'

അവിടന്ന് പറയുന്നു: 'ഇപ്പോൾ അല്ലാഹുവിനെ സ്നേഹിക്കുന്നതിനും റസൂലിനെ പിൻപറ്റുന്നതിനുംപകരം ദുൻയാവിനോടുള്ളസ്നേഹം മുന്തിച്ചിരിക്കുകയാണ്. ഇതാണോ നബി(സ)തിരുമേനിയെ പിൻപറ്റൽ? നബി(സ)തിരുമേനി ലൗകികനായിരുന്നുവോ? നഊദുബില്ലാഹ് ആ പുണ്യാത്മാവ് പലിശ വാങ്ങാറുണ്ടായിരുന്നുവോ? നിർബന്ധകാര്യങ്ങളിലും ദൈവകല്പന പാലിക്കുന്നതിലും അശ്രദ്ധ കാണിച്ചിരുന്നുവോ? ആ ദിവ്യാത്മാവിൽ മആദല്ലാഹ് കപടതയുണ്ടായിരുന്നുവോ? കാപട്യം ഉണ്ടായിരുന്നുവോ? ദുൻയാവിനെ ദീനിനേക്കാൾ മുന്തിച്ചിരുന്നുവോ? ചിന്തിക്കുക! പിൻപറ്റുക എന്നൊക്കെ പറഞ്ഞാൽ നബി(സ) തിരുമേനിയുടെ കാലടികളിലൂടെ നടക്കുക എന്നാണ്. എന്നിട്ട് നോക്കുക അല്ലാഹുവിന്റെ ഏതേതെല്ലാം തരത്തിലുള്ള കൃപകളാണുണ്ടാകുന്നതെന്ന്. *(മൽഫൂദാത്ത് വാല്യം 8 പേജ് 348-349, 1985 ലണ്ടൻ പതിപ്പ്)*

പക്ഷേ, ഇക്കാലത്ത് മുസ്‌ലിമീങ്ങളുടെ കർമപരമായ അവസ്ഥയും അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യവും വിരുദ്ധമാണ്. അതിനുള്ള തെളിവ് അവരുടെ അവസ്ഥ മോശപ്പെട്ടതായിക്കൊണ്ടിരിക്കുന്നു എന്നതാണ്. രാജ്യം രാജ്യവുമായി പോരാടിക്കൊണ്ടിരിക്കുന്നു. അന്യരുടെ അടുത്തുചെന്ന് മുസ്‌ലിം രാജ്യങ്ങൾ മറ്റു മുസ്‌ലിം രാജ്യങ്ങൾക്കെതിരിൽ പോരാടാൻ യാചിക്കുന്നു. ഇറാനെതിരെ വീണ്ടും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് കഴിഞ്ഞദിവസം അമേരിക്കൻ പ്രസിഡണ്ട് ഒരു വിളംബരം ചെയ്തു. അതിന്റെ മേൽ നടപടി നടന്നുകൊണ്ടിരിക്കുകയാണ്. മുഴുവൻ യൂറോപ്പും യൂറോപ്യൻ യൂണിയനും മറ്റു രാഷ്ട്രങ്ങളും അതിനെ എതിർത്തിട്ടുണ്ട്. ഇവിടെ ഇംഗ്ലണ്ടിൽ ഒരു ഇംഗ്ലീഷുകാരനായ എഴുത്തുകാരൻ എഴുതി: അമേരിക്കൻ പ്രസിഡണ്ടിന്റെ ഈ പ്രവർത്തനത്തിന് മുഴുലോകവും എതിരാണ്; മൂന്ന് രാഷ്ട്രമൊഴികെ. ഈ രാഷ്ട്രങ്ങൾ പറയുന്നത് അമേരിക്ക വളരെ നല്ലകാര്യമാണ് ചെയ്യുന്നതെന്നാണ്. അമേരിക്ക, ഇസ്രായേൽ, സൗദിഅറേബ്യാ എന്നിവയാണ് ആ രാഷ്ട്രങ്ങൾ. സൗദിഅറേബ്യാ മുസ്‌ലിംരാഷ്ട്രത്തിനെതിരെ ഒരു അമുസ്‌ലിം രാഷ്ട്രത്തിന് യുദ്ധം ചെയ്യാൻ അനുവാദം കൊടുത്തുകൊണ്ടിരിക്കുകയാണിപ്പോൾ. എന്നല്ല അവരെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് മുസ്‌ലിമീങ്ങകളുടെ അവസ്ഥകൾ. ഭിന്നിച്ചുകിടക്കുന്ന നിങ്ങൾക്കെങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ കഴിയും എന്നതിന്റെ ചിത്രമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) കോറിയിട്ടത്.

യഥാർഥമായ നന്മയും അല്ലാഹുവിന്റെ സമ്പ്രീതിയും അവന്റെ പാരിതോഷികങ്ങളും എങ്ങനെ മനുഷ്യന് കരസ്ഥമാക്കാൻ കഴിയും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അതെങ്ങനെയാണ് കരസ്ഥമായത്. ആ മഹാത്മാവ് നഊദുബില്ലാഹ് നബി(സ) തിരുമേനിയുടേയും ഇസ്‌ലാമിന്റേയും അധ്യാപനങ്ങളോടു അനുസരണക്കേടു കാണിക്കുന്ന ആളാണെന്ന് ഫത്‌വ നല്കിക്കൊണ്ടിരിക്കുന്നു. ഇക്കാര്യങ്ങൾ വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

'ഞാൻ സത്യമായും(എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ)പറയുകയാണ്: 'നബി(സ)തിരുമേനിയെ പിൻപറ്റുന്നതിൽ സ്വയം ലയിപ്പിക്കാത്തിടത്തോളം ഒരാൾക്കും യഥാർഥ നന്മ ചെയ്യുന്നവനാകാനോ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവനാകാനോ ഉന്നതമായ പദവിയിലുള്ള ആത്മാവിന്റെ പരിശുദ്ധിയിൽ ലഭിക്കുന്ന ഉപഹാരങ്ങളും അനുഗ്രഹങ്ങളും ദൈവജ്ഞാനങ്ങളും യാഥാർഥ്യങ്ങളും ജാഗ്രദർശനങ്ങളുംകൊണ്ട് ഭാഗ്യവാനാകാനോ സാധ്യമല്ല. (ഉന്നത നിലയിലുള്ള മനഃപരിശുദ്ധികൊണ്ട് മനുഷ്യൻ ഒരു സ്ഥാനം പ്രാപിക്കുന്നു. അപ്പോഴാണ് അല്ലാഹുവിൽനിന്ന് പാരിതോഷികങ്ങളും അനുഗ്രഹങ്ങളും ലഭിക്കുന്നത്. ജാഗ്രദർശനങ്ങളുണ്ടാകുന്നു. അല്ലഹുവുമായി ഭാഷണവുമുണ്ടാകുന്നു. പറയുന്നു:) അവൻ അല്ലാഹുവിന്റെ റസൂലിനെ പിൻപറ്റുന്നതിൽ, തന്നെ പരിപൂർണമായും ലയിപ്പിക്കാത്തിടത്തോളം (ഇതൊന്നും ലഭിക്കുകയില്ല). ഇതിന്റെ തെളിവ് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്നുതന്നെ ലഭിക്കുന്നു. **ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനി യുഹ്ബിബ്ക്കുമുല്ലാഹ്.** അല്ലാഹുവിന്റെ ഈ വാദത്തിന്റെ കർമപരമായതും ജീവസുറ്റതുമായ തെളിവ് 'താനാണെന്ന്' അവിടന്ന് പറയുന്നു. *(മൽഫൂദാത്ത് വാല്യം 1 പേജ് 204, 1985 ലണ്ടൻ പതിപ്പ്).*

'ഇക്കാലഘട്ടത്തിൽ അല്ലാഹു ഞാനുമായി സംസാരിക്കുന്നു. കാരണം ഞാൻ നബി (സ) തിരുമേനിയുടെ സത്തയിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. ആ മഹാത്മാവിനെ ഞാൻ പിൻപറ്റിയിരിക്കുന്നു. അപ്പോൾ അല്ലാഹു ഞാനുമായി സ്നേഹത്തോടെ പെരുമാറി.'

നബി(സ)തിരുമേനിയുടെ സ്ഥാനത്തെ ഇകഴ്ത്തുന്നുവെന്ന് പറഞ്ഞ് ആ മഹാത്മാവിനെതിരിൽ ആക്ഷേപം ഉന്നയിക്കുന്നവരുടെ ആക്ഷേപത്തെ കുറിച്ച് അവിടന്ന് പറയുന്നു: 'എനിക്കു കിട്ടിയ സ്ഥാനം നബി(സ) തിരുമേനിയോടുള്ള പ്രേമത്താലും സ്നേഹത്താലും ആ മഹാത്മാവിനെ സമ്പൂർണമായി അനുധാവനം ചെയ്തതിലൂടെയുമാണ്.' ഇങ്ങനെ പറയുന്ന വ്യക്തിയെയാണ് ലോകം നബി(സ) തിരുമേനിയുടെ സ്ഥാനം തരംതാഴ്ത്തുന്നയാളെന്ന് മനസിലാക്കുന്നത്. അദ്ദേഹം തന്നെയാണ് സത്യസന്ധനായ പ്രേമി. അദ്ദേഹം യഥാർഥമായ നിലയിൽ നബി(സ) തിരുമേനിയെ പിൻപറ്റി. പിന്നീട് അല്ലാഹുവും തന്റെ ഹബീബിനെ സ്നേഹിച്ച കാരണത്താൽ അദ്ദേഹത്തെ തന്റെ പ്രിയപ്പെട്ടവനാക്കുകയും ചെയ്തു.

ഈ സമ്പൂർണ അനുധാവനത്തിന്റെ ഫലമായി അല്ലാഹു തന്നെ ഏല്പിച്ച ജോലിയെ കുറിച്ച് അവിടന്ന് പറയുന്നു: 'നബി(സ) തിരുമേനിയുടെ നഷ്ടപ്പെട്ടുപോയ മഹത്ത്വത്തെ വീണ്ടും സ്ഥാപിക്കുന്നതിനും വിശുദ്ധഖുർആനിന്റെ സത്യങ്ങൾ ലോകത്തിനു കാണിക്കുന്നതിനുംവേണ്ടി ഞാൻ അയക്കപ്പെട്ടിരിക്കുന്നു. ഈ എല്ലാ ജോലികളും നടന്നുവരുന്നു. പക്ഷേ, കണ്ണുകളിൽ തുണികെട്ടിവച്ചിട്ടുള്ളതിനാൽ അത് കാണാൻ കഴിയുകയുന്നില്ല.' *(മൽഫൂദാത്ത് വാല്യം 5 പേജ് 14, 1985 ലണ്ടൻ പതിപ്പ്).*

ഒരു സ്ഥലത്ത് ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'നീ അവരോട് പറയുക! അല്ലാഹുവിന്റെ സ്നേഹിതരാകാനും നിങ്ങളുടെ പാപം പൊറുക്കപ്പെടാനും ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള ഒരേയൊരു വഴി എന്നെ പിൻപറ്റുക എന്നതാണ്.' (ഇത് ആ ആയത്തിന്റെ തർജമയാണ്) അവിടന്ന് പറയുന്നു: 'പറഞ്ഞതിന്റെ ഉദ്ദേശ്യം എന്താണ്? എന്നെ പിന്തുടരുക എന്നത് എങ്ങനെയുള്ള കാര്യമാണെന്നാൽ അത് ദൈവികകരുണയെതൊട്ട് നിരാശരാകാൻ വിടുകയില്ല. എന്നല്ല അത് പാപപൊറുതിക്ക് നിമിത്തമാകുകയും അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാക്കുകയും ചെയ്യും. (നബി(സ) തിരുമേനിയെ അനുധാവനം ചെയ്യുക എന്നത് എല്ലാ പാപങ്ങളും പൊറുക്കുന്നതിന് കാരണമാകുന്നതാണ്. എന്നുമാത്രമല്ല ദൈവത്തിന്റെ പ്രിയപ്പെട്ടവനാക്കുകയും ചെയ്യും). അവിടന്ന് പറയുന്നു: 'ഞങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന നിങ്ങളുടെ വാദം സത്യമായി പുലരുന്നതും ശരിയായനിലയിൽ സ്ഥാപിതമാകുന്നതും നിങ്ങൾ എന്നെ പിൻപറ്റുമ്പോ

## അല്ലാഹുവിന്റെ കലാം:

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

(വിശുദ്ധ ഖുർആൻ 14:36)

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala.**

## ഹദീഥുന്നബ്‌വി(സ):

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

ഴാണ്.' (അതായത് നബി(സ) തിരുമേനിയെ പിൻപറ്റുമ്പോൾ). പറയുന്നു: 'ഈ ആയത്തിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് മനുഷ്യൻ സ്വയം കൃതിച്ചുണ്ടാക്കുന്ന ആത്മീയമായവ്യായാമങ്ങളും സഹിക്കുന്ന ബുദ്ധിമുട്ടുകളും ചെയ്യുന്ന ജപങ്ങളും തപസുകളും അല്ലാഹുവിന്റെ പ്രിയപ്പെട്ടവനോ ദൈവികസാമീപ്യത്തിന്റെ അവകാശിയോ അവനെ ആക്കുകയില്ല. നബി(സ)തിരുമേനിയുടെ അനുസരണത്തിൽ തന്നെ പൂർണമായും അലിയിക്കാത്തിടത്തോളം ദൈവിക പ്രകാശങ്ങളും ദൈവികാനുഗ്രഹങ്ങളും ഇറങ്ങുകയുമില്ല. ആരാണോ നബി(സ) തിരുമേനിയുടെ സ്നേഹത്തിൽ തന്നെ പൂർണമായും അലിയിക്കുന്നത് ആ പുണ്യാത്മാവിനോടുള്ള അനുസരണത്തിലും പിൻപറ്റലിലും എല്ലാതരത്തിലുള്ള മരണവും സ്വന്തം ജീവനിൽ ഏറ്റുവാങ്ങുന്നത് അവന് ഈമാനിന്റെ പ്രകാശവും സ്നേഹവും പ്രേമവും നല്കപ്പെടുന്നതാണ്. എന്നല്ല അന്യദൈവങ്ങളിൽനിന്ന് അവന് അത് മോചനവും നല്കുന്നു. പാപങ്ങളിൽനിന്നുള്ള മുക്തിക്കും മോക്ഷത്തിനും അത് നിമിത്തമായിത്തീരുന്നു. അവൻ ഈ ജീവിതത്തിൽ ഒരു പരിശുദ്ധജീവിതം പ്രാപിക്കുന്നു. ശാരീരികമായ ആവേശങ്ങളുടേയും വികാരങ്ങളുടേയും ഇടുങ്ങിയതും നേർത്തതുമായ ഖബ്റുകളിൽനിന്ന് അവനെ പുറത്തുകൊണ്ടുവരുന്നു. അതിലേക്കാണ് ഈ ഹദീഥ് സൂചന നല്കുന്നത്. (നബി(സ) തിരുമേനി പറഞ്ഞു:) **അനൽ ഹാശിറുല്ലദീ യുഹ്ശറുന്നാസു അലാഖദമി.** ഏതൊരാളുടെ കാലടികളിലാണോ ജനങ്ങൾ ഉയർത്തപ്പെടുന്നത് ആ ശവങ്ങളെ പൊക്കുന്നവനാണ് ഞാൻ.' *(മൽഫൂദാത്ത്, വാല്യം 2, പേജ് 183, 1985 ലണ്ടൻ പതിപ്പ്)*

അതായത് ആത്മീയമായി മരിച്ചവരെ ജീവിപ്പിക്കുന്നവനാണ് ഞാൻ. ആ മഹാത്മാവിനെ പിൻപറ്റിനടക്കുന്നവർ അല്ലാഹുവിന്റെ പ്രിയപ്പെട്ടവരായിത്തീരുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മഹത്തായ ഭാഗ്യം കരസ്ഥമാക്കുന്നതിന് അല്ലാഹു ഒരു വഴി മാത്രമേ വെച്ചിട്ടുള്ളു; നബി(സ) തിരുമേനിയെ പിൻപറ്റുക. **ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനി യുഹ്ബിബ്ക്കുമുല്ലാഹ്** എന്ന് വ്യക്തമായും ദൈവവചനത്തിൽ പറഞ്ഞതുപോലെ! അല്ലാഹു നിങ്ങളെ അവന്റെ സുഹൃത്താക്കുന്നതിന് നിങ്ങളെന്നെ പിൻപറ്റുക. ഇതിന്റെ അർഥം ആചാരപരമായ നിലയിൽ ആരാധനകൾ നിർവഹിക്കുക എന്നതല്ല. മതത്തിന്റെ യാഥാർഥ്യം ഇതാണെങ്കിൽപിന്നെ നമസ്കാരത്തിനും നോമ്പിനും എന്തു പ്രസക്തിയാണുള്ളത്? സ്വയമേവ ഒരു കാര്യവും ചെയ്യാതിരിക്കുക;സ്വന്തം ചെയ്യുകയും ചെയ്യുക.' (ആചാരപരമായ നമസ്കാരങ്ങളല്ല ഉദ്ദേശ്യം. നമസ്കാരം അനുഷ്ഠിക്കേണ്ടത് അതിനോടുള്ള കടമകൾ നിറവേറ്റിക്കൊണ്ടാണ്. അതിന് നിശ്ചയിച്ചിട്ടുള്ള സമയങ്ങൾ പാലിക്കേണ്ടത് നിർബന്ധമാണ്. അല്ലാഹുവിന്റെ മുമ്പിൽ നില്ക്കുന്നതുപോലെ ആരാധിക്കുക. ഇല്ലെങ്കിൽ ഇതെല്ലാം ആചാരപരമായ ആരാധനകളായിരിക്കും). പറഞ്ഞു: 'ഇസ്‌ലാം എന്നത് കേവലം അതിന്റെ പേരല്ല. ഇസ്‌ലാമെന്നാൽ ബലിമൃഗത്തെപ്പോലെ തലവെച്ചുകൊടുക്കുക എന്നാണ്. നബി(സ) തിരുമേനി തന്റെ മരണവും തന്റെ ജീവിതവും തന്റെ നമസ്കാരവും തന്റെ ബലികളും അല്ലാഹുവിനുവേണ്ടിയാണെന്നും ഏറ്റവുമാദ്യം താൻ തന്റെ കഴുത്ത് വെക്കുന്നുവെന്നും പറഞ്ഞതുപോലെ!' *(മൽഫൂദാത്ത് വാല്യം 2 പേജ് 186, 1985 ലണ്ടൻ പതിപ്പ്)*

അതുകൊണ്ട് യഥാർഥമായി പിൻപറ്റുന്നവർ തങ്ങളുടെ ആരാധനകളുടെ നിലവാരവും ഉയർത്തുന്നു. അതിനാൽ നമ്മളിലോരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലും നമുക്കത് നിർബന്ധമാണ്. ഇല്ലെങ്കിൽ പിൻപറ്റുന്നുവെന്ന നമ്മളുടെ വാദവും പൊള്ളയായിരിക്കും.

നബി(സ) തിരുമേനി തികഞ്ഞ ഏകദൈവവിശ്വാസിയാണെന്നതിനെ സംബന്ധിച്ച് അവിടന്ന് പറയുന്നു: 'അല്ലാഹുവിന്റെ ഈ വാക്യം നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നെങ്കിൽ എന്നെ പിൻപറ്റുക. (ഇത് ഖുർആൻ വചനത്തിന്റെ തർജമയാണ്.) പറഞ്ഞു: 'എന്നാൽ, അല്ലാഹു നിങ്ങളെ അവന് പ്രിയപ്പെട്ടവനാക്കുന്നതാണ്.' പറയുന്നു: നബി(സ) തിരുമേനിയെ സമ്പൂർണമായി പിൻപറ്റുക എന്നത് മനുഷ്യനെ ദൈവസ്നേഹത്തിന്റെ സ്ഥാനത്ത് എത്തിക്കുന്നതാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത് അവിടന്ന് സമ്പൂർണ തൗഹീദിന്റെ മാതൃകയായിരുന്നുവെന്നാണ്. *(മൽഫൂദാത്ത് വാല്യം 8 പേജ് 115 ലണ്ടൻ പതിപ്പ്)*

അതായത് ഇപ്പോൾ ഇതിൽനിന്ന് മനനം ചെയ്തുകൊണ്ടിരിക്കുന്നതും തെളിവ് നല്കിക്കൊണ്ടിരിക്കുന്നതും നബി(സ) തിരുമേനി തികഞ്ഞ ഏകദൈവവിശ്വാസിയായിരുന്നുവെന്നാണ്. മറ്റാരും എത്താത്ത സ്ഥാനത്ത് അവിടന്ന് എത്തിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് മറ്റുള്ള ഉത്കൃഷ്ടസ്വഭാവങ്ങളെ മാതൃകയാക്കിയതുപോലെ ആരാധനയുടെ അടിസ്ഥാനത്തിലും അല്ലാഹു ആ മഹാത്മാവിനെമാതൃകയാക്കി.

ഒരിടത്ത് അവിടന്ന് പറയുന്നു: 'നബി(സ) തിരുമേനിയുടെ ഉത്കൃഷ്ടസ്വഭാവങ്ങളേയും കർമരീതികളേയും തന്റെ വഴികാട്ടിയും മാർഗദർശിയും ആക്കാത്തിടത്തോളം അല്ലാഹുവിന്റെ സ്നേഹം തികവാർന്നനിലയിൽ തന്റെയുള്ളിൽ ഉണ്ടാക്കാൻ മനുഷ്യന് സാധിക്കുകയില്ല. സ്വയം അല്ലാഹു ഇതിനെക്കുറിച്ച് പറയുന്നു: **ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹു** (3:32) അതായത് ദൈവസ്നേഹിതനാകുന്നതിന് നബി(സ) തിരുമേനിയെ പിൻപറ്റേണ്ടത് അനിവാര്യമാണ്. സത്യമായ പിൻപറ്റൽ അവിടത്തെ ഉത്കൃഷ്ടമായ സ്വഭാവങ്ങളുടെ നിറത്തിൽ തന്റെയുള്ളിൽ ഉണ്ടാക്കേണ്ടതാണ്. *(മൽഫൂദാത്ത് വാല്യം 3 പേജ് 87, 1985 ലണ്ടൻ പതിപ്പ്)*

അതിനാൽ, ഒന്ന് ആരാധനയുടെ വർണമാണ്. മറ്റൊന്ന് ഉൽകൃഷ്ടസ്വഭാവങ്ങളുടെ വർണമാണ്. സത്യസന്ധമായ അനുധാവനത്തിന്റെ ഉദ്ദേശ്യംതന്നെ വിശുദ്ധഖുർആൻ പറഞ്ഞിട്ടുള്ള ഉൽകൃഷ്ടമായ സ്വഭാവങ്ങളുണ്ടാക്കുക എന്നതാണ്. അതിനെ കുറിച്ച് മുമ്പേ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് ആഇശാ(റ) പറഞ്ഞു. **കാനഖുലുഖുഹുൽ ഖുർആൻ** നബി(സ) തിരുമേനിയുടെ ഉൽകൃഷ്ടസ്വഭാവങ്ങൾ കാണണമെങ്കിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുക. അതുതന്നെയാണ് അതിന്റെ വ്യാഖ്യാനം. ഇതിന്റെ അടിസ്ഥാനത്തിലും വിശുദ്ധഖുർആൻ പാരായണം ചെയ്യേണ്ടത് നമുക്ക് നിർബന്ധമാണ്. മറ്റുള്ളവരോടു പറയുന്നതിനുമുമ്പേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് നമ്മൾ എത്രത്തോളം വിശുദ്ധഖുർആനിനെ നമ്മുടെ കർമപദ്ധതിയാക്കിയെന്ന് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. ഇത് ബയ്അത്തിന്റെ ഭാഗവുമാണ്. സത്യസന്ധത നമ്മൾ എത്രത്തോളം നിലനിറുത്തി? നമ്മൾ എത്രത്തോളം നീതിയോടുകൂടി പെരുമാറുന്നവരാണ്? ജനങ്ങളോടുള്ള കടമകൾ നിറവേറ്റുന്നതിൽ നമ്മൾ എത്രത്തോളം പരിശ്രമിക്കുന്നവരാണ്?

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: എല്ലാവർക്കും സ്വയമേവ അല്ലാഹുവുമായി കൂടിക്കാഴ്ച നടത്താനുള്ള ത്രാണിയില്ല. അതിന് മധ്യവർത്തി ആവശ്യമുണ്ട്. ആ മധ്യവർത്തികൾ വിശുദ്ധഖുർആനും നബി(സ) തിരുമേനിയുമാണ്. ഈ മധ്യവർത്തിത്ത്വം നിങ്ങളെ ഉപേക്ഷിക്കുകയാണെങ്കിൽ ഒരിക്കലും ലക്ഷ്യം നേടുകയില്ല. മനുഷ്യൻ വാസ്തവത്തിൽ അടിമയാണ്. അടിമയുടെ ജോലി ഉടമ കല്പിക്കുന്നത് ചെയ്യുകയും അത് സ്വീകരിക്കുകയും ചെയ്യുക എന്നതാണ്. ഇപ്രകാരം നബി(സ)തിരുമേനിയുടെ കൃപാവരം കരസ്ഥമാക്കാൻ നിങ്ങളാഗ്രഹിക്കുന്നെങ്കിൽ അദ്ദേഹത്തിന്റെ അടിമയാകുക. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. **ഖുൽ യാ ഇബാദിയല്ലദീന അസ്റഫൂ അലാ അൻഫുസിഹിം**(39:54) (അതായത് പറയുക; തന്നോടുതന്നെ അക്രമം ചെയ്ത എന്റെ ദാസരേ!). പറഞ്ഞു:ഇവിടെ ഇബാദ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അടിമതന്നെയാണ്; സൃഷ്ടിമുഴുവനുമല്ല. നബി(സ) തിരുമേനിയുടെ ദാസരാകുന്നതിന് നിർബന്ധമായിട്ടുള്ളത് അവിടത്തെമേൽ സ്വലാത്ത് ചൊല്ലുകയും അവിടത്തെ ഒരു കല്പനയും ധിക്കരിക്കാതിരിക്കുകയും അവന്റെ സകല കല്പനകളും പാലിക്കുകയും ചെയ്യുക എന്നതാണ്. നബി(സ) തിരുമേനിയുടെ വഴിയിൽ നിങ്ങൾ അലിഞ്ഞുചേരുക. അപ്പോൾ അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. *(മൽഫൂദാത്ത് വാല്യം 5 പേജ് 321–322, 1985 ലണ്ടൻ പതിപ്പ്)*

അതുകൊണ്ട് അങ്ങേയറ്റം പാപിയാണെങ്കിൽത്തന്നെയും ഇസ്തിഗ്ഫാർ ചെയ്യുന്നവനും നബി(സ) തിരുമേനിയെ പിൻപറ്റുന്നവനും യഥാർഥത്തിൽ തന്നിൽ പരിവർത്തനമുണ്ടാക്കാൻ ആഗ്രഹിക്കുന്നവനുമാണെങ്കിൽ അല്ലാഹുവിന്റെ പ്രീതനാകാൻ സാധിക്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിനുള്ള ഒരു മാർഗം നബി(സ) തിരുമേനിയെ സത്യസന്ധമായി പിൻപറ്റുക എന്നതാണ്. ജനങ്ങൾ പലതരത്തിലുള്ള അനാചാരങ്ങളിൽ കുടുങ്ങികിടുക്കുന്നതായിട്ടാണ് കാണുന്നത്. ആരെങ്കിലും മരിച്ചാൽ പലതരത്തിലുള്ള നൂതന നടപടികളും അനാചാരങ്ങളും ചെയ്തുകൂട്ടുന്നു. വാസ്തവത്തിൽ വേണ്ടത് മരിച്ചവർക്കുവേണ്ടി ദുആ ചെയ്യുക എന്നതാണ്. അനാചാരങ്ങൾ ചെയ്യുന്നതുകൊണ്ട് നബി(സ) തിരുമേനിക്കെതിരിൽ പ്രവർത്തിക്കുക മാത്രമല്ല ചെയ്യുന്നത്, ആ മഹാത്മാവിനെ അപമാനിക്കുകയുമാണ്.' ഉണ്ടാക്കിവച്ചിരിക്കുന്ന പുതിയപുതിയ അനാചാരങ്ങൾ, അവിടത്തെ കല്പനകളെ ലംഘിക്കുകമാത്രമല്ല മറിച്ച് ഒരു വിധത്തിൽ ആ മഹാത്മാവിനെ നിന്ദിക്കുകയുമാണ് ചെയ്യുന്നത്. ഇപ്പോൾ നബിനിന്ദാനി

യമം പാസാക്കിയവരാണ് എല്ലാവരെക്കാളും കൂടുതൽ അനാചാരങ്ങളിൽ കുടുങ്ങി കിടക്കുന്നവർ. എങ്ങനെയാണ് നിന്ദിക്കുന്നത്? അവിടന്ന് പറയുന്നു: 'നബി(സ)തിരുമേനിയെ എല്ലാത്തിനും മതിയായ ആളായി മനസ്സിലാക്കുന്നില്ല. മതിയായ ആളായി മനസ്സിലാക്കിയിരുന്നെങ്കിൽ സ്വന്തമായ നിലയിൽ അനാചാരങ്ങൾ തിരുകികയറ്റേണ്ട ആവശ്യമെന്താണ്?' *(മൽഫൂദാത്ത് വാല്യം 5 പേജ് 440, 1985 ലണ്ടൻ പതിപ്പ്).*

'അതുകൊണ്ട് നമുക്കെതിരിൽ കുഫ്ർ ഫത്‌വ നല്കുന്നർ ആദ്യം സ്വന്തം കോളറിലേക്ക് എത്തിനോക്കേണ്ടത് അത്യാവശ്യമാണ്.'

വേറൊരു സ്ഥലത്ത് അവിടന്ന് പറയുന്നു: 'നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നെങ്കിൽ എന്നെ പിൻപറ്റുക. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുന്നതാണ്.' അവിടന്ന് പറയുന്നു: 'ഈ വചനത്തിൽനിന്ന് വ്യക്തമായും സ്ഥാപിതമാകുന്നത് മനുഷ്യൻ തികവാർന്നനിലയിൽ നബി(സ)തിരുമേനിയെ പിൻപറ്റാത്തിടത്തോളം അവന് അല്ലാഹുവിൽനിന്ന് കൃപാവരങ്ങളും അനുഗ്രഹങ്ങളും പ്രാപിക്കാൻ സാധിക്കുകയില്ലെന്നാണ്. അവന്റെ പാപപങ്കിലമായ ജീവിതത്തേയും ശാരീരികമായ വികാരങ്ങളുടെ അഗ്നിയേയും തണുപ്പിക്കുന്ന ഈശ്വരജ്ഞാനവും അന്തർദൃഷ്ടിയും അവന് പ്രദാനം ചെയ്യപ്പെടുകയുമില്ല. അത്തരക്കാരാണ് ഉലമാഉ ഉമ്മത്തീ എന്നതിന്റെ ഉള്ളടക്കത്തിൽ പ്രവേശിച്ചിട്ടുള്ളവർ. ശാരീരികമായ വികാരങ്ങളെ തണുപ്പിക്കണമെങ്കിൽ നബി(സ)തിരുമേനിയെ സമ്പൂർണമായും പിൻപറ്റേണ്ട ആവശ്യമുണ്ട്. അവിടത്തെ ജീവിതമാതൃകയിൽ നടക്കേണ്ട ആവശ്യമുണ്ട്. യഥാർഥമായ ഈശ്വരജ്ഞാനവും ഉൾക്കാഴ്ചയും കരസ്ഥമാക്കുകയും അവന്റെ സ്നേഹിതനാകുകയും പാപപങ്കിലമായ ജീവിതത്തിൽനിന്ന് മോക്ഷം പ്രാപിക്കുകയും ചെയ്യണമെങ്കിൽ ആ മഹാത്മാവിനെ പിൻപറ്റേണ്ട ആവശ്യമുണ്ട്. ആരാണോ ഇങ്ങനെ ചെയ്യുന്നത് ഈ സ്ഥാനത്തെത്തുന്നത് അവരെക്കുറിച്ച് നബി(സ) പറഞ്ഞു, എന്റെ സമുദായത്തിലെ ഉലമാ ബനൂഇസ്രായീലിലെ പ്രവാചകന്മാരെപോലെയാണ്.' (അൽമൗലൂആത്തുൽകുബ്റാ, മുല്ലാ അലിയുൽഖാരി പേജ് 159, ഹദീഥ് 614, ഖദീമീ ഖുത്ബ് ഖാന ആരാംബാഗ് കറാച്ചി) പക്ഷേ, ഇക്കാലത്തെ ഉലമാ അവരിൽ പെടുകയില്ല. ഇവർ ആ സ്ഥാനം പ്രാപിക്കുന്നവരുമല്ല. കാരണം ഇവർ നബി(സ) തിരുമേനിയുടെ നിലനിന്നുവരുന്ന അനുഗ്രഹങ്ങളിൽ വിശ്വസിക്കുന്നില്ല. ആ മഹാത്മാവിൽനിന്ന് അനുഗ്രഹം കിട്ടുമെന്ന് ഇവർ മനസ്സിലാക്കുന്നുമില്ല.

നബി(സ) തിരുമേനിയുടെ സ്ഥാനത്തെ സംബന്ധിച്ച് അവിടന്ന് വീണ്ടും പറയുന്നു: 'നബി(സ) തിരുമേനിയുടെ ഏറ്റവും വലിയ സ്ഥാനം ആ മഹാത്മാവ് അല്ലാഹുവിന് പ്രിയപ്പെട്ടവനായിരുന്നുവെന്നതാണ്. പക്ഷേ. മറ്റുള്ളവർക്കും ഈ സ്ഥാനത്തെത്താനുള്ള വഴി അല്ലാഹു പറഞ്ഞുതന്നു. (നബി(സ) തിരുമേനിയെക്കൊണ്ട് അല്ലാഹു ഇങ്ങനെ വിളംബരം ചെയ്യിച്ചു). അവരോട് പറയുക, 'നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നെങ്കിൽ എന്നെ പിൻപറ്റുക. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.' പറയുന്നു: 'ഇനി ചിന്തിക്കുക. നബി(സ) തിരുമേനിയെ സമ്പൂർണമായും പിൻപറ്റൽ ദൈവപ്രീതനാക്കുന്നു എങ്കിൽ പിന്നെന്താണ് വേണ്ടത്?' *(മൽഫൂദാത്ത് വാല്യം 8 പേജ് 65 1985 ലണ്ടൻ പതിപ്പ്).*

വേരൊരു സ്ഥലത്ത് അവിടന്ന് പറയുന്നു: 'നബി(സ) തിരുമേനിയെ പിൻപറ്റാത്തവന് മോക്ഷം കിട്ടുമെന്ന് ആരാണോ പറയുന്നത്, അവൻ വ്യാജനാണ്. അല്ലാഹു നമുക്ക് മനസ്സിലാക്കിതന്നിട്ടുള്ള കാര്യം അതിന് കടകവിരുദ്ധമാണ്. അല്ലാഹു പറയുന്നു: ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലഹ ഫത്തബിഊനീ യുഹിബിബ്ക്കുമുല്ലാഹ് ഏ, മുഹമ്മദ് റസൂൽ(സ)! ജനങ്ങളോടു പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നെങ്കിൽ എന്നെ പിൻപറ്റുക. നിങ്ങൾ അല്ലാഹുവിന്റെ പ്രിയപ്പെട്ടവരായിത്തീരുന്നതാണ്. നബി(സ) തിരുമേനിയെ പിൻപറ്റാതെ ആരും മോക്ഷം പ്രാപിക്കുകയില്ല. ആരാണോ നബി(സ) തിരുമേനിയോടു വിദ്വേഷം വെച്ചുപുലർത്തുന്നത് അവർക്ക് അതൊരിക്കലും നല്ലതല്ല.' *(മൽഫൂദാത്ത് വാല്യം 8 പേജ് 434–435, 1985 ലണ്ടൻ പതിപ്പ്).* ഇതാണ് നമ്മുടെ ഈമാനിന്റെ ഭാഗം.

നബി(സ) തിരുമേനിയുടെ സ്ഥാനത്തെ സംബന്ധിച്ച് ഒരു ക്രിസ്ത്യാനിയുമായി അവിടന്ന് സംവാദം നടത്തുകയായിരുന്നു. ചോദ്യോത്തരം നടക്കുകയായിരുന്നു. ക്രിസ്ത്യാനി പറഞ്ഞു, ഹദ്റത്ത് ഈസാ(സ)ന്റെ സ്ഥാനത്തെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്. ഹദ്റത്ത് ഈസാ(അ) പറഞ്ഞു, 'ക്ഷീണിതരും പീഢിതരും എന്റെ അടുക്കൽ വരിക. ഞാൻ നിങ്ങൾക്ക് സൗഖ്യം തരുന്നതാണ്.' വീണ്ടും (ഈസാ(അ) പറഞ്ഞു): 'ഞാൻ വെളിച്ചമാകുന്നു. ഞാൻ വഴിയാകുന്നു. ഞാൻ ജീവിതവും നേർമാർഗവുമാകുന്നു.' (അതായത് ഞാൻ വെളിച്ചമാകുന്നു. ഞാൻ വഴികാണിക്കുന്നവനാകുന്നു. ഞാൻ ജീവിതം നല്കുന്നവനാകുന്നു. എന്റെ അടുക്കൽ വരിക). എന്നിട്ട് ക്രിസ്ത്യാനി ചോദിച്ചു: 'ഇസ്ലാമിന്റെ സ്ഥാപകർ (നബി(സ)തിരുമേനി) ഈ വാക്യങ്ങൾ അല്ലെങ്കിൽ ഇതുപോലുള്ള വാക്യങ്ങൾ ഏതെങ്കിലും സ്ഥലത്ത് തന്റേതായി പറഞ്ഞിട്ടുണ്ടോ?' ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിനുള്ള മറുപടിയിൽ പറഞ്ഞു: വിശുദ്ധഖുർആനിൽ വ്യക്തമായും പറഞ്ഞിരിക്കുന്നു **ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ്** പറഞ്ഞു: 'തന്നെ പിൻപറ്റുന്നതിലൂടെ മനുഷ്യൻ ദൈവത്തിന്റെ പ്രീതനായിത്തീരുന്നു എന്ന ഈ വാഗ്ദാനം മസീഹിന്റെ നിങ്ങൾ പറഞ്ഞ വാക്യങ്ങളെ അതിജയിക്കുന്നതാണ്. കാരണം ദൈവത്തിന് പ്രിയപ്പെട്ടവനായിത്തീരുന്നതിനെക്കാളുപരി മനുഷ്യന് മറ്റൊരു സ്ഥാനവുമില്ല. (മസീഹ് പറഞ്ഞത് വെളിച്ചം പ്രാപിക്കുക എന്നാണ്. എന്നാൽ,അല്ലാഹു ഇവിടെ നബി(സ) തിരുമേനിയോടു പറഞ്ഞത് താങ്കൾ വിളംബരം ചെയ്യുക. ആരാണോ തന്നെ പിൻപറ്റുന്നത് അവൻ അല്ലാഹുവിന് പ്രിയപ്പെട്ടവനാകുന്നു. അവന്റെ പാപങ്ങളും പൊറുക്കപ്പെടുന്നു എന്നാണ്). പറയുന്നു: 'ഏതൊരാളുടെ വഴിയിലൂടെ നടക്കുന്നതുകൊണ്ട് മനുഷ്യൻ ദൈവപ്രീതനായി മാറുന്നുവോ അതിനേക്കാളുപരി വെളിച്ചത്തിന്റെ പേരു പറഞ്ഞ് സ്വയം തന്നെ വിളിക്കപ്പെടുന്നവനാക്കാൻ ആർക്കാണ് അവകാശമുള്ളത്?' *(സിറാജുദ്ദീൻ ഈസായി കെ ചാർ സവാലോം കെ ജവാബ്, റൂഹാനി ഖസായിൻ വാല്യം 12, പേജ് 372)*

നാലുഭാഗത്തുനിന്ന് ക്രൈസ്തവ പാതിരിമാർ ക്രിസ്തുമതം പ്രബോധനം ചെയ്തുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഇന്ത്യയിൽ ലക്ഷക്കണക്കിന് മുസ്ലിമീങ്ങൾ ക്രിസ്ത്യാനികളായി കഴിഞ്ഞിരുന്നു. മുസ്ലിം ഉലമായ്ക്കും മറ്റു നേതാക്കന്മാർക്കും ഇസ്ലാമിനു വേണ്ടി പ്രതിരോധിക്കാൻ കഴിഞ്ഞിരുന്നില്ല. നബി(സ)തിരുമേനിയുടെ സ്ഥാനത്തേയും പ്രൗഢിയേയും കുറിച്ച് അമുസ്ലിമീങ്ങൾക്ക് വായടപ്പൻ മറുപടി എന്നോണം വിവരിച്ചുകൊടുക്കാനും അവർക്ക് കഴിഞ്ഞിരുന്നില്ല. അത്തരം നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)അവരെ നേരിട്ടു. അദ്ദേഹത്തെയായിരുന്നു അല്ലാഹു ഇസ്ലാമിനേയും നബി(സ) തിരുമേനിയുടെ അന്തസ്സിനേയും ലോകത്തിന് മുമ്പിൽ അവതരിപ്പിക്കാൻ അയച്ചത്. പിന്നീട് ഇന്ത്യയുടെ ചരിത്രം സാക്ഷിയാണ്. ക്രൈസ്തവപാതിരിമാർ ഇസ്ലാമിനുമേൽ ആക്രമണം നടത്തിയപ്പോൾ അല്ലാഹുവിന്റെ ഈ ധീരയോദ്ധാവ് ഈ ജരിയുല്ലാഹ് പ്രമാണങ്ങളും തെളിവുകളുംകൊണ്ട് അതിനെ തടഞ്ഞു. തടഞ്ഞുവെന്നു മാത്രമല്ല എത്രമാത്രം അവരെ ഓടിച്ചുവെന്നാൽ അതിന്റെ പ്രകടനം അക്കാലത്തെ മുസ്ലിമീങ്ങൾ നടത്തിയിട്ടുണ്ട്. ചരിത്രത്തിൽ നമുക്കത് കിട്ടുന്നുണ്ട്. എന്നല്ല നമ്മുടെ എതിരാളികളായിരുന്ന അക്കാലത്തെ ഉലമായും ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. കുറച്ചു നാളുകൾക്ക് മുമ്പേ ഡോക്ടർ അസ്റാർ അഹ്മദ്- അദ്ദേഹം ഇപ്പോൾ വഫാത്തായിരിക്കുന്നു അക്കാലഘട്ടത്തിൽ യഥാർഥത്തിൽ ഇസ്ലാമിനുവേണ്ടി പ്രതിരോധം നടത്തിയത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യായിരുന്നുവെന്ന് സമ്മതിച്ചിരുന്നു. എന്തായാലും ഇതൊരു യാഥാർഥ്യമാണ്. എപ്രകാരം അവിടന്ന് ഇസ്ലാമിനേയും നബി(സ)തിരുമേനിയുടെ പ്രൗഢിയേയും ഉയർത്തിക്കാണിച്ചുവോ മറ്റൊരു മുസ്ലിം പണ്ഡിതനും അതിനുള്ള കഴിവ് ലഭിച്ചില്ല. ഖുൽഇൻ കുൻതും എന്ന വചനംകൊണ്ട് ഹദ്റത്ത് ഈസാ(അ)ന്റെ മരണവും ഹദ്റത്ത് മസീഹ് മൗഊദ്(അ) മനോഹരമായ നിലയിൽ അവതരിപ്പിച്ചിട്ടുണ്ട്. അറബികൾ പ്രത്യേകമായും ഹദ്റത്ത് ഈസാ(അ)യെ ഇപ്പോഴും ആകാശത്ത് ജീവിച്ചിരിക്കുന്നതായി മനസ്സിലാക്കുന്നു. വലിയ ഈടുറ്റ വീക്ഷണമാണ് അവരുടേത്. അത് ഖണ്ഡിച്ചുകൊണ്ട് അവിടന്ന് പറയുന്നു: എന്റെ പക്കൽ നബി(സ)തിരുമേനിയെ പിൻപറ്റുന്നവനാണ് മുഅ്മിൻ. ഏതെങ്കിലും സ്ഥാനത്തെത്തുന്നവനും അവൻതന്നെ. ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ് എന്ന് അല്ലാഹു സ്വയം പറഞ്ഞതുപോലെ! നീ പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നെങ്കിൽ എന്നെ പിൻപറ്റുക; അല്ലാഹു നിങ്ങളെ അവന്റെ സ്നേഹിതരാക്കുന്നതിനുവേണ്ടി. അവിടന്ന് പറയുന്നു: സ്നേഹം ആഗ്രഹിക്കുന്നത്, പ്രിയപ്പെട്ടവന്റെ പ്രവൃത്തിയോടൊപ്പം പ്രത്യേക ബന്ധമുണ്ടാകുക എന്നതാണ്. (പ്രത്യേക സ്നേഹമുണ്ടാകുക. ഒരു ബന്ധമുണ്ടാകുക).അവിടന്ന് പറയുന്നു: മരിക്കുക എന്നതും നബി(സ) തിരുമേനിയുടെ സുന്നത്താണ്. അതായത് അവിടന്ന് വഫാത്തായി, അവിടന്ന് മരിച്ചുകാണിച്ചു. അപ്പോൾപിന്നെ മരിക്കാതിരിക്കണമെന്ന് ആഗ്രഹിക്കുന്നതാരാണ്. അല്ലെങ്കിൽ ആർക്കാണ് ജീവിതം മോഹിക്കാൻ കഴിയുക? അല്ലെങ്കിൽ ആർക്കാണ് മറ്റാരെ

ങ്കിലും ജീവിച്ചിരിക്കാനുള്ളപദ്ധതി ആസൂത്രണം ചെയ്യാൻ കഴിയുക?(യഥാർഥമായ നിലയിൽ നബി(സ)തിരുമേനിയെ വിശ്വസിക്കുന്നവരുണ്ടെങ്കിൽ അവർക്ക് ജീവിച്ചിരിക്കാൻ കഴിയുകയില്ല. അവർ ആഗ്രഹിക്കുകയുമില്ല. അവർക്ക് മറ്റാരെങ്കിലും ജീവിച്ചിരിക്കുന്നുവെന്ന വീക്ഷണവും വിശ്വസിക്കാൻപറ്റുതയില്ല.) അവിടന്ന് പറയുന്നു: എങ്ങനെ അലിഞ്ഞുചേർന്ന് പിൻപറ്റണമെന്നാൽ നിങ്ങളുടെ ആത്മാവിന്റെ വികാരങ്ങളെ കൈയിലെടുക്കുകയും ആരുടെ ഉമ്മത്താണെന്ന് ചിന്തിക്കുകയും വേണമെന്നുള്ളതാണ് സ്നേഹത്തിന്റെ തേട്ടം. ഈ പരിതഃസ്ഥിതിയിൽ ഈസാ(അ) ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം വെച്ചുപുലർത്തുന്നവർക്ക് എങ്ങനെയാണ് നബി(സ)തിരുമേനിയെ സ്നേഹിക്കുന്നുവെന്നും പിൻപറ്റുന്നുവെന്നും വാദിക്കാൻ കഴിയുക? കാരണം നബി(സ)തിരുമേനിയെക്കാൾ മസീഹ് ശ്രേഷ്ഠനാണെന്ന് അംഗീകരിക്കണമെന്നും നബി(സ)മരിച്ചപോയ ആളാണെന്ന് പറയണമെന്നുമാണ് അവർ പറയുന്നത്. എന്നാൽ, നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുവെന്ന് വിശ്വസിക്കുന്നതാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്.*(മൽഫൂദാത്ത് വാള്യം 8 പേജ് 65, 1985 ലണ്ടൻ പതിപ്പ്)*

ഒരുഭാഗത്ത് നബി(സ)തിരുമേനിയെ സ്നേഹിക്കുന്നുവെന്നും ആ മഹാത്മാവിനെ പിൻപറ്റുന്നുവെന്നും വാദിക്കുന്നു. മറുഭാഗത്ത് ഈസാമസീഹ് ജീവിച്ചിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന് ശ്രേഷ്ഠത്വം നല്കിക്കൊണ്ടിരിക്കുന്നു. ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയാണ് എല്ലാ വിധത്തിലും ഇസ്ലാമിനും നബി(സ) തിരുമേനിക്കുമെതിരിലുള്ള ശക്തികളെ പ്രതിരോധിക്കുകയും അവിടത്തെ പ്രൗഢി ഉയർത്തികാണിക്കുകയും ചെയ്തത്. ഇതുതന്നെയാണ് ആ മഹാത്മാവിന്റെ വരവിന്റെ ഉദ്ദേശ്യവും. ഉലമായ്ക്ക് അതിൽ എപ്പോഴും ആക്ഷേപമാണുള്ളത്.

നബി(സ)ജീവിക്കുന്ന നബിയാണെന്നകാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ചിന്തിച്ചുനോക്കുക! ഇക്കൂട്ടർ ഖുർആനിനും സുന്നത്തിനുമെതിരു പറയുമ്പോൾ ഹദ്റത്ത് ഈസാ(അ) ജീവനോടെ ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന് പാതിരിമാർക്ക് വിമർശിക്കാനുള്ള അവസരം കിട്ടുന്നു. അവർ അതുകേട്ട് ചാടിയെഴുന്നേല്ക്കുകയും നിങ്ങളുടെ പ്രവാചകൻ മരിച്ചുപോയെന്നും മആദല്ലാഹ്. അയാൾ ഭൂമിയിൽ ഖബ്റടക്കപ്പെട്ടിരിക്കുന്നുവെന്നും പറയുന്നു. (ഇതുതന്നെയാണ് ചാനലുകളിൽ നടക്കുന്ന ചർച്ച. ഇതിൽ അറേബ്യൻ ലോകത്ത് വലിയ അസ്വസ്ഥതകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അവസാനം നമ്മുടെ തെളിവുകൾ കേൾക്കുമ്പോൾ, 'ഹിവാറി'ലെ പരിപാടികൾ കേൾക്കുമ്പോൾ, മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ചാനലിൽ അറബിപ്പരിപാടികൾ കേൾക്കുമ്പോൾ വളരെയധികം ആളുകൾ അത് ഇഷ്ടപ്പെടുകയും ആ തെളിവുകൾ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. പക്ഷേ, ഉലമാ എന്നിട്ടും അംഗീകരിക്കുന്നില്ല). അവിടന്ന് പറയുന്നു: ഹദ്റത്ത് ഈസാ ജീവിച്ചിരിക്കുന്ന ആളും ആകാശത്തിരിക്കുന്നയാളുമാണ്. അതിനോടൊപ്പംതന്നെ നബി(സ)തിരുമേനിയെ നിന്ദിച്ചുകൊണ്ട് പറയുന്നു അദ്ദേഹം മരിച്ചുപോയെന്ന്. (അവർ പറയുന്ന ഈ കാര്യങ്ങൾ കേട്ടാണ് ചാടിയെഴുന്നേറ്റ് പാതിരിമാർ പറയുന്നത്, നിങ്ങളുടെ പ്രവാചകൻ മരിച്ചുപോയി അദ്ദേഹം ഭൂമിയിൽ അടക്കം ചെയ്യപ്പെട്ടു, എന്നാൽ, ഈസാ ജീവിച്ചിരിക്കുന്നു, അദ്ദേഹം ആകാശത്തുണ്ടെന്ന്. ഇതിനോടൊപ്പംതന്നെ നബി(സ)തിരുമേനിയെ നിന്ദിച്ചുകൊണ്ട് നബി(സ)മരിച്ചുപോയെന്നും പറയുന്നു. ഇതാണ് അവരുടെ പ്രചാരണം. മആദല്ലാഹ്). അവിടന്ന് പറയുന്നു: ചിന്തിച്ചുകൊണ്ട് പറയുക. ശ്രേഷ്ഠപ്രവാചകനും ഖാത്തമുൽഅമ്പിയാഉം ആയ ആളെക്കുറിച്ച് ഇത്തരം വിശ്വാസങ്ങൾവച്ചുപുലർത്തിക്കൊണ്ട് തീർച്ചയായും അദ്ദേഹത്തിന്റെ അഫ്ളലിയത്തിലും ഖാത്തമിയ്യത്തിലും ഇക്കൂട്ടർ ക്ഷതമേല്പിക്കുകയല്ലേ ചെയ്യുന്നത്. നബി(സ)തിരുമേനിയെ സ്വയം ഇവർ നിന്ദ്യതയ്ക്ക് ഇരയാക്കുന്നു. അവിടന്ന് പറയുന്നു: ഞാൻ ദൃഢമായും വിശ്വസിക്കുന്നു. പാതിരിമാരെക്കൊണ്ട് എത്രമാത്രം നിന്ദ്യത ഇക്കൂട്ടർ ഇസ്ലാമിന് വരുത്തിവച്ചുവോ (അതായത് ഹദ്റത്ത് ഈസാ(അ)ജീവിച്ചിരിക്കുന്നുവെന്നും നബി(സ)തിരുമേനി മരിച്ചുപോയെന്നും പറഞ്ഞുള്ള മുസ്ലിമീങ്ങളുടെ വീക്ഷണം) അതിന്റെ ശിക്ഷയായിട്ടാണ് ഈ നാശം അവരുടെ കൂടെ ഉണ്ടായിരിക്കുന്നത്.(മുസ്ലിമീങ്ങളുടെ അവസ്ഥ ഇക്കാരണത്താലാണ് ഉണ്ടായത്.) അവിടന്ന് പറയുന്നു: ഒരുഭാഗത്ത് വായകൊണ്ട് പറയുന്നു: പ്രവാചകന്മാരിൽ ശ്രേഷ്ഠനാണെന്ന്. (അതായത് നബി(സ) തിരുമേനി എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനാണെന്ന്) മറുഭാഗത്ത് 63 വയസ്സിനുശേഷം അവിടന്ന് വഫാത്തായെന്നും മസീഹ് ഇപ്പോഴും മരിക്കാതെ ജീവിച്ചിരിക്കുന്നുവെന്നും സമ്മതിക്കുന്നു. വാസ്തവത്തിൽ അല്ലാഹു നബി(സ)തിരുമേനിയെക്കുറിച്ച് പറഞ്ഞത് വകാന ഫള്ലുല്ലാഹി അലയ്ക്ക അളീമാ എന്നാണ്. നിന്നിൽ അല്ലാഹുവിന്റെ വളരെ വലിയ ഫള്ലാണുള്ളത്. അപ്പോൾ ഈ ദൈവനിർദ്ദേശം തെറ്റാണോ? പറയുന്നു: അല്ലാ! ഇത് തികച്ചും ശരിയാണ്. നബി(സ)മരിച്ചുപോയെന്ന് പറയുന്നവരാണ് വ്യാജർ. അങ്ങനെ പറയുന്നതിനേക്കാളുപരി നിന്ദ്യതയ്ക്ക് വേറൊരു വാക്യവുമില്ല. ഇതാണ് യാഥാർഥ്യം. നബി(സ)തിരുമേനിയിൽ മറ്റൊരു നബിമാരിലുമില്ലാത്ത ശ്രേഷ്ഠത്വമാണുള്ളത്. ഞാൻ ആ മഹാത്മാവിനെ സ്നേഹിക്കുന്നു. നബി(സ) തിരുമേനിയുടെ ജീവിതത്തെ ആരാണോ വിവരിക്കാത്തത് അവൻ എന്റെ പക്കൽ കാഫിറാണ്. അവിടന്ന് പറയുന്നു: ഏതൊരു നബിയുടെ സമുദായമാണെന്ന് പറയുന്നുവോ അവരാണ് മആദല്ലാ ആ മഹാത്മാവ് മരിച്ചയാളെന്ന് പറയുന്നത്. ഇത് എത്രമാത്രം ഖേദകരമായ കാര്യമാണ്. എന്നാൽ, ഏതൊരു നബിയുടെ സമുദായത്തിന്റെ അന്ത്യത്തെ കുറിച്ച് ളുരിബത്ത് അലയ്ഹിമുദ്ദില്ലത്തു വൽമസ്കനത്തു എന്ന് അല്ലാഹു പറയുന്നുവോ (അതായത് അവരുടെമേൽ ഹീനത്വവും ദൈന്യവും മുദ്രിതമായി–2:62) ആ നബി ജീവനുള്ളയാളാണെന്ന് ഇവർ പറയുന്നു*(മൽഫൂദാത്ത് വാള്യം 5 പേജ് 28–29 1985 ലണ്ടൻ പതിപ്പ്)*

ഈ കാര്യത്തെ വിവരിച്ചതിനുശേഷം നബി(സ)തിരുമേനിക്കുമുമ്പേ വന്നുകഴിഞ്ഞിട്ടുള്ള നബിമാർക്കാർക്കും ഇനി വരാൻ കഴിയില്ലെന്നും ഈസായ്ക്കും വരാൻ കഴിയില്ലെന്നും പറയുന്നു. അദ്ദേഹം മൂസാ നബിയുടെ ജനതയിലെ നബിയായിരുന്നു. അദ്ദേഹം വഫാത്തായിപോയി. ഹദ്റത്ത് മൂസായുടെ സമുദായത്തിൽനിന്ന് ഇനിയൊരു നബിയും വരികയില്ല. പിന്നീട് അവിടന്ന് പറയുന്നു: ഈ കൃപാവരം ഇപ്പോൾ നബി(സ) തിരുമേനി മുഖേനയും ആ മഹാത്മാവിനെ പിൻപറ്റുന്നതിലൂടെയുമാണ് മുന്നോട്ടുപോകുന്നത്. അങ്ങനെതന്നെയാണ് സംഭവിച്ചിട്ടുള്ളതും. എന്തുകൊണ്ടെന്നാൽ നബി(സ)തന്നെയാണ് ജീവിച്ചിരിക്കുന്ന നബി. ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയെ പിൻപറ്റിക്കൊണ്ട് അല്ലാഹു ഈ മഹാത്മാവിനെ മസീഹ് മൗഊദും മഹ്ദിയുമായിക്കൊണ്ട് അയച്ചു. ഇദ്ദേഹത്തിന്റെ സ്ഥാനം നബി(സ)തിരുമേനിയ്ക്ക് വിധേയനായിട്ടുള്ള നബിയുടേതാണ്. ശരീഅത്തില്ലാത്ത നബിയുടേതാണ്.

ഹദ്റത്ത മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ അല്ലാഹുവിന്റെ കൃപയൊന്നുകൊണ്ടുമാത്രം, എന്റെ ഏതെങ്കിലും പ്രാഗത്ഭ്യം കൊണ്ടല്ല ഈ നിഅ്മത്തിൽനിന്ന് പൂർണമായ ഭാഗം പ്രാപിച്ചു. അത് എനിക്കു മുമ്പേ വന്ന നബിമാർക്കും റസൂൽമാർക്കും ദൈവത്തിന്റെ വരിഷ്ഠർക്കും നല്കപ്പെട്ടതായിരുന്നു. ഞാൻ എന്റെ സയ്യിദും മൗലായും ഫഖ്റുൽ അമ്പിയായും ഖയ്റുൽ വറായുമായ മുഹമ്മദു മുസ്തഫാ(സ)ന്റെ വസിയ്യത്തു പിൻപറ്റിയില്ലായിരുന്നെങ്കിൽ ഈ അനുഗ്രഹം പ്രാപിക്കുക എന്നത് എനിക്ക് അസംഭാവ്യമാകുമായിരുന്നു. അതിനാൽ എന്തൊന്നാണോ ഞാൻ പ്രാപിച്ചത് ആ പിൻപറ്റലിലൂടെയാണ് പ്രാപിച്ചത്. ഒരു മനുഷ്യനും നബി(സ)തിരുമേനിയെ പിൻപറ്റാതെ അല്ലാഹുവിനോളം എത്താൻ സാധിക്കുകയില്ലെന്നും സമ്പൂർണമായ ഈശ്വരീയജ്ഞാനത്തിന്റെ ഓഹരി പ്രാപിക്കാൻ കഴിയുകയില്ലെന്നും എന്റെ സത്യസന്ധവും പരിപൂർണവുമായ ജ്ഞാനംകൊണ്ട് ഞാൻ അറിയുന്നു. ഞാൻ ഈ സ്ഥലത്ത് ഇതും കൂടി പറയുകയാണ്: നബി(സ) തിരുമേനിയെ സത്യസന്ധവും സമ്പൂർണവുമായനിലയിൽ പിൻപറ്റിയതിനുശേഷം എല്ലാ കാര്യങ്ങളേക്കാളും മുമ്പേ മനസ്സിലുണ്ടാകുന്ന ആ കാര്യമെന്താണ്? ഓർമിക്കുക അത് ഖൽബെസലീമാണ്(ശുദ്ധമായമനസ്സാണ്). അതായത് ഭൗതികതയോടുള്ള സ്നേഹം മനസ്സിൽനിന്ന് പുറത്തുപോകുകയും അത് അനശ്വരവും അസ്തമിക്കാത്തതുമായ ആസ്വാദനത്തിന്റെ അന്വേഷകനാവുകയും ചെയ്യുന്നു. പിന്നീട് ഇതിനുശേഷം ഒരു തെളിമയാർന്നതും സമ്പൂർണവുമായ ദൈവസ്നേഹം കാരണത്താൽ ആ ഖൽബെസലീം കരസ്ഥമാകുന്നു. (ദുൻയാവിനോടുള്ള സ്നേഹം പുറത്തുപോകുമ്പോൾ ദൈവസ്നേഹം കരസ്ഥമാകുന്നു). ഈ എല്ലാ അനുഗ്രഹങ്ങളും നബി(സ)തിരുമേനിയുടെ അനുധാവനത്തിൽനിന്ന് അനന്തരാവകാശമെന്നനിലയിലാണ് ലഭിക്കുന്നത്. അല്ലാഹു പറഞ്ഞു:ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹു (3:32)നീ പറയുക! നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നെങ്കിൽ എന്നെ പിൻപറ്റുക. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. എന്നല്ല, ഭാഗികമായിട്ടുള്ള സ്നേഹത്തിന്റെ വാദം തികച്ചും ഒരു കളവും വാചകക്കസർത്തുമാണ്. മനുഷ്യൻ സത്യസന്ധമായ നിലയിൽ ദൈവത്തെ സ്നേഹിക്കുമ്പോൾ ദൈവവും അവനെ സ്നേഹിക്കുന്നു. അപ്പോൾ ഭൂമിയിൽ

ശേഷം പേജ് 16 ൽ

# ഏകദൈവ സിദ്ധാന്തത്തെ സംബന്ധിച്ചുള്ള നബി(സ)തിരുമേനിയുടെ അധ്യാപനം

(മൗലാനാ മുനീർ അഹ്മദ് ഖാദിം, നാളിർ ഇസ്‌ലാഹ് വ ഇർശാദ് ജുനൂബിഹിന്ദ്)

വിവർത്തനം:ടി. മുഹമ്മദ് മൻസിൽ മുറിയക്കണ്ണി

തൗഹീദിന്റെ പരമമായ അവസ്ഥയിലെത്തിയിട്ടുള്ള യഥാർഥ ജ്ഞാനം ലോകത്ത് ആദ്യമായി പ്രകടമായത് നബി(സ)തിരുമേനി മുഖേനയാണ്. ലോകം ആദ്യമായി 'അഹദ്' (ഏകൻ) എന്ന വിശേഷഗുണത്തെ സംബന്ധിച്ചും പരിചയപ്പെട്ടു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഫ്സീറെ സ്വഗീറിൽ ഇഖ്ലാസ്വ് എന്ന അധ്യായത്തിന്റെ തർജമ എഴുതിക്കൊണ്ടു അതിന്റെ അടിക്കുറിപ്പിൽ പറയുന്നു: 'ഖുൽ' എന്ന പദം ഖുർആനിന്റെ അവസാനത്തെ മൂന്നു അധ്യായങ്ങളിൽ ആദ്യം വെക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഈ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക എന്നാണ് അത് സൂചിപ്പിക്കുന്നത്. അപ്പോൾ മുഹമ്മദു റസൂലുല്ലാഹ്(സ)അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുമ്പോൾ, അതിനുശേഷം മറ്റുള്ളവരും 'ഖുൽ' എന്ന പദം വായിക്കുന്നതായിരിക്കും. അതുകൊണ്ട് ഈ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക എന്നത് അവരുടേയും നിർബന്ധ കടമയായിരിക്കും. അതിനാൽ 'ഖുൽ' എന്നപദം പറഞ്ഞുകൊണ്ട്, നിങ്ങൾ നമ്മുടെ ഈ അധ്യാപനത്തെ നിങ്ങളിൽമാത്രം ഒതുക്കിനിറുത്താതെ അത് മറ്റുള്ളവരിലേക്കും എത്തിക്കുക എന്ന കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കൂടാതെ നിങ്ങളിൽനിന്ന് ആരാണോ അത് കേൾക്കുന്നത് അവർ മറ്റുള്ളവരിലേക്കും എത്തിക്കേണ്ടതാണ്. അങ്ങനെ ദൈവസന്ദേശം മുഴുലോകംവരേയും എത്തപ്പെടണം. അതുകൊണ്ടാണ് നാം അതിന് '(നാം എക്കാലത്തേയും മുസ്‌ലിമീങ്ങളോടും കല്പിക്കുന്നു)നീ(മറ്റുള്ളവരോടു)പറഞ്ഞുകൊണ്ടേ പോകുക' എന്ന് തർജമ ചെയ്തിട്ടുള്ളത്."

ഏകവചനത്തിന് അറബിഭാഷയിൽ രണ്ടു പദങ്ങളാണ് ഉപയോഗിക്കുന്നത്; 'വാഹിദും അഹദും.' 'വാഹിദ്' എന്നതിന്റെ അർഥം ഒന്ന്. പക്ഷേ, അതു പറയുമ്പോൾ രണ്ടാമത്തതിലേക്ക് ശ്രദ്ധതിരിയുന്നു. പറയുന്നയാൾ മനസ്സിലാക്കുന്നത് ഒന്നിനുശേഷം രണ്ട് ഉണ്ടെന്നാണ്. രണ്ടിനുശേഷം മൂന്ന് ഉണ്ട്. മൂന്നിനുശേഷം നാലുണ്ട്. ഈ പദം 'ഒന്ന്' എന്നത് സ്ഥാപിക്കുന്നുണ്ടെങ്കിലും തുടർന്നുള്ള എണ്ണത്തിന്റെ സാധ്യതയെ നിഷേധിക്കുന്നില്ല. അതിന്നെതിരിൽ 'അഹദ്' എന്നതിന്റെ അർഥം 'ഏകൻ' എന്നാണ്. ഏകത്തിനുശേഷം ആരും 'ദോകൻ' എന്നു പറയുകയില്ല. അതുകൊണ്ട് ഈ പദത്തിന്റെ അർഥം ആ അസ്തിത്വത്തിനോടൊപ്പം മറ്റൊരു അസ്തിത്വം ഉണ്ടാകാമെന്നുള്ള സാധ്യതതന്നെയില്ലെന്നാണ്. ഈ അധ്യായത്തിൽ അല്ലാഹുവിനെ 'അഹദ്' എന്ന് പറയപ്പെട്ടിരിക്കുന്നു. അതായത് അവന്റെ പരിപൂർണമായ 'തൗഹീദ്' സ്മരിക്കപ്പെടുകയും അല്ലാഹു തന്റെ അസ്തിത്വത്തിൽ ഏകനാണെന്ന് പറയപ്പെടുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ വരുമ്പോൾ മറ്റൊരു അസ്തിത്വമുണ്ടെന്ന് ചിന്തിക്കാനെ സാധിക്കുകയില്ല. അതിനാൽ ഈ അധ്യായത്തിൽ ഈ പദം ഉപയോഗിച്ചുകൊണ്ട് അല്ലാഹു തന്റെ പരിപൂർണമായ തൗഹീദ്(ഏകത്വം) വിളംബരം ചെയ്തിരിക്കുന്നു. ഇവിടെ അറബി പദം 'സ്വമദ്' എന്നതാണ്. 'സ്വമദ്' എന്നതിന്റെ അർഥം 'സർവാധിനാഥൻ' എന്നാണ്. അതായത് സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്. അവന്റെ സഹായമില്ലാതെ നിലനില്ക്കാൻ സാധിക്കുന്ന ഒരു അസ്തിത്വവും ഇല്ലതന്നെ. അതുകൊണ്ടുതന്നെ ഈ പദവും പരിപൂർണ തൗഹീദ് പ്രകടിപ്പിക്കുന്നു. നിലവിലുള്ള സകലവസ്തുക്കൾക്കും അവന്റെ സഹായമില്ലാതെ കഴിയാൻ സാധ്യമല്ലെന്നും അവന് നിലവിലുള്ള ഒരു വസ്തുവിന്റേയും ആവശ്യമില്ലെന്നും പറഞ്ഞിരിക്കുന്നു. 'സ്വമദ്'എന്നതിന്റെ അർഥം 'എന്നെന്നും നിലനില്ക്കുന്നവൻ' എന്നും 'പരമമായ മഹത്ത്വമുള്ളവൻ' എന്നുമുണ്ട്. ഈ രണ്ടു അർഥങ്ങളും പരിപൂർണമായ തൗഹീദ് അഥവാ ഏകത്വം ഉൾക്കൊള്ളുന്നവയാണ്. നിലവിലുള്ളവയിൽ എന്നെന്നും നിലനില്ക്കുന്നതിനോടു കിടപിടിക്കാൻ ഒന്നിനും സാധ്യമല്ല. ഔന്നത്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനോടൊപ്പമെത്താൻ മറ്റൊരു വസ്തുവിനും സധിക്കുകയില്ല. ഇതിന്റെ അർഥവും അവൻ ഏകനാകുന്നു എന്നതാണ്.

ഈ വചനവും പരിപൂർണമായ തൗഹീദ് സ്ഥാപിക്കുന്നു. എന്തുകൊണ്ടെന്നാൽ ആരാണോ മറ്റൊന്നിനെ ജനിപ്പിക്കാത്തത് അവൻ ഒന്നുകിൽ സന്താനം ഉണ്ടാകാത്തവനായിരിക്കും അല്ലെങ്കിൽ മാറ്റങ്ങൾ ഉണ്ടാകാത്ത വസ്തുക്കളിൽ പെട്ടതായിരിക്കും; പർവ്വതങ്ങൾ, നദികൾ തുടങ്ങിയവ പോലെ. എന്നാൽ, ദൈവത്തെ സംബന്ധിച്ച് പറയപ്പെട്ടിരിക്കുന്നത് അവൻ 'റഫീഅ്' ആണെന്നാണ്. അതായത് തന്റെ മഹിമാവിലാസത്തിൽ അത്യുന്നതൻ. അതുകൊണ്ട് പർവ്വതങ്ങൾക്കും നദികൾക്കും അവനുമായി ഒരു ചേർച്ചയും ഉണ്ടാകാവതല്ല. 'അവൻ ജനിപ്പിക്കപ്പെട്ടതുമല്ല' എന്ന വാക്യങ്ങളും പരിപൂർണതയിലധിഷ്ഠിതമാണ്. എന്തുകൊണ്ടെന്നാൽ അല്ലഹുവിനെ കൂടാതെ ആരാലും ജനിപ്പിക്കപ്പെടാത്ത, അത് ആരാധ്യരെന്ന് പറയപ്പെടുന്നവരായാലും അല്ലെങ്കിൽ പറയപ്പെടാത്തവരായാലും ലോകത്തു കാണുകയില്ല. ആദ്യം പറഞ്ഞത് വ്യക്തിപരമായ(ദാത്തീ) തൗഹീദിനെക്കുറിച്ചാണ്. ഇപ്പോൾ വിശേഷണപരമായ(സ്വിഫാത്തീ)തൗഹീദിനെക്കുറിച്ചാണ് വിവരിച്ചത്. വിശേഷഗുണങ്ങളിൽ പങ്കാളിയാകുക എന്നതിന്റെ അർഥം അവൻ സദൃശമായി ഒരു ചലനവും മനുഷ്യനിൽനിന്നുണ്ടാകുകയില്ലെന്ന് അല്ലെന്ന കാര്യം ഓർമിക്കേണ്ടതാണ്. മനുഷ്യനും 'ബസ്വീറും സമീഉ'മാണ്. കാണുന്നവനും കേൾക്കുന്നവനും! അല്ലാഹുവും 'ബസ്വീറും സമീഉ്'മാണ്. അതിനാൽ ബാഹ്യമായി നോക്കുമ്പോൾ ഇതിലൊരു പങ്കുചേരൽ കാണുന്നുണ്ട്. അല്ലാഹു ബസ്വീറാണ്. എന്നാൽ, കണ്ണുകൊണ്ടല്ല കാണുന്നത്. അല്ലാഹു സമീഉ്ആണ്. എന്നാൽ, ചെവികൊണ്ടല്ല കേൾക്കുന്നത്. അവൻ തന്റെ സത്തയിൽ സാമഗ്രികളൊന്നുമില്ലാതെ കാണുന്നവനാണ്. സാമഗ്രികളൊന്നുമില്ലാതെ കേൾക്കുന്നവനാണ്. അതിനാൽ മനുഷ്യൻ കാണുന്നവനും കേൾക്കുന്നവനുമാണെങ്കിൽതന്നെയും അല്ലാഹുവിന്റെ സവിശേഷ ഗുണത്തിൽ പങ്കാളിയാകുകയില്ല.

കൂടാതെ നബി(സ)തിരുമേനിക്കുമുമ്പേ തൗഹീദിന്റെ സങ്കല്പം കാലത്തിന്റേയും സ്ഥാനത്തിന്റേയും പരിധിക്കുള്ളിലായിരുന്നു. എന്നാൽ, നബി(സ)തിരുമേനിക്കിറങ്ങിയ ദൈവവചനങ്ങളിൽ അല്ലാഹുവിനെ റബ്ബുൽആലമീൻ സർവലോകങ്ങളുടേയും പരിപാലകനെന്ന് പറയുകയും അതനുസരിച്ച് അവന്റെ മുഴുവൻ വിശേഷഗുണങ്ങളേയും സ്ഥലകാലപരിമിതിക്കുള്ളിൽനിന്ന് ഉന്നതമാക്കുകയും ചെയ്തിരിക്കുന്നു.

തൗഹീദിന്റെ യാഥാർഥ്യവും നബി(സ)തിരുമേനി സമർപ്പിച്ച തൗഹീദിന്റെ മഹിമാവിലാസത്തിന്റെ മഹത്ത്വവും സ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'ഓർക്കുക! അല്ലാഹു നമ്മളെക്കൊണ്ട് സമ്മതിപ്പിക്കാഗ്രഹിക്കുന്ന യഥാർഥ തൗഹീദ് - അതിന്റെ സമ്മതവുമായിട്ടാണ് മോക്ഷം ബന്ധപ്പെട്ടിരിക്കുന്നത് - ഇതാണ്;അല്ലാഹുവിനെ അവന്റെ സത്തയിൽ എല്ലാ ഓരോ ശിർക്കിൽനിന്നും, അത് ബിംബമാകട്ടെ മനുഷ്യനാകട്ടെ സൂര്യനാവട്ടെ ചന്ദ്രനാവട്ടെ അല്ലെങ്കിൽ സ്വന്തം ആത്മാവാകട്ടെ അല്ലെങ്കിൽ നമ്മുടെ ഉപായങ്ങളാവട്ടെ അല്ലെങ്കിൽ കുടില തന്ത്രങ്ങളാവട്ടെ തുടങ്ങിയവയെ എല്ലാം അന്യൂനമായി മനസ്സിലാക്കുകയും അതിനെതിരിൽ സർവശക്തനായി ആരുമില്ലെന്നും ഉപജീവനം നല്കുന്നവനാരുമില്ലെന്നും ഇവരെക്കൂടാതെ ആദരം നല്കുന്നവനും നിന്ദിക്കുന്നവനും ആരുമില്ലെന്നും ഒരുസഹായിയും പിന്തുണയ്ക്കുന്നവനുമില്ലെന്നും രണ്ടാമത്തേത് സ്വന്തം സ്നേഹം ഇവരുമായി പ്രത്യേകപ്പെടുത്തുകയും സ്വന്തം ആരാധന ഇവർക്കായി പ്രിയപ്പെട്ടതാക്കുകയും സ്വന്തം അധഃപതനം ഇവരുമായി സ്വകീയമാക്കുകയും സ്വന്തം പ്രതീക്ഷകൾ ഇവരുമായി പ്രത്യേകപ്പെടുത്തുകയും സ്വന്തം ഭയം ഇവരുമായി ബന്ധിതമാക്കുകയുമൊക്കെ ചെയ്യുന്നതിൽനിന്ന് വിട്ടുനില്ക്കുക. അതുകൊണ്ട് ഒരു തൗഹീദും ഈ മൂന്നുവിധത്തിലുള്ള പ്രത്യേകത കൂടാതെ സമ്പൂർണമാകുകയില്ല. ഒന്ന്, സത്തയുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത് അവന്റെ വുജൂദിന്നെതിരിൽ നിലവിലുള്ള എല്ലാത്തിനേയും ഇല്ലെന്നതുപോലെ മനസ്സിലാക്കുക. എല്ലാം നശിക്കുന്നതും അയഥാർഥവുമാണെന്ന് വിചാരിക്കുക. രണ്ട്, സ്വിഫാത്തിന്റെ അടിസ്ഥനത്തിലുള്ള തൗഹീദ്. അതായത് റുബൂബിയ്യത്തിന്റേയും(പരിപാലനം) ഉലൂഹിയ്യത്തിന്റേയും(ദൈവത്വം) സ്വിഫത്തുകൾ അല്ലാഹുവിലല്ലാതെ മറ്റൊന്നിലും ഇല്ലെന്ന് നിശ്ചയിക്കുക. ബാഹ്യമായി 'റബ്ബുൽഅൻവാഅ്'(വിവിധ തരങ്ങളുടെ റബ്ബ്) അല്ലെങ്കിൽ 'ഫയ്ള് രസാനായി'(ഉപകാരം ചെയ്യുന്നതായി) കാണുന്നത് അവന്റെ കൈയുടെ ഒരു വ്യവസ്ഥിതിയാണെന്ന് ദൃഢമായും വിശ്വസിക്കുക. മൂന്നാമത്തേത് സ്വന്തം സ്നേഹത്തിന്റേയും സത്യസന്ധതയുടേയും നിർമലതയുടേയും അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത് സ്നേഹം തുടങ്ങിയുള്ള മറ്റു കാര്യങ്ങളെ ദാസത്വത്തിന്റെ രീതിയിൽ അല്ലാഹുവിന് പങ്കാളിയായി മനസ്സിലാക്കാതിരിക്കുകയും അതിൽ ലയിക്കാതിരിക്കുകയും ചെയ്യുക.'(സിറാജുദ്ദീൻ ഈസായി കെ ചാർ സവാലോം ക ജവാബ്, റൂഹാനീ ഖസാഇൻ വാള്യം 12, പേജ് 349)

ഇപ്രകാരംതന്നെ പറഞ്ഞു: യഥാർഥമായ തൗഹീദ് നാം ഈ പ്രവാചകൻ മുഖേന പ്രാപിക്കുകയും ജീവനുള്ള ദൈവത്തെക്കുറിച്ചുള്ള തിരിച്ചറിവ് ഈ സമ്പൂർണ പ്രവാചകൻ മുഖേനയും അദ്ദേഹത്തിന്റെ പ്രകാശംകൊണ്ടും നമുക്കു ലഭിക്കുകയും

ദൈവഭാഷണത്തിന്റേയും സംബോധനകളുടേയും സൗഭാഗ്യവും- ഇതുമുഖേന നാം അവന്റെ മുഖം കാണുന്നു- ആ മഹാനായ നബി മുഖേന നമുക്ക് ലഭ്യമായെന്നും ആ സന്മാർഗ സൂര്യന്റെ പ്രഭ വെയിലുപോലെ നമ്മളിൽ പതിയുന്നുവെന്നും ആ മഹാത്മാവിന് അഭിമുഖമായി നില്ക്കുവോളം നമുക്ക് പ്രദീപ്തമായിരിക്കാൻ കഴിയുമെന്നുമുള്ള കാര്യം സമ്മതിക്കാത്തിടത്തോളം നാം നന്ദിയില്ലാത്തവനായിരിക്കും.'*(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 119)*

'നമ്മുടെ നബി(സ)തിരുമേനി സത്യം പ്രകടിപ്പിക്കുന്നതിനുള്ള ഒരു മുജദ്ദിദെ അഅ്‌ളമായിരുന്നു;മഹാനായ പരിഷ്കർത്താവ്. അദ്ദേഹം നഷ്ടപ്പെട്ടുപോയ സത്യത്തെ വീണ്ടും ലോകത്ത് കൊണ്ടുവന്നു. ഈ അഭിമാനത്തിൽ നമ്മുടെ നബി(സ)ന് പങ്കാളിയായി ഒരു നബിയുമില്ല. അവിടന്ന് മുഴുലോകത്തേയും കൂരിരുട്ടിൽ കണ്ടു. പന്നീട് അവിടത്തെ പ്രത്യക്ഷപ്പെടലോടെ മുഴുവൻ കൂരിരുട്ടും വെളിച്ചത്തിലേക്ക് മാറി. ഏതൊരു ജനതയിലാണോ അവിടന്ന് പ്രത്യക്ഷപ്പെട്ടത് ആ ജനതമുഴവനും ബഹുദൈവാരാധനയുടെ വസ്ത്രം ഊരിവെക്കുന്നതുവരെ അവിടന്ന് വഫാത്തായില്ല.(ലക്ച്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 206)

**'മുറബ്ബിയെഅഅ്‌ള്വം(സ)'**

'സകല നബിമാരെക്കാളും ശ്രേഷ്ഠനായ നബി, 'ലോകത്തിന്റെ മഹാനായ മുറബ്ബി'യായ നബിയാണെന്നതാണ് യാഥാർഥ്യം; അതായത് ഏതൊരാളുടെ കൈയാലാണോ ലോകത്തിലെ ഏറ്റവും വലിയ കുഴപ്പത്തിന് സംസ്കരണമുണ്ടാകുകയും ആരാണോ നഷ്ടപ്പെട്ടതും അപ്രത്യക്ഷവുമായ തൗഹീദിനെ വീണ്ടും ഭൂമിയിൽ സ്ഥാപിക്കുകയും ചെയ്തത് അദ്ദേഹം."*(ബറാഹീനെ അഹ്‌മദിയ്യ ഭാഗം 2, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 97, അടിക്കുറിപ്പ് നമ്പർ 6)*

നബി(സ) തിരുമേനിയുടെ മുഴുവൻ ജീവിതവും അല്ലാഹുവിന്റെ തൗഹീദിന്റേയും അവന്റെ ദാസത്വത്തിന്റേയും സംസ്ഥാപനത്തിനാണ് കഴിഞ്ഞത്. അവിടന്ന് തന്റെ സ്രഷ്ടാവിനോടു എത്രമാത്രം സ്നേഹം പുലർത്തിയിരുന്നുവെന്നാൽ അതിനുദാഹരണം ലോകത്തെവിടേയും ലഭിക്കുകയില്ല. അതിനു സാക്ഷ്യമായി അല്ലാഹു പറയുന്നു: **വ വജദക്ക ളാല്ലൻ ഫഹദാ** (അള്ളുഹാ:8) അല്ലാഹു നിന്നെ തന്നോടുള്ള സ്നേഹത്തിൽ മഹോത്സകനായി കണ്ടു. എന്നിട്ട് വഴി കാണിച്ചു. അങ്ങേയറ്റം ദൈവാരാധനയുടേയും ദൈവസ്നേഹത്തിന്റേയും ഫലമായിത്തന്നെ അവിടത്തെമേൽ ഹിറാഗുഹയിൽ ദൈവവെളിപ്പാടിന്റെ ഇറക്കമുണ്ടായി. ആ മഹാത്മാവിനുണ്ടായ ആദ്യത്തെ വെളിപാടിൽത്തന്നെ അടിസ്ഥാനപരമായ നിലയിൽ തൗഹീദിന്റെ സന്ദേശം നല്കപ്പെട്ടു. പറഞ്ഞു: ഇഖ്‌റഅ് ബിസ്മിക്കല്ലദീ ഖലഖ്(അൽഅലഖ്:2)നിന്റെ സ്രഷ്ടാവിന്റെ നാമത്തിൽ വായിക്കുക! അങ്ങനെ ജീവിതം മുഴുവനും ഇത് വായിക്കുകയും വായിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പിന്നീട് എപ്പോഴും തന്റെ സ്രഷ്ടാവിൽ അനുരക്തനായിക്കൊണ്ടിരുന്നു. അങ്ങനെ ശത്രുക്കൾക്കുപോലും അശിഖ മുഹമ്മദിൻ റബ്ബഹു എന്ന് സമ്മതിക്കേണ്ടിവന്നു; മുഹമ്മദ് തന്റെ റബ്ബിൽ അനുരക്തനായിപ്പോയി! അവിടന്ന് പൊതുവെ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ഹുബ്ബക്ക ഹുബ്ബ മൻ യുഹിബ്ബുക്ക വൽഅമലല്ലദീ യുബല്ലിഗുനീ ഹുബ്ബക്ക അല്ലാഹുവേ! ഞാൻ നിന്നോടു നിന്റെ സ്നേഹവും നിന്നെ സ്നേഹിക്കുന്നവരുടെ സ്നേഹവും ആവശ്യപ്പെടുന്നു. നിന്റെ മിത്രത്തോളമെത്തിക്കുന്ന കർമം ചെയ്യാനുള്ള തൗഫീഖും ചോദിക്കുന്നു.

ഇസ്‌ലാമികാധ്യാപനത്തിന്റെ ഒന്നാമത്തെ അടിസ്ഥാനതത്ത്വംതന്നെ തൗഹീദാണ്. **ലാഇലാഹ ഇല്ലല്ലാഹ്** എന്ന കലിമയിലാണ് അതിന്റെ അടിത്തറ. നബി (സ) തിരുമേനിക്ക് ഈ കലിമത്തുത്തൗഹീദിനോട് എത്രമാത്രം ഇഷ്ടമായിരുന്നുവെന്നാൽ അവിടന്ന് പറഞ്ഞു: ഏതൊരാൾ സത്യഹൃദയത്തോടെ ഈ കലിമ ചൊല്ലുന്നുവോ അവന് അല്ലാഹുവിന്റെ സന്തോഷം ലഭിക്കുന്നതിനും അവന്റെ സ്വർഗകവാടങ്ങൾ തുറക്കുന്നതിനും അത് നിമിത്തമായിത്തീരുന്നു. ഇപ്രകാരംതന്നെ ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു: **അഫ്‌ളലുദ്ദീക്‌രി ലാ ഇലാഹ ഇല്ലല്ലാഹ്** അതായത് ഏറ്റവും ശ്രേഷ്ഠമായ ദിക്ർ തൗഹീദിന്റെ കലിമ ജപിച്ചുകൊണ്ടിരിക്കുന്നതാണ്. എന്തെങ്കിലും മുസ്വീബത്ത് വന്നുപെട്ടാലും അവിടന്ന് ഈ വാക്കുകളിൽ തൗഹീദിന്റെ കലിമ ഉറക്കെ പറയുമായിരുന്നു; **ലാ ഇലാഹ ഇല്ലാഹുൽഅളീമുൽഹലീം** അല്ലാഹുവിനെക്കൂടാതെ ഒരു ആരാധ്യനുമില്ല; മഹത്ത്വമുടയവനും ക്ഷമയുള്ളവനും. ഈ തൗഹീദിന്റെ കലിമയ്ക്കു വേണ്ടി അവിടന്ന് എല്ലാ തരത്തിലുള്ള ദുഃഖങ്ങളും പ്രയാസങ്ങളും സഹിച്ചു. കലിമത്തുത്തൗഹീദിനു വേണ്ടി ജീവൻ ബലിയർപ്പിക്കുകയും അതിനായ് കരിമ്പാറപോലെ ഉറച്ചു നിലകൊള്ളുകയും അനുയായിവൃന്ദത്തിന്റെ ഒരു സമൂഹത്തെതന്നെ വാർത്തെടുക്കുകയും ചെയ്തു. ദിവസവും ചുരുങ്ങിയത് നൂറുപ്രാവശ്യമെങ്കിലും 'കലിമത്തൗഹീദ്' ചൊല്ലാൻ അവിടന്ന് തന്റെ ഉമ്മത്തിന് ശിക്ഷണം നല്കി, അതിലെ വാക്കുകൾ ഇപ്രകാരമാണ്: **ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക്കലഹൂ ലഹുൽമുൽക് വലഹുൽ ഹംദ് വഹു അലാകുല്ലി ശയ്ഇൻ ഖദീർ** മുഴുലോകത്തുമുള്ള മനുഷ്യർ ഒരു മാലയിൽ കോർത്തതുപോലെ പരസ്പര സഹോദരങ്ങളാകുകയും സകല സൃഷ്ടിയും അല്ലാഹുവിന്റെ കുടുംബമായിക്കൊണ്ട് ഐക്യത്തിന്റേയും യോജിപ്പിന്റേയും നൂലിൽ കോർത്തിണക്കിയപോലെ മാത്രമല്ല പ്രത്യുത സകലത്തിന്റേയും കേന്ദ്രബിന്ദുവും അച്ചുതണ്ടും ഒന്നായിത്തീരുന്നവെന്നതാണ് 'ഇസ്‌ലാമികവഹ്ദാനിയ്യത്തി'ന്റെ പ്രമാണങ്ങളുടെ മഹത്തായ തത്ത്വം. 'കലിമത്തൗഹീദി'ലൂടെ മുഴുലോകത്തേയും ഒരൊറ്റ ഫ്ളാറ്റുഫോമിൽ ഒന്നിപ്പിക്കാൻ സാധിക്കുന്നതാണ്. മറുഭാഗത്ത് അനേക ദൈവങ്ങളെ അംഗീകരിക്കുന്നവർക്ക് ഒരിക്കലും ഒന്നിക്കാൻ സാധിക്കുകയില്ല. ഇക്കാരണത്താലാണ് 'കലിമത്തുത്തൗഹീദി'നുവേണ്ടി നബി(സ)തിരുമേനിയും അവിടത്തെ സഹാക്കളും ജീവനും ധനവും സന്താനങ്ങളും നാടും എല്ലാ തരത്തിലുംത്യാഗം ചെയ്യുകയും തങ്ങളെക്കാളും എത്രയോ ഇരട്ടി ശത്രുക്കളോടു ശക്തമായിപോരാടി ശഹാദത്തിന്റെ സർബ്ബത്ത് പാനം ചെയ്യുകയും ചെയ്തത്.

നബി(സ)തിരുമേനിക്ക് 'കലിമത്തുത്തൗഹീദ്'നോടു എത്രമാത്രം പ്രിയമായിരുന്നുവെന്നാൽ വർഗശത്രു പോലും കലിമ ചൊല്ലിയാൽ അവിടന്ന് മാപ്പുകൊടുത്തതായി വിളംബരം ചെയ്യുമായിരുന്നു. ഏതെങ്കിലും സ്വാഹാബി കലിമ ചൊല്ലിയ ആരെയെങ്കിലും വധിച്ചാൽ അവിടന്ന് ശക്തമായി വെറുപ്പ് പ്രകടിപ്പിക്കുമായിരുന്നു. ഹദ്‌റത്ത് ഉസാമ ബിൻ സയ്ദ്(റ) ഒരു യുദ്ധാവസരത്തിൽ കലിമ ചൊല്ലിയ ശത്രുവിനെ വധിച്ചു. നബി(സ)തിരുമേനിയോടു ഈ സംഭവം പറഞ്ഞപ്പോൾ ഉസാമയോടു കഠിനമായ വെറുപ്പാണ് നബി(സ)തിരുമേനി പ്രകടിപ്പിച്ചത്. ഉസാമ പറഞ്ഞു: യാ റസൂലല്ലാഹ്! അയാൾ വാളു കണ്ട് ഭയന്നിട്ടാണ് കലിമ ചൊല്ലിയത്. അപ്പോൾ അവിടന്ന് ചോദിച്ചു: 'അയാൾ വാളു കണ്ട് ഭയന്നിട്ടാണ് കലിമ ചൊല്ലിയതെന്ന് അറിയാൻ താങ്കൾ അയാളുടെ ഹൃദയം പിളർന്ന് നോക്കിയിരുന്നുവോ?'

'കലിമത്തുത്തൗഹീദി'നോടു നബി(സ)തിരുമേനിക്ക് എത്രമാത്രം ആത്മാഭിമാനമായിരുന്നുവെന്നാൽ ഉഹുദു യുദ്ധാവസരത്തിൽ മുസ്‌ലിമീങ്ങൾക്ക് താൽക്കാലിക പരാജയം സംഭവിക്കുകയും നബി(സ)തിരുമേനിയും മുസ്‌ലിമീങ്ങളും ഒരു മലയുടെ അടിവാരത്ത് അങ്ങേയറ്റം നിശബ്ദരായി അഭയം തേടുകയും ചെയ്തപ്പോൾ തങ്ങൾ മുസ്‌ലിമീങ്ങളുടെ വലിയ വലിയ നേതാക്കന്മാരെയെല്ലാം കൊന്നൊടുക്കിയെന്ന് കരുതി ഉറക്കെ അവർ വിളിച്ചു ചോദിച്ചു: 'നിങ്ങളിൽ മുഹമ്മദ് ജീവിച്ചിരിപ്പുണ്ടോ' എന്ന്! അതു കേട്ടപ്പോൾ നിശബ്ദരായിരിക്കാൻ നബി(സ)തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു. പിന്നീട് ഉറക്കെ അവർ വിളിച്ചു ചോദിച്ചു: 'നിങ്ങളിൽ അബൂബക്ർ ജീവിച്ചിരിപ്പുണ്ടോ?' നിശബ്ദരായിരിക്കാൻ നബി(സ)തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു. നിങ്ങളിൽ ഉമർ ജീവിച്ചിരിപ്പുണ്ടോ?ഉറക്കെ അവർ വിളിച്ചു ചോദിച്ചു: നിശബ്ദരായിരിക്കാൻ നബി(സ)തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു. അങ്ങനെ മുസ്‌ലിമീങ്ങൾ മറുപടി ഒന്നും കൊടുക്കാതിരുന്നപ്പോൾ എല്ലാവരും മരിച്ചുപോയെന്ന് അവർ കരുതി. അവർ ഉറക്കെ വിളിച്ചു: ഉഅ്‌ലുഹുബൽ ഞങ്ങളുടെ ഉഅ്‌ൽ ബിംബം വിജയിച്ചിരിക്കുന്നു. ശിർക്ക് ഭരിതമായ ഈ മുദ്രാവാക്യം കേട്ടപാടെ നബി(സ)തിരുമേനിയിലെ തൗഹീദിന്റെ ആവേശം ജ്വലിച്ചുണർന്നു. ശിർക്കിന്റെ ജയ് വിളി നബി(സ)തിരുമേനി സഹിച്ചില്ല. അവിടന്ന് ചോദിച്ചു: നിങ്ങളെന്തുകൊണ്ട് മറുപടി നല്കുന്നില്ല?' അല്ലാഹുവിന്റെ ദൂതരേ! എന്താണ് തങ്ങൾ പറയേണ്ടതെന്ന് അവർ ചോദിച്ചു. അവിടന്ന് പറഞ്ഞു: 'അല്ലാഹു അഅ്‌ലാ വ അജൽ എന്നു വിളിച്ചു പറയുക; അല്ലാഹുവിന്റെ മഹിമാവിലാസം അത്യുന്നതമാണ്.'

ബദ്ർ യുദ്ധാവസരത്തിൽ ഒരു ബിംബാരാധകൻ പറഞ്ഞു:താങ്കൾ എനിക്ക് യുദ്ധമുതലിൽനിന്ന് കുറച്ചു ഭാഗം തന്നാൽ ഞാൻ താങ്കളോടൊപ്പം വരുന്നതാണ്. അവിടന്ന് പറഞ്ഞു: താങ്കൾ മുസ്‌ലിമാകാൻ തയ്യാറുണ്ടോ? അയാൾ പറഞ്ഞു: മുസ്‌ലിമാകാൻ തയ്യാറല്ല. അപ്പോൾ അവിടന്ന് പറഞ്ഞു: അമുസ്‌ലിമിൽനിന്ന് സഹായം വാങ്ങാൻ ഞങ്ങൾക്ക് സാധ്യമല്ല. തൗഹീദിന്റെ മഹത്ത്വം പ്രകടിപ്പിക്കുന്നതിന്റേയും തൗഹീദിന്റെ മുദ്രാവാക്യം മുഴക്കുന്നതിന്റേയും ദൃശ്യങ്ങൾ ലോകം മക്കാ വിജയാവസരത്തിലും കണ്ടു. ഈ വിജയത്തിന്റെ സന്തോഷത്തിൽ അല്ലാഹുവിന്റെ വലുപ്പവും മഹിമാവിലാസവും പ്രകടിപ്പിക്കുന്നതിൽ അവിടത്തെ ശിരസ്സ് ഒട്ടകത്തിന്റെ ജീനിവരെ കുനിഞ്ഞുപോകുകയുണ്ടായി. മറുഭാഗത്ത് അവിടന്ന് **ജാഅൽഹഖ്ഖു വ സഹഖൽ ബാത്വിലു ഇന്നൽ ബാത്വില കാന സഹൂഖാ** എന്നുള്ള മുദ്രാവാക്യങ്ങൾ മുഴക്കി.

തൗഹീദിന്റെ ഇതേ സ്നേഹം അവിടന്ന് സ്വഹാബാക്കളിലും ഉണ്ടാക്കിയിരുന്നു. മസ്ജിദ് ഖുബായിൽ നമസ്കരിപ്പിക്കാറുണ്ടായിരുന്ന ഒരു അൻസ്വാരി സ്വഹാബിയെ സംബന്ധിച്ച് പറയുന്നു. ഉറക്കെ ഓതാറുള്ള എല്ലാ നമസ്കാരത്തിലും അദ്ദേഹം സൂറ ഇഖ്‌ലാസ് അതായത് ഖുൽ ഹുവല്ലാഹു അഹദ് മാത്രമെ ഓതാറുണ്ടായിരുന്നുള്ളു. ഈ വിവരം സ്വഹബത്ത് നബി(സ)തിരുമേനിയോടു പറഞ്ഞു. അപ്പോൾ ആ സ്വഹാബി പറഞ്ഞു: യാ റസൂലല്ലാഹ്!

ശേഷം പേജ് 16 ൽ

# നബി(സ)തിരുമേനിയുടെ മാപ്പും വിട്ടുവീഴ്ചയും

മൻസൂർ അഹ്മദ് മസ്‌റൂർ
(എഡിറ്റർ ബദ്ർ ഉർദു ഖാദിയാൻ)

വിവർത്തനം: മുഹമ്മദ് ആരിഫ്

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجٰهِلِيْنَ ۝

(اعراف:200)

അർഥം: (അല്ലയോ പ്രവാചകരേ, എപ്പോഴും) വിട്ടുവീഴ്ചയോടെ പ്രവർത്തിക്കുക. മനുഷ്യപ്രകൃതത്തിന് അനുയോജ്യമായ കല്പനകൾ നല്കിക്കൊണ്ടിരിക്കുകയും ചെയ്യുക.വിവേകശൂന്യരായ ആളുകളിൽ നിന്ന് മുഖം തിരിക്കുക.

പ്രിയപ്പെട്ട യജമാനരായ നബി(സ) തിരുമേനി അല്ലാഹുവിന്റെ ഈ വചനത്തിന്റേയും ഇതുപോലുള്ള മറ്റു വചനങ്ങളുടേയും വെളിച്ചത്തിൽ അസ്തിവാരമിട്ട പൊറുമയുടേയും വിട്ടുവീഴ്ചയുടേയും അതുല്യമാതൃകകൾ പ്രവാചകന്മാരുടെ ചരിത്രത്തിൽ അന്വേഷിച്ചാൽ കണ്ടുകിണ്ടാത്ത വിധം സമാനതകളില്ലാത്തവയാണ്. പൊറുമയുടേയും വിട്ടുവീഴ്ചയുടേയും ഇത്തരം മാതൃകകളും പ്രപഞ്ചത്തിന്റെ ഏടുകളിൽ കോറിയിട്ടിട്ടുണ്ടെന്നും മാപ്പു നല്കലിന്റേയും പൊറുത്തു കൊടുക്കലിന്റേയും ഉത്തുംഗ പദവിയിൽ ഒരാൾക്ക് വിരാജിക്കാമെന്നും ഒരു സാധാരണക്കാരന് ചിന്തിക്കാനോ സങ്കല്പിക്കാനോ സാധ്യമല്ല. നിസ്സാര അക്രമങ്ങളെന്നല്ല വലിയ കൊലയാളികൾക്കും അക്രമികൾക്കും ദ്രോഹികൾക്കുപോലും അവിടന്ന് മാപ്പു നല്കി. നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫാ (സ)തിരുമേനി കാണിച്ച പൊറുമയുടേയും വിട്ടുവീഴ്ചയുടേയും അന്യാദൃശമായ ഏതാനും സംഭവങ്ങൾ താഴെ ചേർക്കുന്നു:

ഖുറയ്ശികളായ അവിശ്വാസികളും മുസ്‌ലിമീങ്ങളും തമ്മിൽ നടന്ന മഹത്തായ യുദ്ധമായിരുന്നു ബദ്ർ യുദ്ധം. ആ യുദ്ധത്തിൽ നിഷേധികളുടെ വേരറുക്കപ്പെട്ടു. അതിൽ നിഷേധികളുടെ എഴുപതു പേർ പിടിക്കപ്പെടുകയുണ്ടായി. ബദ്ധവൈരികളും രക്തദാഹികളുമായിരുന്ന അവരോട് നബി(സ) തിരുമേനി പെരുമാറിയ രീതി പ്രശംസനീയമാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ എഴുതുന്നു:

'ഖുറയ്ശികളുടെ പ്രമാണികളിൽപ്പെട്ട സുഹയ്ൽ ബിൻ അംറും ബന്ദികളിലൊരാളായിരുന്നു. ഭാഷാചാതുര്യത്തോടും തെളിമയോടും പ്രസംഗിക്കാൻ കഴിവുള്ള വ്യക്തിയായിരുന്ന അയാൾ നബി(സ) തിരുമേനിക്കെതിരിൽ പ്രസംഗിക്കുക പതിവായിരുന്നു. അയാൾ ബദ്റിൽ ബന്ദിയാക്കപ്പെട്ടപ്പോൾ ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയോടു പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, സുഹയ്ൽ ബിൻ അംറിന്റെ മുൻ പല്ലുകൾ പറിച്ചെടുത്താലും; അയാൾ പിന്നെ വിഷം ചീറ്റുകയില്ല.' എന്നാൽ, അവിടന്ന് ആ നിർദേശം ഇഷ്ടപ്പെട്ടില്ല. അവിടന്ന് പറഞ്ഞു: ഉമറേ!ഭാവിയിൽ അല്ലാഹു അദ്ദേഹത്തെ സതുത്യർഹമായ പദവിയിൽ എത്തിക്കില്ലെന്ന് ആരു കണ്ടു? അങ്ങനെ മക്കാവിജയവേളയിൽ സുഹയ്ൽ മുസൽമാനായി. പിന്നീട് നബി(സ)തിരുമേനി വഫാത്തായപ്പോൾ ചഞ്ചലമാനസരായ ആളുകളെ രക്ഷിക്കുന്നതിന് ഇസ്‌ലാമിന് അനുകൂലമായി വിശ്വാസതീക്ഷ്ണമായ പ്രസംഗങ്ങൾ ചെയ്തു. അവമുഖേന നിരവധിയാളുകൾ ചഞ്ചല്യത്തിൽനിന്ന് രക്ഷപ്പെടുകയുണ്ടായി. ഈ സുഹയ്‌ലിനെ സംബന്ധിച്ചുതന്നെ ഒരു നിവേദനം ഇപ്രകാരം വന്നിരിക്കുന്നു: 'ഹദ്റത്ത് ഉമറി(റ)ന്റെ ഖിലാഫത്ത് കാലത്ത് ഒരിക്കൽ അദ്ദേഹവും അബൂസുഫിയാനും മക്കാവിജയസമയത്ത് ഇസ്‌ലാം സ്വീകരിച്ച മറ്റുചില പ്രമാണിമാരും ഹദ്റത്ത് ഉമറി(റ)നെ കാണാൻ വന്നു. യാദൃച്ഛികമായി അന്നേരംതന്നെ ഹദ്റത്ത് ബിലാൽ(റ), ഹദ്റത്ത് അമ്മാർ(റ), ഹദ്റത്ത് സ്വുഹയ്ബ്(റ)എന്നിവരും ഹദ്റത്ത് ഉമറി(റ)നെ കാണാനെത്തി. ഒരിക്കൽ അടിമകളും ദരിദ്രരുമായിരുന്ന ഇവർ ആദ്യകാലങ്ങളിൽ ഇസ്‌ലാം സ്വീകരിച്ചവരായിരുന്നു. ഹദ്റത്ത് ഉമറിനെ അറിയിച്ചപ്പോൾ അദ്ദേഹം ആദ്യം ഹദ്റത്ത് ബിലാലിനേയും കൂട്ടരേയും വിളിപ്പിച്ചു. അജ്ഞാന(ജാഹിലിയ്യാ) കാലത്തെ കളങ്കങ്ങൾ ഇനിയും വിട്ടുമാറിയിട്ടില്ലാത്ത അബൂസുഫിയാൻ ഈ കാഴ്ച കണ്ടപ്പോൾ കോപംകൊണ്ട് ആളിക്കത്തി. അദ്ദേഹം പറഞ്ഞു: 'ഈ അപമാനംകൂടി കാണേണ്ടി വന്നല്ലോ. ഞങ്ങൾ ഇവിടെ കാത്തിരിക്കുകയും ആ അടിമകൾക്ക് കൂടിക്കാഴ്ചയ്ക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു.'സുഹയ്ൽ അതിന് ഉടനടി ഇപ്രകാരം നല്കി: 'അതിന് കുറ്റം ആരുടേത് ആണ്? മുഹമ്മദ്(സ) നമ്മളെല്ലാവരേയും ക്ഷണിച്ചു. പക്ഷേ, ഉടനെ വിശ്വസിച്ചത് അവരാണ്. നാമാകട്ടെ താമസം വരുത്തുകയും ചെയ്തു. ആ സ്ഥിതിക്ക് അവർക്ക് നമ്മുടെമേൽ മഹത്ത്വം ഉണ്ടാകേണ്ടതു തന്നെയല്ലേ?' *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പേ. 369)*

അതുപോലെ, നബി(സ)തിരുമേനിയെ വധിക്കാൻ മക്കയിൽ നിന്ന് മദീനയിൽപോയ ഉമയ്ർ ബിൻ വഹബിനോടുള്ള നബിതിരുമേനിയുടെ പെരുമാറ്റവും ശ്രദ്ധേയമാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ എഴുതുന്നു:

'ബദ്ർ യുദ്ധം കഴിഞ്ഞ് ഏതാനും ദിവസത്തിനുശേഷം ഖുറയ്ശിലെ പ്രമാണിമാരായ ഉമയ്ർ ബിൻ വഹബും സ്വഫ്‌വാൻ ബിൻ ഉമയ്യ് ബിൻ ഖൽഫും കഅ്ബയുടെ മുറ്റത്തിരുന്ന് ബദ്റിൽ കൊല്ലപ്പെട്ടവരെ ചൊല്ലി വിലാപം പൊഴിക്കുകയായിരുന്നു. പൊടുന്നനെ സ്വഫ്‌വാൻ ഉമയ്റിനെ നോക്കി പറഞ്ഞു: 'ഇനിയിപ്പോൾ ജീവിച്ചിരുന്നിട്ട് സുഖമൊന്നുമില്ല.' ഉമയ്റിന് കാര്യം മനസ്സിലായി. അയാൾ പറഞ്ഞു: 'ഞാൻ എന്റെ ജീവൻ അപകടത്തിലാക്കാനും ഒരുക്കമാണ്. പക്ഷേ, കുട്ടികളും കടബാധ്യതകളുമാണ് വിലങ്ങുതടിയാകുന്നത്. അല്ലെങ്കിൽ മദീനയിൽച്ചെന്ന് മുഹമ്മദിനെ(സ) ആരുമറിയാതെ നിസ്സാരമായി തീർക്കാവുന്നതേയുള്ളു. എനിക്കാണെങ്കിൽ മദീനയിലേക്ക് ന്യായമായും പോകാനും കഴിയും. എന്റെ മകൻ അവിടെ ബന്ദിയാണല്ലോ.' സ്വഫ്‌വാൻ പറഞ്ഞു: 'നിന്റെ കടബാധ്യതകളുടേയും കുട്ടികളുടേയും ചുമതല ഞാൻ ഏറ്റെടുത്തുകൊള്ളാം. നീ തീർച്ചയായും പോകണം. ഈ കൃത്യം എങ്ങനെയെങ്കിലും ചെയ്തുവരണം.' ചുരുക്കത്തിൽ, കാര്യങ്ങളെല്ലാം ധാരണയിലാക്കി സ്വഫ്‌വാനോടുവിട പറഞ്ഞ് ഉമയ്ർ തന്റെ വീട്ടിൽ വരികയും വാളിൽ വിഷംപുരട്ടി മക്കയിൽനിന്ന് പുറപ്പെടാൻ ഒരുങ്ങുകയും ചെയ്തു. മദീനയിലെത്തിയ അയാളെ ഈ കാര്യങ്ങളെക്കുറിച്ച് ജാഗരൂകനായിരുന്ന ഹദ്റത്ത്ഉമർ(റ) കണ്ടതോടെ പരിഭ്രമിച്ചു. ഉമയ്ർ വന്നിട്ടുണ്ടെന്നും അയാളുടെ ഉദ്ദേശ്യങ്ങളെക്കുറിച്ച് താൻ അസംതൃപ്തനാണെന്നും അദ്ദേഹം ഉടനെ നബി(സ)തിരുമേനിക്ക് വിവരം നല്കി. അയാളെ തന്റെ പക്കൽ കൊണ്ടുവരാൻ നബി(സ)തിരുമേനി കല്പിച്ചു. ഹദ്റത്ത് ഉമർ(റ) ഉമയ്റിനെ കൊണ്ടുവരാൻ പോയെങ്കിലും താൻ ഉമയ്റിനെ നബി(സ)തിരുമേനിയുടെ പക്കലേക്ക് കൂടിക്കാഴ്ച നടത്താൻ കൊണ്ടു പോവുകയാണെന്നും തനിക്ക് അയാളുടെ കാര്യത്തിൽ സംശയമുണ്ടെന്നും അതുകൊണ്ട് തിരുമേനിയുടെ അടുത്തു ചെന്നിരുന്ന് ജാഗരൂകരായിരിക്കണമെന്നും പോകും വഴി അദ്ദേഹം സഹാബാക്കളോട് പറഞ്ഞു. അങ്ങനെ ഹദ്റത്ത് ഉമർ(റ) ഉമയ്റിനെയും കൂട്ടി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജറായി. അവിടന്ന് അയാളെ സ്നേഹത്തോടെ അടുത്തിരുത്തി ചോദിച്ചു: 'ഉമയ്റേ! താങ്കൾ ഇവിടെ വന്നതിന്റെ ഉദ്ദേശ്യമെന്താണ്? ഉമയ്ർ: എന്റെ മകൻ ഇവിടെ താങ്കളുടെ കൈകളിൽ ബന്ദിതനാണ്. അവനെ മോചിപ്പിക്കാൻ വന്നതാണ്.

നബി(സ): 'എങ്കിൽപ്പിന്നെ ഈ വാൾ എന്തിനാണ് ധരിച്ചിരിക്കുന്നത്?'

ഉമയ്ർ: 'വാളിന്റെ കാര്യം എന്തു പറയാൻ! അതു ബദ്റിൽ ഗുണം ചെയ്തില്ലല്ലോ.'

## ഹദീഥുന്നബ്‌വി(സ):

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി ന്ലകുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

(അബൂദാവൂദ്, കിതാബുൽമനാസിക്)

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

## ഹദീഥുന്നബ്‌വി(സ):

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

നബി(സ): 'ഉള്ളതു പറയൂ. എന്തിനാണ് വന്നത്?'
ഉമയ്ര്‍: ' ഞാൻ പറഞ്ഞു കഴിഞ്ഞതാണല്ലോ. മകനെ മോചിപ്പിക്കാനാണ് വന്നത്.'
നബി(സ): 'അങ്ങനെയോ, അപ്പോൾ താങ്കൾ സ്വഫ്‌വാനുമായി ചേർന്ന് കഅ്ബയുടെ അങ്കണത്തിൽ വച്ച് ഗൂഢാലോചന നടത്തിയില്ലെന്നോ?' ഉമയ്ര്‍ നിശ്ചേഷ്ടനായി നിന്നെങ്കിലും തന്നെ നിയന്ത്രിച്ചുകൊണ്ട് പറഞ്ഞു: ഇല്ല, ഞാനൊരു ഗൂഢാലോചനയും നടത്തിയിട്ടില്ല്'.
നബി(സ): താങ്കളെന്നെ കൊല്ലാൻ പദ്ധതിയിട്ടില്ലേ? എന്നാൽ, ഓർത്തുകൊള്ളുക, എന്നോളമെ ത്താൻ അല്ലാഹു താങ്കൾക്ക് അവസരം തരുന്നതല്ല. ഉമയ്ര്‍ ഗാഢചിന്തയിൽ മുഴുകി. എന്നിട്ടു പറഞ്ഞു: 'താങ്കൾ പറഞ്ഞത് സത്യമാണ്. വാസ്തവത്തിൽ ഞങ്ങൾ ഗൂഢപദ്ധതിയിട്ടിരുന്നു. എന്നാൽ, ദൈവം താങ്കളോടൊപ്പമാണെന്നാണ് മനസ്സിലാകുന്നത്. അവനാണല്ലോ ഞങ്ങളുടെ ഉദ്ദേശ്യങ്ങളെക്കുറിച്ച് താങ്കൾക്ക് അറിവ് നല്കിയത്. കാരണം, ഞാനും സ്വഫ്‌വാനും പദ്ധതിയാവിഷ്ക്കരിക്കുമ്പോൾ മൂന്നാമതൊരാൾ അവിടെയുണ്ടായിരുന്നില്ല. ഞാൻ വിശ്വസിക്കാൻ വേണ്ടിയായിരിക്കാം ദൈവം ഇങ്ങനെ ചെയ്തത്. ഞാൻ സത്യഹൃദയത്തോടെ അങ്ങയിൽ വിശ്വസിക്കുന്നു. ഉമയ്ര്‍ ഇസ്‌ലാം സ്വീകരിച്ചതിൽ നബി(സ)തിരുമേനി സന്തോഷംകൊണ്ടു. അവിടന്ന് സ്വഹാബാക്കളോടു പറഞ്ഞു: 'ഇനി ഇദ്ദേഹം നിങ്ങളുടെ സഹോദരനാണ്. ഇദ്ദേഹത്തെ ഇസ്‌ലാമിക ദർശനങ്ങൾ പഠിപ്പിക്കുക. ഇദ്ദേഹത്തിന്റെ ബന്ദിയെ മോചിപ്പിക്കുകയും ചെയ്യുക.' ചുരുക്കത്തിൽ, ഉമയ്ര്‍ ബിൻ വഹബ് ഇസ്‌ലാം സ്വീകരിക്കുകയും കൂറിലും ആത്മാർഥതയിലും അതിവേഗം അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ സത്യ വെളിച്ചത്തിൽ അദ്ദേഹം എത്രമാത്രം ആകൃഷ്ടനായെന്നാൽ, തനിക്ക് മക്കയിൽപോയി തബ്‌ലീഗ് ചെയ്യാൻ അനുവാദം തരണമെന്ന് നബി(സ) തിരുമേനിയോട് ഉത്ക്കടമായി അപേക്ഷിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തിന് അനുവാദം നല്കി. അങ്ങനെ മക്കയിലെത്തിയ ഉമയ്ര്‍ ആവേശകരമായ തബ്‌ലീഗ് പ്രവർത്തനങ്ങളിലൂടെ പലരെയും രഹസ്യമായി മുസ്‌ലിമീങ്ങളാക്കി. രാപ്പകൽ നബി(സ)തിരുമേനിയുടെ മരണവാർത്ത പ്രതീക്ഷിച്ചിരിക്കുകയും നിങ്ങൾ താമസിയാതെ ഒരു സന്തോഷവാർത്ത കേൾക്കുമെന്ന് ഖുറയ്ശികളോട് പറയുകയും ചെയ്തിരുന്ന സ്വഫ്‌വാൻ ഈ കാഴ്ച കണ്ടപ്പോൾ സ്തബ്ധനായിപ്പോയി. ***(Ibid)*** *പേ. 374)*

ഹിജ്റ 5-ലാണ് അഹ്സാബ് യുദ്ധം നടന്നത്. ശത്രുസൈന്യം ഇരുപതിനായിരത്തോളമുണ്ടായിരുന്നു. അറേബ്യ മുഴുവൻ മദീനയെ തുരത്താൻ ലക്ഷ്യമിട്ട് വന്നപോലെ തോന്നിച്ചു. വളരെ അപകടം നിറഞ്ഞ യുദ്ധമായിരുന്നു ഇത്. ഇതിന്റെ തീവ്രതയേയും കാഠിന്യത്തേയും സംബന്ധിച്ച് വിശുദ്ധ ഖുർആൻ തന്നെ ചിത്രീകരിച്ചത് ഈ വാക്കുകളിലാണ്:

إِذْ جَآءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ وَإِذْ زَاغَتِ الْأَبْصَارُ وَبَلَغَتِ الْقُلُوبُ الْحَنَاجِرَ وَتَظُنُّونَ بِاللَّهِ الظُّنُونَا۝ هُنَالِكَ ابْتُلِيَ الْمُؤْمِنُونَ وَزُلْزِلُوا زِلْزَالًا شَدِيدًا

'അവർ(ശത്രു സൈന്യം) നിങ്ങളുടെ മുകൾ' ഭാഗത്തു നിന്നും(കുന്നിൻ പ്രദേശത്തുനിന്നും) താഴ് ഭാഗത്തു(താഴ്ന്ന പ്രദേശത്തു)നിന്നും നിങ്ങളുടെ നേരെ വന്നുകൊണ്ടിരുന്നപ്പോൾ? ദൃഷ്ടികൾ പതറുകയും ഹൃദയങ്ങൾ കണ്ഠനാളങ്ങളിൽ കുതിച്ചെത്തുകയും അല്ലാഹുവിനെക്കുറിച്ച് പല 'ഭാവനകളും നിങ്ങൾ 'ഭാവിക്കുകയും ചെയ്ത സന്ദർഭത്തിൽ! അവിടെ(ആ സമയത്ത്) സത്യവിശ്വാസികൾ പരീക്ഷിക്കപ്പെടുകയും ശക്തമായി വിറപ്പിക്കപ്പെടുകയും ചെയ്തു.'(33:11-12)

ഇത്രമാത്രം വിപത്ത്ക്കരവും അത്യന്തം വ്യാകീർണവുമായ സമയത്താണ് ബനൂഖുറയ്ള്വ ഗോത്രം കൊടുംവഞ്ചന കാണിച്ചത്. മുസ്‌ലിമീങ്ങളോട്ചെയ്ത ഉടമ്പടി ലംഘിച്ചുകൊണ്ട് അവർ അവിശ്വാസികളോടൊപ്പം അണിചേർന്നു. അവരുടെ വഞ്ചന കാരണം നബി(സ)തിരുമേനി ദൈവകല്പനപ്രകാരം അവരുടെ കോട്ട വളഞ്ഞു. നബി(സ) തിരുമേനിക്കു മുമ്പിൽ ബനൂഖുറയ്ള്വ അടിയറവ് പറഞ്ഞു. നബി(സ)തിരുമേനിയുടെ തീരുമാനം അവർ അംഗീകരിച്ചിരുന്നെങ്കിൽ അവർക്ക് ജീവൻ തിരിച്ചു കിട്ടിയേനെ. അവർ പക്ഷേ, സഅ്ദ് ബിൻ മുആദ് വിധി പറഞ്ഞാൽ മതിയെന്ന് വാശിപിടിച്ചു. സഅ്ദ് ബിൻ മുആദ് തൗറാത്തനുസരിച്ച് യുദ്ധത്തിൽ പങ്കെടുത്ത പുരുഷന്മാരെ വധിക്കണമെന്ന തീരുമാനമെടുക്കുകയും അതു നടപ്പാക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ നബി(സ)തിരുമേനിയുടെ ഉദാത്തമായ പൊറുമയുടേയും വിട്ടുവീഴ്ചയുടേയും സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്(റ)എം.എ എഴുതുന്നു:

ബനൂഖുറയ്ള്വ ഗോത്രപ്രമാണിമാരിൽപ്പെട്ട ഒരു വ്യക്തിയായിരുന്നു സുബയ്ര്‍ ബിൻ ബാത്വിയ. അയാൾ ഥാബിത്ത് ബിൻ ഖയ്സ് എന്നു പേരുള്ള മുസ്‌ലിമിന് ഏതോകാലത്ത് ഉപകാരം ചെയ്തിരുന്നു. അയാളെ വെറുതെവിടാൻ ഥാബിത്ത് നബി(സ) തിരുമേനിയോട് ശിപാർശ ചെയ്തു. നബി(സ) പറഞ്ഞു: 'വളരെ നന്നായി, അയാളെ വെറുതെ വിട്ടേക്ക്.' നബി(സ)തിരുമേനി തന്റെ ശിപാർശയിൽ താങ്കളെ വെറുതെ വിട്ടിരിക്കുന്നുവെന്ന് ഥാബിത്ത് ചെന്ന് അയാളെ സന്തോഷവാർത്ത അറിയിച്ചു. തന്റെ ഭാര്യയും മക്കളും തടവിലായിരിക്കെ താൻ രക്ഷപ്പെട്ടിട്ട് എന്തുകാര്യമെന്ന് സുബയ്ര്‍ ചോദിച്ചു. ഥാബിത്ത് വീണ്ടും നബി(സ) തിരുമേനിയുടെ സന്നിധിയിലെത്തി സുബയ്ര്‍ പറഞ്ഞത് അറിയിച്ചു. നബി(സ) തിരുമേനി പറഞ്ഞു: 'അദ്ദേഹത്തിന്റെ ഭാര്യയേയും മക്കളേയും മോചിപ്പിക്കുക.' ഥാബിത്ത് ചെന്ന് ആ സന്തോഷവാർത്തയും അദ്ദേഹത്തെ അറിയിച്ചു. തന്റെ സ്വത്തുക്കൾ മുസ്‌ലിമീങ്ങളുടെ അധീനതയിലാണുള്ളത്. അപ്പോൾ ഞാൻ ഭാര്യയേയും മകളേയും കൊണ്ടുപോയിട്ടെന്തു ചെയ്യനാണെന്ന് സുബയ്ര്‍ ചോദിച്ചു. ഥാബിത്ത് ഇക്കാര്യവും നബി(സ)തിരുമേനിയെ അറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്വത്തുക്കൾ തിരിച്ചേല്പിക്കാൻ അവിടന്ന് കല്പന നല്കി. അങ്ങനെ ഥാബിത്ത് വളരെ സന്തോഷവാനായി സുബയ്റിന്റെ അടുക്കൽ ചെന്ന് സ്വത്തുക്കളും തിരിച്ച് കിട്ടുമെന്നറിയിച്ചു. തന്റെ തലവൻ കഅ്ബ് ബിൻ അസദിന്റേയും അറേബ്യയിലെ യഹൂദികളുടെ നേതാവ് ഹയ്യ് ബിൻ അഖ്ത്വബിന്റേയും അവസ്ഥയെന്താണെന്ന് സുബയ്ര്‍ തിരക്കി. അവർ കൊല്ലപ്പെട്ടിരിക്കുന്നുവെന്ന് ഥാബിത്ത് അദ്ദേഹത്തെ അറിയിച്ചു. സുബയ്ര്‍ പറഞ്ഞു: 'ഇവരെല്ലാം കൊല്ലപ്പെട്ടെങ്കിൽ ഞാൻ ജീവിച്ചിരുന്നിട്ട് എന്തു ചെയ്യാനാണ്?'ഇതു പറഞ്ഞ് അയാൾ ഗളഛേദം ചെയ്യുന്നിടത്ത് ചെന്ന് വാളിനു മുമ്പിൽ തന്റെ കഴുത്ത് വെച്ചു.'

റഫാഅ എന്നു പേരുള്ള മറ്റൊരു യഹൂദിയുണ്ടായിരുന്നു. അയാൾ ഒരു മുസ്‌ലിം സ്ത്രീയോട് കേണപേക്ഷിച്ച് തനിക്കുവേണ്ടി ശിപാർശ ചെയ്യാൻ ഒരുക്കി നിറുത്തി. നബി(സ) തിരുമേനി ആ സ്ത്രീയുടെ ശിപാർശ മാനിച്ച് റഫാഅയ്ക്കും മാപ്പു നല്കി. ചുരുക്കത്തിൽ അന്നേരം ആർക്കൊക്കെ വേണ്ടി ശിപാർശ ചെയ്യപ്പെട്ടുവോ അവർക്കെല്ലാം നബി(സ)തിരുമേനി മാപ്പു നല്കുകയായിരുന്നു. അതുകൊണ്ട് സഅ്ദിന്റെ വിധിപ്രകാരം അവരെ വധിക്കാൻ അവിടന്ന് നിർബന്ധിതനായിരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. അല്ലാതെ, അവരെ വധിക്കണമെന്ന ആഗ്രഹം നബി(സ) തിരുമേനിക്കുണ്ടായിരുന്നില്ല.

ഥുമാമ ബിൻ ഉഥ്ഥാലിന് പൊറുത്തുകൊടുത്ത സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. എഴുതുന്നു:

ഹിജ്റ ആറാം വർഷം തുടങ്ങിയതേയുള്ളു. ചന്ദ്രവർഷത്തിലെ ആദ്യമാസമായ മുഹർറത്തിലെ ആദ്യദിനങ്ങൾ. നബി(സ) തിരുമേനിക്ക് നജ്ദുകാരിൽ നിന്ന് അപകടഭീഷണിയുടെ അറിയിപ്പുകൾ ലഭിച്ചു. ബനൂബക്ര്‍ ഗോത്രത്തിന്റെ ശാഖയായ ബനുഖുർത്വായിൽ നിന്നായിരുന്നു ഭീഷണിയുണ്ടായിരുന്നത്. അവർ അധിവസിച്ചിരുന്നത് നജ്ദ് പ്രദേശത്തെ ഉരിയ്യ എന്ന സ്ഥലത്തായിരുന്നു മദീനയിൽനിന്ന് ഏഴുദിവസം യാത്ര ചെയ്തുവേണം അവിടെ എത്താൻ. ഈ വാർത്തകേട്ടപ്പോൾ ഉടനെത്തന്നെ മുഹമ്മദ് ബിൻ മസ്‌ലമ എന്ന അൻസാർ സഹാബിയുടെ നേതൃത്വത്തിൽ മുപ്പതു പേരടങ്ങുന്ന ഒരു ചെറുസംഘത്തെ നബി(സ) തിരുമേനി നജ്ദിലേക്ക് അയച്ചു. അല്ലാഹു അവിശ്വാസികളുടെ ഹൃദയത്തിൽ 'ഭയം ഇട്ടുകൊടുത്തതിന്റെ ഫലമായി നേരിയ പോരാട്ടത്തിനുശേഷം അവർ പിന്തിരിഞ്ഞോടി. ശത്രുക്കൾ തങ്ങളുടെ സ്ത്രീകളേയും കുട്ടികളേയും വിട്ടോടിയതിനാൽ ആ കാലഘട്ടത്തിലെ യുദ്ധരീതിയനുസരിച്ച് മുസ്‌ലിമീങ്ങൾക്ക് അവരെ ബന്ദികളാക്കാമായിരുന്നെങ്കിലും മുഹമ്മദ് ബിൻ മസ്‌ലമ അത്തരമൊരു നടപടി അവലംബിക്കാതെ ഒട്ടകങ്ങളും ആടുകളും മാത്രമടങ്ങുന്ന യുദ്ധമുതലുകൾ എടുത്തുകൊണ്ട് മദീനയിലേക്ക് തിരിച്ചു പോവുകയാണുണ്ടായത്. ആ യുദ്ധത്തിൽനിന്ന് തിരിച്ചു വരുന്നതിനിടയിലാണ് ഥുമാമ ബിൻ ഉഥ്ഥാലിനെ ബന്ദിയാക്കുന്ന സംഭവം നടക്കുന്നത്. അയാൾ യമാമ നിവാസിയായിരുന്നു. ബനൂഹുനയ്ഫ ഗോത്രത്തിലെ വളരെ സ്വാധീനമുള്ള പ്രമാണിയുമായിരുന്നു. മുസ്‌ലിമീങ്ങളോട് കടുത്ത വിദ്വേഷം വെച്ചു പുലർത്തിയിരുന്ന അയാൾ എപ്പോഴും നിരപരാധികളായ മുസ്‌ലിമീങ്ങളെ കൊല്ലുന്നത് പതിവാക്കി. നബി(സ)തിരുമേനിയുടെ ഒരു സന്ദേശവാഹകൻ അയാളുടെ പ്രദേശത്ത് ചെന്നപ്പോൾ എല്ലാ യുദ്ധനിയമങ്ങളും ലംഘിച്ച് അദ്ദേഹത്തെ കൊല്ലാൻ പദ്ധതിയിട്ടു. എന്നല്ല, ഒരിക്കൽ നബി(സ)തിരുമേനിയെ പോലും കൊല്ലാൻ ഉദ്ദേശിക്കുകയുണ്ടായി. മുഹമ്മദ് ബിൻ മസ്‌ലമ ഥുമാമയെ പിടിച്ചുകൊണ്ടു വന്നപ്പോൾ ഇയാൾ ആരാണെന്ന് അവർ അറിഞ്ഞിരുന്നില്ല. ഏതോ സംശയത്തിന്റെ പേരിലായിരുന്നു അയാളെ പിടിച്ചുവെച്ചത്. വളരെ സമർഥനായ ഥുമാമയും യാഥാർഥ്യം വെളിപ്പെടുത്തിയതുമില്ല. എന്തെന്നാൽ, ഇസ്‌ലാമിനെതിരെ താൻഗുരുതരമായ കുറ്റങ്ങൾ ചെയ്തിരിക്കുന്നുവെന്നും താനാരാണെന്ന് ഈ അഭിമാനികളായ മുസ്‌ലിം യോദ്ധാക്കളറിഞ്ഞാൽ അവർ തന്നോട് കാഠിന്യം കാണിക്കുകയോ വകവരുത്തുകയോ ചെയ്യുമെന്നും അറിയാമായിരുന്ന അയാൾ നബി(സ)തിരുമേനിയിൽനിന്ന് സൽപെരുമാറ്റം പ്രതീക്ഷിച്ചു. അങ്ങനെ മദീനയിൽ തിരിച്ചെത്തുംവരെ ഥുമാമയുടെ വ്യക്തിത്വം അവർക്ക് അജ്ഞാതമായി.

മദീനയിലെത്തി ഥുമാമയെ നബി(സ) തിരുമേനിയുടെ സന്നിധിയിൽ സമർപ്പിച്ചതോടെ അവിടന്ന് ക്ഷണത്തിൽ ഥുമാമയെ തിരിച്ചറിഞ്ഞു. മുഹമ്മദ് ബിൻ മസ്‌ലമയോടും കൂട്ടരോടും അവിടന്ന് ചോദിച്ചു: 'ഇതാരാണെന്ന് അറിയുമോ?' അവർക്കറിയില്ലെന്നു പറഞ്ഞപ്പോൾ അവിടന്ന് അവർക്ക് യാഥാർഥ്യം വെളിപ്പെടുത്തിക്കൊടുത്തു. അനന്തരം, നബി(സ) തിരുമേനി തന്റെ രീതിയനുസരിച്ച് ഥുമാമയോട് നല്ല രീതിയിൽ വർത്തിക്കാൻ ആജ്ഞാപിച്ചു. എന്നിട്ട് വീട്ടിനകത്തുചെന്ന് കഴിക്കാനുള്ളതെല്ലാം പുറത്ത് ഥുമാമയ്ക്ക് അയച്ചു കൊടുക്കാൻ നിർദേശിച്ചു. കൂടാതെ, ഥുമാമയെ ഏതെങ്കിലും ഭവനത്തിൽ വെയ്ക്കുന്നതിനു പകരം മസ്ജിദ് നബ്‌വിയുടെ മുറ്റത്ത് വല്ല തൂണിലും ബന്ധിക്കാൻ അവിടന്ന് സഹാബാക്കൾക്ക് നിർദേശം നല്കി. നബി(സ) തിരുമേനിയുടെ സദസ്സുകളും മുസ്‌ലിമീങ്ങളുടെ നമസ്ക്കാരങ്ങളും ഥുമാമയുടെ കൺമുന്നിൽ നടന്നതോടെ ആത്മീയമായ ആ ദൃശ്യങ്ങൾ ഥുമാമയുടെ മനസ്സിനെ സ്വാധീനിച്ച് അയാൾ ഇസ്‌ലാമിലേക്ക് ആകൃഷ്ടനാകുമെന്നാണ് ഉദ്ദേശിച്ചത്.

ഈ ദിനങ്ങളിൽ നിത്യവും രാവിലെ നബി(സ) തിരുമേനി ഥുമാമയുടെ അടുത്തു ചെല്ലുകയും സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്യുമായിരുന്നു. അവിടന്ന് ചോദിച്ചു: 'ഥുമാമേ! പറയൂ, നിന്റെ ഉദ്ദേശ്യമെന്താണ്?'

ഥുമാമ പറഞ്ഞു: മുഹമ്മദേ! താങ്കളെന്നെ വധിക്കുകയാണെങ്കിൽ അതിനുള്ള അവകാശം താങ്കൾക്കുണ്ട്. എന്തെന്നാൽ, എനിക്കെതിരെ കൊലക്കുറ്റമാണുള്ളത്. എന്നാൽ, താങ്കൾ ഔദാര്യം ചെയ്യുന്നപക്ഷം ഞാൻ നന്ദിയുള്ളവനായിരിക്കും. ഇനി തങ്കൾക്ക് മോചനദ്രവ്യം വേണമെന്നുണ്ടെങ്കിൽ അതു നല്കാനും ഞാൻ ഒരുക്കമാണ്. ഇതേസംഭാഷണം മൂന്നുദിവസത്തോളം തുടർന്നു. ഒടുവിൽ മൂന്നാം ദിവസം നബി(സ)തിരുമേനി സഹാബാക്കളോടു പറഞ്ഞു: 'ഥുമാമയെ അഴിച്ചു വിടുക.' സ്വഹാബാക്കൾ ഉടനെത്തന്നെ അദ്ദേഹത്തെ സ്വതന്ത്രനാക്കി. ഥുമാമ ധിറുതിപ്പെട്ട് പള്ളിയിൽ നിന്നു പുറത്തേക്കുപോയി. അയാൾ ഇനി തന്റെ നാട്ടിലേക്ക് പോയിട്ടുണ്ടാകുമെന്നാണ് സ്വഹാബാക്കൾ ധരിച്ചത്. എന്നാൽ, ഥുമാമയുടെ ഹൃദയം അടിയറവു പറഞ്ഞിരിക്കുന്നുവെന്ന് നബി(സ)തിരുമേനി മനസ്സിലാക്കി. അയാൾ അടുത്തുള്ള ഒരു തോട്ടത്തിൽച്ചെന്ന് കുളിച്ചു ശുദ്ധിയായി തിരിച്ചുവന്ന് താമസിയാതെ നബിതിരുമേനിയുടെ തിരുകരങ്ങളിൽ ഇസ്‌ലാം സ്വീകരിച്ചു. ശേഷം അദ്ദേഹം നബി(സ)തിരുമേനിയോടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാൻ ലോകത്തേറ്റവുമധികം അങ്ങയെയും അങ്ങയുടെ ദീനിനെയും അങ്ങയുടെ പട്ടണത്തെയും വെറുത്തിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ, ഇന്നെനിക്ക് അങ്ങും അങ്ങയുടെ ദീനും അങ്ങയുടെ പട്ടണവുമാണ് ഏറെ പ്രിയങ്കരം.'

അന്നു വൈകീട്ട് പതിവുപോലെ ഥുമാമയ്ക്കു വേണ്ടി 'ഭക്ഷണമെത്തിയപ്പോൾ അദ്ദേഹം കുറച്ചുമാത്രം കഴിച്ചു നിറുത്തിയതിൽ സ്വഹാബാക്കൾക്ക് ആശ്ചര്യമായി. ഇന്നു രാവിലെവരെ നന്നായി ഭക്ഷണം കഴിച്ചിരുന്ന വ്യക്തിയായിരുന്നു ഥുമാമ. ഒരർഥത്തിൽ 'ഭക്ഷണപ്രിയൻ തന്നെയായിരുന്നു. ഇപ്പോഴാകട്ടെ വളരെ കുറച്ചേ അദ്ദേഹം കഴിച്ചുള്ളു. ഈ സംഗതി നബി(സ)തിരുമേനിയുടെ പക്കലെത്തിയപ്പോൾ അവിടന്ന് പറഞ്ഞു: 'ഥുമാമ രാവിലെവരെ നിഷേധികളെപ്പോലെയാണ് ഭക്ഷിച്ചിരുന്നത്. ഇപ്പോൾ ഒരു മുസ്‌ലിമിനെപ്പോലെ 'ഭക്ഷണം കഴിച്ചിക്കുകയാണ്.' ഇതു വിശദീകരിച്ചുകൊണ്ട് നബി(സ) ഇങ്ങനെ പറഞ്ഞു: 'നിഷേധികൾ ഏഴു കുടലും നിറയെ ഭക്ഷണം കഴിക്കുന്നു. മുസ്‌ലിമാകട്ടെ ഒരു കുടൽ നിറയുന്നതുവരെ മാത്രമേ കഴിക്കുകയുള്ളു.' ഒരു അവിശ്വാസി ലൗകികസുഖാഢംബരങ്ങളിൽ രമിക്കുകയും അതിൽ മുഴുകുകയും ചെയ്യുന്നിടത്ത് ഒരു യഥാർഥ മുസൽമാൻ തന്റെ ഭൗതികാവശ്യങ്ങളെ നിലനിറുത്താൻ പാകത്തിൽ മാത്രം പരിമിതപ്പെടുത്തുന്നു എന്നാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. എന്തെന്നാൽ, യഥാർഥ അനുഭൂതി അവനു ലഭിക്കുന്നത് ദീനിൽ മാത്രമാണ്. മറ്റൊരു കാര്യം, ഇവിടെ ഏഴ് എന്നതുകൊണ്ട് സാധാരണ എണ്ണത്തിലെ ഏഴല്ല ഉദ്ദേശിക്കുന്നത്. മറിച്ച്, അറബിഭാഷാപ്രയോഗമനുസരിച്ച് ഏഴ് എന്നത് ആധിക്യത്തെയും പൂർണതയെയും പ്രകടിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. ചുരുക്കത്തിൽ, ഒരു അവിശ്വാസി ലൗകികസുഖാഢംബരങ്ങളിൽ ആഴ്ന്നിറങ്ങുകയും അവന്റെ ശ്രദ്ധ മുഴുവൻ ഭൗതികതയിൽ ചെലവഴിക്കുകയും ചെയ്യുന്നു. ഒരു വിശ്വാസിയാകട്ടെ, തന്നെ ലൗകികസുഖാനുഭൂതികളിൽനിന്ന് തടഞ്ഞു വെക്കുകയും തന്റെ ആവശ്യങ്ങളുടെ പരിധി ലംഘിക്കാതിരിക്കുകയും ചെയ്യുന്നു. എന്തെന്നാൽ, അവന്റെ യഥാർഥ അനുഭൂതിയുടെ വിഹാരതലം മറ്റൊന്നാണ്. ഈ അധ്യാപനം നബി(സ)തിരുമേനിയുടെ സ്വാഭാവികമായ സ്നേഹവും അവിടത്തെ വ്യക്തിപരമായ ധാർമികതയുടെ അങ്ങേയറ്റം സത്യസന്ധമായൊരു കണ്ണാടിയുമാണ്. മുസ്‌ലിമായതിനുശേഷം ഥുമാമ നബി(സ)തിരുമേനിയോടു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!അങ്ങയുടെ ആളുകൾ എന്നെ ബന്ദിയാക്കിയപ്പോൾ ഞാൻ കഅ്ബദേവാലയത്തിൽ ഉംറ ചെയ്യാൻ പോകുകയായിരുന്നു. ഇനി ഞാൻ എന്താണ് ചെയ്യേണ്ടത്? അവിടന്ന് അദ്ദേഹത്തിന് ഉംറ ചെയ്യാൻ അനുവാദം നല്കുകയും ദുആ ചെയ്യുകയും ചെയ്തു. അങ്ങനെ ഥുമാമ മക്കയിലേക്ക് യാത്ര പുറപ്പെട്ടു. ്വിടെ എത്തി ഥുമാമ ഈമാനികാവേശത്തിൽ ഖുറയ്ശികളുടെ ഉള്ളിൽ പരസ്യമായി തബ്‌ലീഗ് ചെയ്തു. ഖുറയ്ശികൾ ഈ ദൃശ്യം കണ്ടപ്പോൾ അവരുടെ കണ്ണുകളിൽ ചോരതുടിക്കാൻ തുടങ്ങി. അവർ ഥുമാമയെ പിടിച്ച് വധിക്കാൻ തീരുമാനിച്ചു. പിന്നീട് അദ്ദേഹം യമാമ പ്രദേശത്തെ നേതാവാണെന്നും യമാമയുമായി മക്കയ്ക്ക് അഗാധമായ വാണിജ്യബന്ധമുണ്ടെന്നും ചിന്തിച്ച് അവർ തങ്ങളുടെ തീരുമാനിത്തിൽനിന്ന് പിൻമാറി. ഥുമാമയെ അതുമിതും പറഞ്ഞ് ആക്ഷേപിച്ചും വിട്ടയച്ചു. എന്നാൽ, ഥുമാമയുടെ സ്വഭാവത്തിൽ നല്ല ദേഷ്യമുണ്ടായിരുന്നു. നബി(സ)തിരുമേനിയോടും അവിടത്തെ സ്വഹാബത്തിനോടും ഖുറയ്ശികൾ കാണിച്ച ക്രൂരതകൾ അദ്ദേഹത്തിന്റെ കണ്ണുകൾക്ക് മുമ്പിലുണ്ടായിരുന്നു. അദ്ദേഹം മക്കയിൽനിന്ന് മടങ്ങുമ്പോൾ ഖുറയ്ശിനോടു പറഞ്ഞു: അല്ലാഹുവാണ!നബി(സ)തിരുമേനി അനുവദിക്കാത്തിടത്തോളം ഇനി യമാമയുടെ പ്രദേശത്തുനിന്ന് നിങ്ങൾക്ക് ഒരു ധാന്യംപോലും വരികയില്ല.

തന്റെ നാട്ടിലെത്തി ഥുമാമ മക്കയിലേക്കുള്ള കച്ചവടസംഘങ്ങളുടെ പോക്കും വരവും നിരോധിച്ചു. മക്കയുടെ ഭക്ഷണത്തിന്റെ വലിയൊരു ഭാഗം യമാമയിൽനിന്നാണ് വന്നിരുന്നത്. അതിനാൽ ആ കച്ചവടം അടഞ്ഞതോടെ മക്കയിലെ ഖുറയ്ശികൾ കഠിനമായ ക്ഷാമത്തിൽ അകപ്പെട്ടു. അധികകാലം കഴിഞ്ഞില്ല, അവർ പരിഭ്രമിച്ചുകൊണ്ട് നബി(സ)തിരുമേനിക്ക് കത്തെഴുതി: അങ്ങ് എപ്പോഴും കുടുംബബന്ധം നിലനിറുത്തുന്നതിനെ കുറിച്ച് ഉപദേശിക്കാറുണ്ട്. ഞങ്ങൾ അങ്ങയുടെ സഹോദരങ്ങളാണ്. ഞങ്ങളെ ഈ നാശത്തിൽനിന്ന് രക്ഷിച്ചാലും. ആ നേരത്ത് മക്കയിലെ ഖുറയ്ശികൾ എത്രമാത്രം പരിഭ്രമിച്ചിരുന്നുവെന്നാൽ അവർ ഈ കത്തുകൊണ്ട് നിറുത്തിയില്ല. പ്രത്യുത തങ്ങളുടെ നേതാവായ അബൂസുഫിയാൻ ബിൻ ഹർബിനേയും നബി(സ)തിരുമേനി നേരിട്ട് കണ്ട് വിവരം പറയുന്നതിന് അവിടത്തെ അടുത്തേക്ക് പറഞ്ഞുവിട്ടു. അദ്ദേഹം നബി(സ)തിരുമേനിയുടെ സന്നിധയിൽ ഹാജരായി നേരിട്ടും ഒരുപാട് കരഞ്ഞു പറഞ്ഞ് കരുണയുണ്ടാകണമെന്ന് യാചിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് നബി(സ)തിരുമേനി ഥുമാമ ബിൻ ഉഥ്ഥാലിനോടു സാധനങ്ങൾ കയറ്റിയിട്ടുള്ള മക്കയിലെ ഈ കച്ചവടസംഘങ്ങളെ തടയരുതെന്ന് പറഞ്ഞ് സന്ദേശമയച്ചു. അങ്ങനെ അവരുമായിട്ടുള്ള ഇടപാടുകൾ വീണ്ടും തുടർന്നു. മക്കക്കാർക്ക് ആ വിപത്തിൽനിന്ന് മോചനവും കിട്ടി. ഈ സംഭവം....നബി(സ)തിരുമേനിയുടെ അതുല്യമായ മനസ്സലിവിന്റേയും കാരുണ്യത്തിന്റേയും മാപ്പിന്റേയും വ്യക്തമായൊരു തെളിവാണ്.(ibid പേജ് 662)

ഒരിക്കൽ അബൂസുഫിയാൻ നബി(സ) തിരുമേനിയെ വധിക്കാൻ പദ്ധതിയിട്ടു. ഒരു ബദ്‌വിയെ നബിയെ കൊല്ലുന്നതിന് അയച്ചു. നബി(സ)തിരുമേനിയെ സംരക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അപ്പോൾപ്പിന്നെ ആയിരംവട്ടം പദ്ധതിയിട്ടാലും ഏതെങ്കിലും ഘാതകന് അദ്ദേഹത്തിന്റെ അടുത്തെത്താൻ എങ്ങനെയാണ് കഴിയുക. എന്തായാലും കൊല്ലാൻ പുറപ്പെട്ടവൻ പിടിക്കപ്പെട്ടു. നബി(സ)തിരുമേനി അയാൾക്കും മാപ്പു കൊടുത്തു. ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ)എം.എ പറയുന്നു:

'അഹ്സാബ് യുദ്ധത്തിലെ നിന്ദ്യമായ പരാജയം മക്കയിലെ ഖുറയ്ശികളുടെ ശരീരത്തിൽ തീ കൊളുത്തിവെച്ചിരുന്നു. സ്വാഭാവികമായും ഈ മാനസികമായ അഗ്നി കൂടുതലുണ്ടായത് മക്കയിലെ നേതാവായ അബൂസുഫിയാനായിരുന്നു. അഹ്സാബിലെ യുദ്ധനടപടിയിൽ പ്രത്യേകമായ നിലയിൽ നിന്ദ്യത അവർ ഏറ്റുവാങ്ങിക്കഴിഞ്ഞിരുന്നു. കുറച്ചു കാലംവരെ അബൂസുഫിയാന്റെ ഉള്ളിൽ ഈ അഗ്നി എരിഞ്ഞുകൊണ്ടിരുന്നു. എന്നാൽ, അവസാനം ഇക്കാര്യം അയാളുടെ ഉള്ളിൽനിന്ന് പുറത്തു ചാടി. ആ അഗ്നിയുടെ മറഞ്ഞിരുന്ന ജ്വാല മറനീക്കിപ്പുറത്തുവരാൻ തുടങ്ങി. സ്വാഭാവികമായും സത്യനിഷേധികളുടെ ഏറ്റവും കൂടുതൽ ശത്രുത എന്നല്ല വാസ്തവത്തിൽ യഥാർഥമായ ശത്രുത നബി(സ)തിരുമേനിക്കെതിരിലായിരുന്നു. അതുകൊണ്ട് ബാഹ്യമായ തന്ത്രങ്ങളും സൂത്രങ്ങളുംകൊണ്ട് ഫലമൊന്നും കാണാതെ വന്നപ്പോൾ എന്തുകൊണ്ട് ഗൂഢപദ്ധതി തയ്യാറാക്കി മുഹമ്മദിനെ വകവരുത്തിക്കൂടാ എന്ന് അബൂസുഫിയാൻ ചിന്തിച്ചു. നബി(സ)തിരുമേനിയുടെ ചുറ്റും പ്രത്യേകിച്ച് കാര്യമായ കാവലൊന്നുമില്ലെന്ന് അയാൾക്കറിയുകയും ചെയ്യുമായിരുന്നു. എന്നല്ല ചിലഘട്ടങ്ങളിൽ അവിടന്ന് തികച്ചും സംരക്ഷണമില്ലാത്ത അവസ്ഥയിൽ അവിടേയും ഇവിടേയുമൊക്കെ പോകുമായിരുന്നു. പട്ടണത്തിന്റെ ഇടവഴികളിലും മറ്റും നടക്കുമായിരുന്നു. നിത്യവും അഞ്ചുദിവസം മസ്ജിദിൽ നമസ്കരിക്കാൻ വരുമായിരുന്നു. തികച്ചും ഔപചാരികതയൊന്നും കൂടാതെ സ്വതന്ത്രമായ നിലയിൽ യാത്രകൾ ചെയ്യുമായിരുന്നു. ഏതെങ്കിലും വാടകഗുണ്ടയ്ക്ക് ഇതിനെക്കാൾ സൗകര്യം മറ്റെന്താണ് വേണ്ടത്? ഇങ്ങനെ

ഒരു ചിന്ത വന്നുടനെ അബൂസുഫിയാൻ നബി(സ) തിരുമേനി വധിക്കാനുള്ള പദ്ധിതി ഉള്ളിൽ ആസൂത്രണം ചെയ്തു തുടങ്ങി.

അയാൾ പൂർണദൃഢനിശ്ചയത്തോടുകൂടി ഈ തീരുമാനത്തിൽ ഉറച്ചപ്പോൾ ഒരു ദിവസം അവസരം പാർത്ത് താൻപറഞ്ഞാൽ അനുസരിക്കുന്ന തന്റെ ഖുറയ്ശീ യുവാക്കളോടു പറഞ്ഞു: മദീനയിൽ പോയി അതീവരഹസ്യമായി മുഹമ്മദിന്റെ കഥ കഴിക്കാൻ നിങ്ങളിൽ ചങ്കുറപ്പുള്ള ആരെങ്കിലുമുണ്ടോ? മുഹമ്മദ് പരസ്യമായ നിലയിൽ മദീനയിലെ ഇടവഴികളിൽ ചറ്റിക്കറങ്ങാറുണ്ടെന്ന് നിങ്ങൾക്കറിയാം.' ആ ചെറുപ്പക്കാർ ഈ വിവരം കേൾക്കുകയും അതിന് തയ്യാറാകുകയും ചെയ്തു. അതിനുശേഷം അധിക ദിവസം കഴിഞ്ഞില്ല ഒരു ബദ്‌വി യുവാവ് അബൂസുഫിയാന്റെ അടുത്തുവന്നു പറഞ്ഞു: 'ഞാൻ അങ്ങയുടെ പദ്ധതി കേട്ടിരിക്കുന്നു. അതിനു ഞാൻ തയ്യാറാണ്. ഞാൻ ഉറച്ച മനസ്സുള്ളവനും പരിചയസമ്പന്നനുമാണ്. എന്റെ പിടിത്തം ശക്തവും ആക്രമണം മിന്നൽ വേഗത്തിലുമാണ്. താങ്കൾ ഇക്കാര്യം എന്നെ ഏൽപിച്ച് എന്നെ സഹായിക്കുകയാണെങ്കിൽ മുഹമ്മദിനെ കൊല്ലുന്നിതിനുവേണ്ടി പോകാൻ ഞാൻ തയ്യാറാണ്. എന്റെയടുത്ത് ഒരു കഠാരയുണ്ട്. വേട്ടക്കഴുകന്റെ മറഞ്ഞിരിക്കുന്ന ചിറകുപോലെ അത് ഇരിക്കുന്നു. അങ്ങനെ ഞാൻ മുഹമ്മദിന്റെമേൽ ആക്രമണം നടത്തും. പിന്നീട് ഏതെങ്കിലും കച്ചവടസംഘത്തിന്റെ ഇടയിൽ ചെന്നുചേർന്ന് കൂടിക്കലരും. മുസ്‌ലിമീങ്ങൾക്ക് എന്നെ പിടിക്കാൻ കഴിയുകയില്ല. എനിക്കു മദീനയിലെ വഴികളും നല്ലവണ്ണം അറിയാം.' അബൂസുഫിയാൻ പറഞ്ഞു: 'താങ്കൾ ഞാനുദ്ദേശിച്ചതുപോലുള്ളയാളാണ്.' അതിനുശേഷം അബൂസുഫിയാൻ അയാൾക്ക് ഒരു വേഗമുള്ള കുതിരയും പാഥേയവും മറ്റും നല്കി യാത്രയാക്കി. ഈ രഹസ്യം ആരോടും പറയരുതെന്ന് താക്കീതും ചെയ്തു.

മക്കയിൽനിന്ന് പുറപ്പെട്ട് ഈയാൾ പകൽ ഒളിച്ചിരുന്നും രാത്രിയിൽ യാത്രചെയ്തും മദീനയിലേക്ക് പുറപ്പെട്ടു. 6-ാമത്തെ ദിവസം മദീനയിലെത്തി. നബി(സ) തിരുമേനിയെ അന്വേഷിച്ച് നേരെ ബനൂ അബ്ദുൽഅശ്ഹലിന്റെ മസ്ജിദിലെത്തി. ആ നേരത്ത് നബി(സ) തിരുമേനി അവിടെ പോയിരുന്നു. ആ ദിവസങ്ങളിൽ പുതിയപുതിയ ആളുകൾ മദീനയിൽ വന്നുകൊണ്ടിരുന്നു. അതുകൊണ്ട് ഒരു മുസ്‌ലിമിനും അയാളെക്കുറിച്ച് സംശമൊന്നുമുണ്ടായില്ല. എന്നാൽ, തന്റെ അടുത്തേക്ക് അയാൾ വരുന്നത് നബി(സ)തിരുമേനി കണ്ടുടനെ ഇയാൾ ദുരുദ്ദേശ്യത്തോടെയാണ് വരുന്നതെന്ന് അവിടന്ന് പറഞ്ഞു. അയാൾ ഇതുകേട്ട് അതിവേഗത്തിൽ നബിയിലേക്ക് അടുത്തു. എന്നാൽ, ഒരു അൻസ്വാരി നേതാവ് ഉസയ്ദ് ബിൻ ഹുളയ്ർ ക്ഷണത്തിൽ അയാളെ ചാടിപ്പിടിച്ചു. ഈ പിടിത്തത്തിൽ അയാളുടെ കൈ അയാൾ ഒളിപ്പിച്ചുവെച്ചിരുന്ന കഠാരയിൽ പതിഞ്ഞു. അപ്പോൾ അയാൾ പരിഭ്രമിച്ചുകൊണ്ട് പറഞ്ഞു: 'എന്റെ ചോര എന്റെ ചോര.' അയാളെ കീഴ്പ്പെടുത്തിക്കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി അയാളോടു ചോദിച്ചു: 'സത്യം പറയുക. നീയാരാണ്? എന്ത് ഉദ്ദേശ്യത്തോടെയാണ് നീ വന്നത്? അയാൾ പറഞ്ഞു: 'എന്റെ ജീവൻ രക്ഷിച്ചാൽ ഞാനെല്ലാം പറയാം.' അവിടന്ന് പറഞ്ഞു, 'നീ എല്ലാ കാര്യങ്ങളും സത്യംസത്യമായി പറഞ്ഞാൽ നിനക്ക് മാപ്പു തരുന്നതാണ്.' അയാൾ എല്ലാകാര്യങ്ങളും ഉണ്ടായതുപോലെ നബി(സ)തിരുമേനിയോടു പറഞ്ഞു. ഇതു ചെയ്താൽ ഇത്ര ഇനാം നല്കാമെന്ന് അബൂസുഫിയാൻ വാഗ്ദാനം ചെയ്തതായും അയാൾ പറഞ്ഞു. അതിനുശേഷം അയാൾ കുറച്ചുദിവസം മദീനയിൽ പാർത്തു. പിന്നീട് സന്തോഷത്തോടെ മുസ്‌ലിമായി നബി(സ)തിരുമേനിയുടെ സംഘത്തിൽ പ്രവേശിച്ചു. (ibid പേജ് 741)

അങ്ങേയറ്റം വെറുക്കുകയും വിദ്വേഷം വെച്ചുപുലർത്തുകയും ചെയ്തിരുന്ന ഒരു യഹൂദസ്ത്രീ ഖയ്ബർ യുദ്ധാവസരത്തിൽ നബി(സ)തിരുമേനിയെ വിഷം കൊടുത്തു കൊല്ലാൻ ആഗ്രഹിച്ചു. അതിൽ അവിടത്തെ ഒരു സ്വഹാബി മരിക്കുകയും ചെയ്തിരുന്നു. എന്നിട്ടും അവിടന്ന് പകരമൊന്നും വീട്ടാതെ ആ സ്ത്രീക്ക് മാപ്പുകൊടുത്തു. സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:

നബി തിരുമേനിക്ക് വിഷം കൊടുക്കാൻ ശ്രമിച്ച ഒരു ജൂത സ്ത്രീയുമായി ബന്ധപ്പെട്ടതാണ് മൂന്നാമത്തെ സംഭവം. നബി(സ) ഏറ്റവും ഇഷ്ടപ്പെടുന്നതു മാംസത്തിന്റെ ഏതു ഭാഗമാണെന്നു പ്രസ്തുത സ്ത്രീ തിരുസഖാക്കളോടന്വേഷിച്ചു. ആടിന്റെ ചുമൽ നബിക്ക് വളരെ ഇഷ്ടമാണെന്ന് അവർ പറഞ്ഞു. സ്ത്രീ ഒരു ആട്ടിനെ അറുത്തു മാംസം ചുടുകല്ലിൽ വെച്ചു വറുത്തു പാകപ്പെടുത്തി. അതിനു ശേഷം അവൾ മാരകമായ വിഷം ചുമൽഭാഗത്തുള്ള മാംസകഷണങ്ങളിൽ കലർത്തി.

നബിതിരുമേനി 'അസ്വ്ർ' നമസ്കാരം കഴിഞ്ഞു തമ്പിലേക്ക് മടങ്ങിയപ്പോൾ തന്നെയും കാത്ത് പ്രസ്തുത സ്ത്രീ അവിടെ നിൽക്കുന്നതു കണ്ടു. 'എന്നെയാണോ കാത്തുനിൽക്കുന്നത്? ഞാനെന്തു വേണം?' നബി(സ)അന്വേഷിച്ചു.

'അബൂൽ ഖാസിം! ഇതാ എന്റെ ഈ ഉപഹാരം സ്വീകരിച്ചാലും!'

ആ സ്ത്രീ കൊണ്ടുവന്നത് വാങ്ങിവെയ്ക്കാൻ നബി(സ) തിരുമേനി ഒരു സ്വഹാബിയോട് ആവശ്യപ്പെട്ടു. നബി പിന്നീടു ആഹാരം കഴിക്കാനിരുന്നപ്പോൾ പൊരിച്ച ഇറച്ചിയും വിളമ്പി. നബി ഒരു കഷണം എടുത്തു. ബശീർ ബിൻ അൽബറാഅ് ബിൻ അൽമഅ്റൂർ എന്നു പേരായ സ്വഹാബിയും ഒരു കഷണം എടുത്തു. ആഹാരത്തളികയിലേക്ക് മറ്റു സ്വഹാബിമാരും കൈ നീട്ടി. ഇറച്ചിയിൽ വിഷം കലർന്നതായി തോന്നുന്നു എന്നുപറഞ്ഞു നബി(സ)വിലക്കി. തനിക്കും അങ്ങനെ തോന്നുകയുണ്ടായെന്നു ബശീറും അറിയിച്ചു. അദ്ദേഹത്തിനു അതുടൻ വലിച്ചെറിയാൻ തോന്നിയെങ്കിലും നബിക്ക് അനിഷ്ടം തോന്നരുതെന്നു കരുതി മിണ്ടാതിരുന്നു. 'അങ്ങു ഒരു കഷണം എടുക്കുന്നതു കണ്ടപ്പോൾ ഞാനും എടുത്തു. അങ്ങ് അതു ഭക്ഷിക്കരുതെന്ന് ഞാൻ ആശിക്കുകയായിരുന്നു." ബശീർ പറഞ്ഞു. ബശീറിന് പിന്നീട് അസുഖം ബാധിച്ചു. ചില നിവേദനങ്ങളനുസരിച്ച് അദ്ദേഹം അവിടെ വെച്ചു അപ്പോൾത്തന്നെ മരണപ്പെടുകയാണുണ്ടായത്. മറ്റു ചില റിപ്പോർട്ടുകൾ പ്രകാരം അസുഖം ബാധിച്ചതിനെ തുടർന്നു പിന്നീടു മരണപ്പെട്ടു. നബി(സ)തിരുമേനി പ്രസ്തുത സ്ത്രീയെ വിളിച്ചു വരുത്തി. ഇറച്ചിയിൽ വിഷം കലർത്തിയിട്ടുണ്ടായിരുന്നുവോ എന്നന്വേഷിച്ചു. അതെങ്ങനെയാണ് മനസ്സിലായതെന്നു സ്ത്രീ ചോദിച്ചു. നബി (സ)തിരുമേനി കൈയുടെ മാംസം കൈയിൽ പിടിച്ചുകൊണ്ടു പറഞ്ഞു: 'ഈ കൈ അതു പറഞ്ഞു തന്നു!' രുചിച്ചപ്പോൾ അറിഞ്ഞു എന്നാണ് നബി അർഥമാക്കിയത്. ജൂത സ്ത്രീ താൻ വിഷം കലർത്തിയതായി പിന്നീടു സമ്മതിച്ചു.

'എന്തിനാണിതു ചെയ്തത്?' നബി(സ)ചോദിച്ചു.

'എന്റെ ജനം മുസ്‌ലിമീങ്ങളുമായി യുദ്ധത്തിലാണല്ലോ. എന്റെ ബന്ധുക്കൾ പലരും കൊല്ലപ്പെട്ടു. അങ്ങ് ഒരു കപടവാദിയാണെങ്കിൽ കൊല്ലപ്പെടുമെന്നും ഞങ്ങൾക്ക് പൊറുതി ലഭിക്കുമെന്നും ഒരു സത്യപ്രവാചകനാണെങ്കിൽ ദൈവം അങ്ങയെ രക്ഷിക്കുമെന്നും ഞാൻ കരുതി.' ജൂതസ്ത്രീ ബോധിപ്പിച്ചു.

ഈ വിശദീകരണം കേട്ടപ്പോൾ, നബി(സ)ആ സ്ത്രീക്ക് മാപ്പ് നൽകി. പ്രസ്തുത സ്ത്രീക്ക് വധശിക്ഷയാണ് നൽകപ്പെടേണ്ടിയിരുന്നത്. നബി(സ) തിരുമേനി എപ്പോഴും ആർക്കും പൊറുത്തു കൊടുക്കാൻ സന്നദ്ധനായിരുന്നു. വളരെ ആവശ്യമായ ഘട്ടത്തിൽ മാത്രമെ ശിക്ഷ നടത്താൻ അവിടന്ന് ഒരുങ്ങിയിരുന്നുള്ളൂ; കുറ്റക്കാരൻ ദോഹകൃത്യങ്ങൾ തുടരുമെന്ന് കണ്ടാൽ മാത്രം! *(നബിയോം ക സർദാർ പേജ് 193, ഖാദിയാൻ പ്രസിദ്ധീകരണം 2013)*

മക്കവിജയത്തിന്റെ അവസരത്തിൽ അവിടന്ന് എങ്ങനെയാണ് തന്റേയും തന്റെ സ്വഹാബത്തിന്റേയും സ്വഹാബിയാത്തിന്റേയും ബന്ധുക്കൾക്ക് മാപ്പുകൊടുത്തതെന്നത് പരസ്യമാണ്. സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: പൊതുമാപ്പിൽനിന്ന് ഒഴിവാക്കപ്പെട്ടതിൽ ചിലർക്ക് സ്വഹാബിമാരുടെ ശിപാർശയനുസരിച്ച് മാപ്പ് നൽകിയിരുന്നു. അങ്ങനെ മാപ്പു നൽകപ്പെട്ടവരിൽ ഒരാളായിരുന്നു അബൂജഹ്‌ലിന്റെ മകനായ ഇക്‌രിമ. ഇക്‌രിമയുടെ ഭാര്യ വിശ്വാസിനിയായിരുന്നു. ഇക്‌രിമക്ക് പൊറുത്തു കൊടുക്കണമെന്നു അവർ തിരുമേനിയോടപേക്ഷിച്ചു. അങ്ങനെ തിരുനബി(സ)മാപ്പ് നൽകി. ആ അവസരത്തിൽ ഇക്‌രിമ അബ്സീനിയയിലേക്ക് ഓടിപ്പോകാൻ വട്ടം കൂട്ടുകയായിരുന്നു. ഭാര്യ അദ്ദേഹത്തെ പിന്തുടർന്നു. കപ്പലിൽ കയറാൻ ഭാവിക്കുകയായിരുന്നപ്പോൾ ഭാര്യ തടുത്തുകൊണ്ടു പറഞ്ഞു: 'നബിയെപ്പോലെ മൃദുലഹൃദയനായ ഒരാളിൽനിന്ന് താങ്കൾ ഓടിപ്പോവുകയാണോ?'

ഇക്‌രിമ സാശ്ചര്യം ചോദിച്ചു, നബി(സ)തിരുമേനി തനിക്ക് മാപ്പു നൽകിയെന്നോ? ഇക്‌രിമയെപ്പോലുള്ള ഒരാൾക്കുകൂടിയും മാപ്പു നൽകാൻ നബി(സ) തിരുമേനി തയ്യാറായിരിക്കുമെന്നു ഭാര്യ ഉറപ്പ് നൽകി. യഥാർഥത്തിൽ അവർ നേരത്തെ തന്നെ തിരുമേനിയിൽ നിന്ന് ഈ കാര്യത്തിൽ ഉറപ്പു വാങ്ങിയിട്ടുണ്ടായിരുന്നു. അബ്സീനിയയിലേക്ക് ഓടിപ്പോകാനുള്ള ആലോചന ഇക്‌രിമ ഉപേക്ഷിച്ചു. നബിതിരുമേനിയുടെ ദിവ്യ സവിധത്തിൽ ഹാജരായി.

'എന്നെപ്പോലെയുള്ള ഒരുത്തനു കൂടി അങ്ങ് മാപ്പ് നൽകിയിരിക്കയാണെന്ന് എന്റെ ഭാര്യ മുഖേന ഞാൻ അറിഞ്ഞു." ഇക്‌രിമ പറഞ്ഞു.

'അതെ, നിങ്ങളുടെ ഭാര്യ പറഞ്ഞത് നേരാണ്; ഞാൻ യഥാർഥത്തിൽ നിങ്ങൾക്ക് മാപ്പാക്കിയിരിക്കുന്നു!" തന്റെ ഒരു ബദ്ധവൈരിക്കുപോലും മാപ്പ് നൽകാൻ കഴിവുള്ള ഒരാൾ ഒരിക്കലുമൊരിക്കലും ഒരു കള്ളവാദിയായിരിക്കാവതല്ലെന്നു ഇക്‌രിമ മനസ്സിലാക്കുകയും അതോടെ താൻ ഇസ്‌ലാം മതം സ്വീകരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. 'ദൈവം ഏകനാണെന്നും അവനുപങ്കുകാരനില്ലെന്നും അങ്ങ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം ചൊല്ലുന്നു." എന്നു ഇക്‌രിമ ഏറ്റു പറഞ്ഞു.ലജ്ജാഭാരത്താൽ അദ്ദേഹം നമ്രമുഖനായി. നബി(സ)തിരുമേനി അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഇക്‌രിമ ഞാൻ നിങ്ങൾക്ക് പൊറുത്തു തന്നിരിക്കുന്നു! എന്നു മാത്രമല്ല നിങ്ങളോടുള്ള ബഹുമാനത്തിന്റെ സൂചനയായി എന്നിൽനിന്ന് ഒരു വരം ആവശ്യപ്പെട്ടു കൊള്ളാമെന്നുകൂടി അറിയിക്കുന്നു!'

ഇക്‌രിമ ഉത്തരം പറഞ്ഞു; 'എനിക്കുവേണ്ടി അങ്ങ് ദൈവത്തോടു പ്രാർഥിക്കുകയും ഞാൻ അങ്ങയോടു ചെയ്തു പോയിട്ടുള്ള അതിക്രമങ്ങളും കഠിനക്രിയകളും എന്തുതന്നെയായാലും അവയെല്ലാം എനിക്ക് പൊറുത്തു തരാനായി അല്ലാഹുവിനോട് അർഥിക്കുകയും ചെയ്യേണമെന്നല്ലാതെ ഈയുള്ളവൻ എന്താവശ്യപ്പെടാനാണ്!"

ഈ അഭ്യർത്ഥന കേട്ടമാത്രയിൽ നബി(സ) തിരുമേനി കൈകളുയർത്തിക്കൊണ്ടു പ്രാർഥിച്ചു: 'ഓ ദൈവമേ, എനിക്കെതിരായി ഇക്‌രിമ വെച്ചു പുലർത്തിയ ശത്രുതയ്ക്ക് നീ തന്നെ മാപ്പ് കൊടുത്താലും. ഇക്‌രിമയുടെ അധരങ്ങളിൽ നിന്നുതിർന്ന എല്ലാ ചീത്തവാക്കുകൾക്കും നീ അദ്ദേഹത്തിന് മാപ്പ് നൽകിയാലും!'

പിന്നീടു നബി(സ) തിരുമേനി എഴുന്നേറ്റു തന്റെ മേലങ്കി ഊരി ഇക്‌രിമയെ പുതപ്പിച്ചു കൊണ്ടു പറഞ്ഞു: 'ദൈവത്തിൽ വിശ്വസിച്ച നിലയിൽ എന്നെ ക്കൊള്ളെ ആരുതന്നെവന്നാലും അയാൾ എന്നോടു കൂടിയുള്ളവനാകുന്നു. എന്റെ ഭവനം എന്റേതെന്നപോലെ അയാളുടെതുമാകുന്നു."

ഇക്‌രിമയുടെ ഈ മാനസാന്തരം അനേകം കൊല്ലങ്ങൾക്കു മുമ്പേ നബി(സ)തിരുമേനി അരുളിയ ഒരു പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു. നബി(സ)തിരുമേനി സ്വഹാബത്തിനോടു ഒരിക്കൽ അരുളുകയുണ്ടായി: "ഞാനൊരിക്കൽ ഒരു ദർശനത്തിൽ ഇപ്രകാരം കണ്ടു. ഞാൻ സ്വർഗ്ഗത്തിലായിരുന്നു. ഞാൻ അവിടെ ഒരു കൂട്ടം മുന്തിരിങ്ങാക്കുലകൾ കണ്ടു. ആ മുന്തിരിക്കുലകൾ ആർക്കുവേണ്ടിയാണെന്നു അന്വേഷിച്ചപ്പോൾ, 'അബൂജഹ്‌ലിനുവേണ്ടി' എന്നു ആരോ മറുപടി നൽകി." ഇക്‌രിമയുടെ പരിവർത്തനമുണ്ടായപ്പോൾ ഈ ദർശനത്തെ അനുസ്മരിപ്പിച്ചു കൊണ്ടു നബി(സ)തിരുമേനി പറയുകയുണ്ടായി, 'തനിക്ക് ആദ്യം ആ ദർശനത്തിന്റെ അർഥം മനസ്സിലായിരുന്നില്ലെന്ന്! സത്യവിശ്വാസികളുടെ പ്രഖ്യാപിത ശത്രുവായ അബൂജഹ്ൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും അയാൾക്കു മുന്തിരിങ്ങാക്കുലകൾ ലഭിക്കുകയും ചെയ്യുന്നതെങ്ങനെ?" നബി(സ)തിരുമേനി പറഞ്ഞു: 'എന്നാലിപ്പോൾ എന്റെ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടു. മുന്തിരിങ്ങാക്കുലകൾ ഇക്‌രിമക്ക് വേണ്ടിയുള്ളതായിരുന്നു. മകനു പകരം പിതാവിനെയാണ് ഞാൻ കണ്ടതെന്നു മാത്രം. ദർശനത്തിലും സ്വപ്നങ്ങളിലും ഇതു സാധാരണമാണ്.' (ഹൽബിയ്യ, വാള്യം 3,പു,104)

പൊതുമാപ്പിൽനിന്ന് ഒഴിച്ചു നിറുത്തുകയും വധശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്തിട്ടുള്ളവരിൽ ഒരാൾ നബി(സ)തിരുമേനിയുടെ പ്രിയ പുത്രി സയ്നബയുടെ ദാരുണമായ കൊലപാതകത്തിനുത്തരവാദിയായ ആളുമായിരുന്നു. ഇയാളുടെ പേർ ഹബ്ബാർ എന്നത്രെ. സയ്നബിന്റെ ഒട്ടകത്തിന്റെ ജീനി ഇയാൾ അറുത്തുകളഞ്ഞതിനെ തുടർന്നു അവർ നിലത്തുവീണു. അതോടെ സയ്നബയുടെ ഗർഭം അലസിപ്പോയി. കുറച്ചു കഴിഞ്ഞപ്പോൾ ചരമം പ്രാപിക്കുകയും ചെയ്തു. ഈ മനുഷ്യത്വരഹിതമായ നിഷ്ഠൂരകൃത്യത്തിന് കൊല തന്നെയാണ് അയാൾക്ക് ശിക്ഷ നൽകേണ്ടിയിരുന്നത്. ഇയാൾ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: 'നബിയേ, ഞാൻ ഓടിപ്പോയതിനു ശേഷം ഇറാനിലെത്തി. പക്ഷേ, ദൈവം ഞങ്ങളുടെ ബഹുദൈവാരാധനപരമായ വിശ്വാസങ്ങളെല്ലാം അകറ്റുകയും ആത്മീയമരണത്തിൽനിന്നു രക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്ന ബോധം എനിക്കുണ്ടായി. ആകയാൽ മറ്റാരുടെയെങ്കിലും അടുക്കൽപോയി രക്ഷതേടുന്നതിനുപകരം തിരുസവിധത്തിൽ ഹാജരായി എന്റെ തെറ്റുകുറ്റങ്ങളേറ്റ് പറഞ്ഞു മാപ്പിരക്കുകയാണ് വേണ്ടതെന്നു എനിക്കു തോന്നി."

നബി(സ) തിരുമേനി ഇതുകേട്ടപ്പോൾ പറഞ്ഞു: 'ഹബ്ബാർ! അല്ലാഹു താങ്കളുടെ ഹൃദയത്തിൽ ഇസ്ലാമിനോടുള്ള സ്നേഹം നട്ടിരിക്കെ ഞാനെങ്ങനെയാണ് പൊറുത്തു തരാതിരിക്കുക? ഇതിനു മുമ്പേ താങ്കൾ ചെയ്ത എല്ലാ കടുംകൈകളും ഞാനിതാ പൊറുത്തിരിക്കുന്നു."(Ibid പേജ് 221)

**നുബുവ്വത്ത് കെ ഥേ ജിസ് ഖദ്ർ കമാൽ**
**വൊ സബ് ജമഅ ഹെ ആപ് മെ ലാ മഹാൽ**
**സ്വിഫാത്തെ ജമാൽ ഔർ സ്വിഫാത്തെ ജലാൽ**
**ഹർ ഇക് രങ്ക് ഹെ ബസ് അദീമുൽമിഥാൽ**
**ലിയാ ള്ളുൽമ് കാ അഫ്‌വ് സെ ഇൻതിഖാം**
**അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം**

അല്ലാഹു നമുക്ക് നമ്മുടെ യജമാനരായ സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെ യഥാർഥമായി സ്നേഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഇതിന്റെ ഫലമായി നമ്മൾ നമ്മുടെ പ്രിയപ്പെട്ട യജമാനരുടെ അധ്യാപനങ്ങളനുസരിച്ച് ഹൃദയംങ്ഗമമായ നിലയിൽ പ്രവർത്തിക്കാനും അവിടന്ന് പറഞ്ഞ വഴിയിലൂടെ മുഖംതിരിച്ച് നടക്കാതിരിക്കാനും അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. *വ ആഖിറു ദഅ്‌വാനാ അനിൽഹംദുലില്ലാഹി റബ്ബിൽആലമീൻ.*

☆☆☆

പേജ് 11 ൽ നിന്ന്

തൗഹീദ് അടങ്ങിയ സൂറത്താണിത്. അതുകൊണ്ട് എനിക്കത് വളരെ ഇഷ്ടമാണ്. നബി(സ) തിരുമേനി പറഞ്ഞു: ഈ സൂറത്തിനോടള്ള സ്നേഹം നിന്നെ സ്വർഗത്തിലേക്ക് കൊണ്ടുപോകാനുള്ള വഴിവൃത്തിയാക്കുന്നതാണ്.

നബി(സ) തിരുമേനി ജീവിതം മുഴുവൻ അല്ലാഹുവിന്റെ മഹത്തായ മഹിമാവിലാസത്തിന്റേയും ഏകദൈവവിശ്വാസത്തിന്റേയും ദറസ് നല്കിക്കൊണ്ടിരുന്നു. മരിക്കുന്ന സമയത്തുപോലെ അവിടത്തെ പരിശുദ്ധ നാവിൻ തുമ്പത്ത് ഈ വാക്കുകളായിരുന്നു: **ലഅന്നല്ലാഹുൽയഹൂദ വന്നസ്വാറത്തഖ്ദൂ ഖുബൂറ അമ്പിയാഇഹിം മസ്ജിദാ** അല്ലാഹു യഹൂദികളേയും ക്രിസ്ത്യാനികളേയും ശപിക്കുമാറാകട്ടെ. അവർ തങ്ങളുടെ പ്രവാചകന്മാരുടെ ഖബറുകളെ സാഷ്ടാംഗം പ്രണമിക്കുന്ന സ്ഥലമാക്കി. തന്നെ സംബന്ധിച്ച് ദുആ ചെയ്തു: അല്ലഹുമ്മ ലാ തജ്അൽ ഖബ്‌രീ വഥനൻ യുഅ്ബുദു അല്ലാഹുവേ! എന്റെ ഖബറിനെ ബിംബാരാധനയുടെ ഇടമാക്കരുതേ!

നബി(സ) തിരുമേനിയെ സത്യസന്ധമായി പിൻപറ്റുന്നതിന്റെ ഫലമായി ദൈവസ്നേഹം കരസ്ഥമാകുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:നബി(സ)തിരുമേനിയെ സത്യഹൃദയത്തോടെ പിൻപറ്റുകയും ആ മഹാത്മാവിനെ സ്നേഹിക്കുയും ചെയ്യുക എന്നത് അവസാനം മനുഷ്യനെ ദൈവത്തിന് പ്രിയപ്പെട്ടവനാക്കുമെന്നത് എന്റെ അനുഭവമാണ്. ഇപ്രകാരംതന്നെ അയാളുടെ മനസ്സിൽ സ്വയമേവ ദൈവസ്നേഹത്തിന്റെ ഒരു മനഃസ്താപമുണ്ടാക്കുന്നു. അപ്പോൾ അത്തരം വ്യക്തി എല്ലാ വസ്തുക്കളോടും മനംമടുത്ത് ദൈവത്തിലേക്ക് കുനിയുന്നു. അയാളുടെ സ്നേഹവും ആഗ്രഹവുമെ ല്ലാം അല്ലാഹുവിൽമാത്രം ബാക്കിയാവുന്നു. ആ സന്ദർഭത്തിൽ ദൈവസ്നേഹത്തിന്റെ പ്രത്യേകമായൊരു ജ്യോതിസ്സ് അയാളിൽ പതിയുകയും അനുരക്തിയുടേയും സ്നേഹത്തിന്റെയും പൂർണമായ ഒരുവർണം അയാൾക്ക് നല്കിക്കൊണ്ട് ശക്തമായ വികാരത്തോടെ തന്നിലേക്ക് വലിച്ചെടുക്കുകയും ചെയ്യുന്നു. അപ്പോൾ ശരീരേച്ഛയുടെമേൽ അയാൾ വിജയം വരിക്കുകയും അയാളെ പിന്തുണയ്ക്കുന്നതിനും സഹായിക്കന്നതിനും എല്ലാ വശത്തൂടെയും അല്ലാഹുവിന്റെ അത്ഭുതസിദ്ധിയുടെ കർമങ്ങൾ ദൃഷ്ടാന്തങ്ങളുടെ വർണത്തിൽ പ്രകടമാകുകയും ചെയ്യുന്നു. *(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 67)*

അല്ലാഹു നമുക്കെല്ലാവർക്കും തൗഹീദിനെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ മനോഹരമായ അധ്യാപനങ്ങൾ ഹൃദയംങ്ഗമമായ നിലയിൽ പ്രാവർത്തികമാക്കാനുള്ള സൗഭാഗ്യം തന്നരുളുമാറാകട്ടെ. ആമീൻ.

☆☆☆

പേജ് 9 ൽ നിന്ന്

അവനുവേണ്ടി ഒരു സ്വീകാര്യത വ്യാപിപ്പിക്കപ്പെടുന്നു. ആയിരക്കണക്കിന് മനുഷ്യരുടെ മനസ്സിൽ അവനോടു ഒരു സത്യസന്ധമായ സ്നേഹം ഇടപ്പെടുന്നു. ഒരു ആകർഷണശക്തി അവന് നല്കപ്പെടുന്നു. അവന് ഒരു പ്രകാശം നല്കപ്പെടുന്നു. അത് എപ്പോഴും അവനോടൊപ്പമുണ്ടാകുന്നു. (നിങ്ങൾ നോക്കുക, ഇപ്പോൾ ദൂരത്തിരിക്കുന്ന ആഫ്രിക്കൻരാജ്യക്കാരിലും ഈ സ്നേഹം അല്ലാഹു ഇട്ടതിന്റെ ഫലമായി ലക്ഷക്കണക്കിനാളുകൾ അഹ്മദിയ്യത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ടിരിക്കുന്നു.) അവിടന്ന് പറയുന്നു: മനുഷ്യൻ സത്യഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയും മുഴുലോകത്തും അവനെ അധികാരിയായി എടുക്കുകയും ചെയ്യുമ്പോൾ അന്യദൈവങ്ങളോടുള്ള മഹത്ത്വവും സ്നേഹവും അവന്റെ മനസ്സിൽ ബാക്കിയിരിക്കുകയില്ല. എന്നല്ല എല്ലാത്തിനേയും മരിച്ചവനായും കീടത്തേക്കാൾ മോശപ്പെട്ടവനായി മനസ്സിലാക്കുകയും ചെയ്യുമ്പോൾ അവന്റെ ഹൃദയത്തെ കാണുന്ന ദൈവം ഒരു കനപ്പെട്ട ജ്യോതിസ്സോടുകൂടി അവനിൽ ഇറങ്ങുന്നു. ഒരു തെളിമയാർന്ന ദർപ്പണം സൂര്യന്നഭിമുഖമായി വെക്കുമ്പോൾ അതിന്റെ പ്രതിബിംബം അതിൽ പൂർണമായും പ്രതിഫലിക്കുന്നതുപോലെ! അപ്പോൾ ആലങ്കാരികമായി പറയാൻ കഴിയും ആകാശത്തിലുള്ള ആ സൂര്യൻ ഈ ദർപ്പണത്തിലുമുണ്ടെന്ന്. ഇപ്രകാരം ദൈവം അത്തരം മനസ്സുകളിൽ ഇറങ്ങുന്നു. അവന്റെ മനസ്സിനെ തന്റെ സിംഹാസനമാക്കുന്നു. ഇക്കാര്യത്തിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ നബി(സ) തിരുമേനിയെ തികച്ചും സ്നേഹിക്കുന്നയാളും പിൻപറ്റുന്നയാളുമായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ). ഇക്കാരണത്താൽ, അല്ലാഹു ആ മഹാത്മാവിനെ സ്നേഹിക്കുകയും മസീഹ് മൗഊദും, മഹ്ദിയെ മൗഊദും, താബിആയ നബിയും എന്നനിലയിൽ ബഹുമതി നലകുകയും ചെയ്തു.

അല്ലാഹു നമുക്ക് ആ മഹാത്മാവിനെ വിശ്വസിച്ചതിനുശേഷം അതിനെ വിലമതിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. നമ്മളേയും നബി(സ)തിരുമേനിയുടെ സമ്പൂർണ അനുയായി ആക്കുമാറാകട്ടെ. നമ്മളിൽ ഓരോരുത്തർക്കും അവരവരുടെ കഴിവുകളും ശക്തികളുമനുസരിച്ച് നബി(സ)തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ നടക്കുന്നതിനും ആ മഹാത്മാവിനെ പിൻപറ്റുന്നതിനും തൗഫീഖ് നല്കുമാറാകട്ടെ. നബി(സ)തിരുമേനിയുടെ സത്യവാനായ ഈ പ്രേമിയെ തിരിച്ചറിയാനും വിശ്വസിക്കാനും മുസ്‌ലിമീങ്ങൾക്കും സൗഭാഗ്യം നല്കുമാറാകട്ടെ.

☆☆☆

# മുഹമ്മദുനബി(സ) മനഃശാസ്ത്ര വിദഗ്ദ്ധനെന്ന നിലയിൽ

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)

വിവർത്തനം: മുഹമ്മദു ഇസ്മായീൽ, ആലപ്പുഴ

ലോകത്ത് ഒട്ടനവധി മനഃശാസ്ത്ര വിദഗ്ദ്ധർ കഴിഞ്ഞു കടന്നിട്ടുണ്ട്. ഇക്കാലത്ത് ഈ ശാസ്ത്രം പ്രത്യേകമായും വളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. പക്ഷേ, ചിന്തിച്ചുനോക്കുന്നതായാൽ ഈ ശാസ്ത്രത്തിന്റെ പണ്ഡിതരെന്ന് പറയപ്പെടുന്ന ഭൂരിഭാഗമാളുകളുടേയും അറിവ് സാങ്കേതികത്വങ്ങളിൽ മാത്രം പരിമിതമാണെന്ന് കാണാം. സാങ്കേതികത്വങ്ങളുടെ ശാസ്ത്രത്തിനു മുകളിൽ കടന്ന് ആരെങ്കിലും യഥാർഥ അറിവുവരെ എത്തിയാലും അതുകേവലം ആ വിദ്യയുടെ ജ്ഞാനപരമായ ഭാഗംവരെ പരിമിതമായിരിക്കും. അതിന്റെ കർമപരമായ ഭാഗം- അതാണ് യഥാർഥ ലക്ഷ്യമായിട്ടുള്ളത്- ആ വിദ്യയുടെ ഭുരിഭാഗവും വിദഗ്ദ്ധരുടെ പ്രാപകത്തിന് വെളിയിലിരിക്കുന്നു. മാനഃശാസ്ത്രത്തിൽമാത്രം ക്ലിപ്തമാക്കപ്പെട്ടതല്ല, ലോകത്തിലെ ധാരാളം അറിവുകൾ ഇതേ അപജയത്തിന്റെ അവസ്ഥയിൽ കാണാവുന്നതാണ്. അതായത് ജനങ്ങളുടെ അറിവ് സാങ്കേതികത്വങ്ങളുടെ പരിധിക്കപ്പുറം കടന്നുപോകുന്നില്ല. ഏതു രീതികളിൽ അവർ മുന്നോട്ടു പോയാൽതന്നെയും അത് ജ്ഞാനപരമായ വശംവരെ മാത്രം പരിമിതമായിരിക്കും. അറിവുകളുടെ കർമപരമായ ഉപയോഗംവരെ എത്തുന്നത് വളരെ കുറച്ചുപേർ മാത്രമാണ്. തർക്കശാസ്ത്രത്തെ നോക്കുക. അവിടെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകളെ ഈ ശാസ്ത്രത്തിന്റെ വിദഗ്ദ്ധരായി കാണാം. എന്നാൽ, അവരുടെ അറിവ് സാങ്കേതികത്വങ്ങളിൽനിന്ന് മുമ്പോട്ടു പോകുന്നില്ല. അവരുടെ പ്രിയപ്പെട്ട ആയുസ്സ് സാങ്കേതികത്വങ്ങൾ മനഃപ്പാഠമാക്കുന്നതിൽമാത്രം ചെലവഴിക്കപ്പെടുന്നു. എതിർ വിസ്താരത്തിന്റേയും മാറ്റത്തിന്റേയും ശരിയായ നൈപുണ്യം ഉണ്ടാകുകയെന്നുള്ള ആ അറിവിന്റെ യഥാർഥ ഉദ്ദേശ്യത്തിൽനിന്ന് ഭൂരിഭാഗമാളുകളും പിന്തള്ളപ്പെട്ടുപോകുകയാണ്. എന്നല്ല ചില നേരങ്ങളിൽ തർക്കശാസ്ത്രത്തിന്റെ ആളുകൾ തങ്ങളുടെ തെളിവുകളിൽ കൂടുതൽ ബുദ്ധിശൂന്യരും നിസ്സാരരുമായി കാണപ്പെടുന്നു. കാരണം സാങ്കേതികത്വങ്ങളുടെ പ്രതിസന്ധി അവർക്ക് യാഥാർഥ്യംവരെ എത്തുന്നതിനുള്ള വഴിയിൽ തടസ്സമായിത്തീരുന്നു. പക്ഷേ, സാധാരണക്കാരെ അപേക്ഷിച്ച് പ്രവാചകന്മാരുടെ അവസ്ഥകളിൽ ദൃഷ്ടി പായിക്കുന്നതായാൽ ഈ വ്യത്യാസം വ്യക്തമായ രീതിയിൽ, അവരുടെ പ്രസ്തുത അറിവുകൾ യാഥാർഥ്യത്തിലധിഷ്ഠിതമാണെന്ന് കാണാൻ കഴിയും. എന്നല്ല ഭൗതികമായ അറിവുകളുടെ കുറവു കാരണത്താൽ അവർ ചില നേരങ്ങളിൽ അറിവുകളുടെ സാങ്കേതികത്വങ്ങളിൽ പരിചയമുള്ളവരാകുകയില്ല. എന്നാൽ, അവരുടെ പ്രവർത്തനമണ്ഡലവുമായി ബന്ധം വെക്കുന്ന എല്ലാ അറിവിന്റേയും യഥാർഥ ഉദ്ദേശ്യവും തേട്ടവും അല്ലെങ്കിൽ മറ്റുവാക്കുകളിൽ ആ അറിവിന്റെ മജ്ജയേയും ശ്രേഷ്ഠതയേയും കുറിച്ച് അവർക്ക് പൂർണമായ അറിവുണ്ടായിരിക്കുകയും ചെയ്യും. അവരെക്കാളുപരി ആർക്കും അത്തരം അറിവിന്റെ പാണ്ഡിത്യം കിട്ടുകയില്ല.

### നബിമാരും മനഃശാസ്ത്രവും.

മനുഷ്യന്റെ മാനസികമായ പ്രതികരണങ്ങളുടെ അറിവും നബിമാരുടെ പ്രത്യേകമാക്കപ്പെട്ട അറിവുകളുടെ ഭാഗവുമാണ് മനഃശാസ്ത്രവും. കാരണം തർബിയ്യത്തി(വിദ്യനല്കി സംസ്കരിക്കുക)ന്റേയും ഇസ്‌ലാഹി(പരിഷ്കരിക്കൽ)ന്റേയും പ്രവൃത്തിയുമായി ഈ അറിവിന് പ്രത്യേക ബന്ധമുണ്ട്. എന്നല്ല സത്യം പറഞ്ഞാൽ ശരീഅത്തിന്റെ അടിത്തറയിടൽ അധികവും ഇതേ അറിവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപിതമാകുന്നത്. പക്ഷേ, വിശുദ്ധ ഖുർആൻ നമ്മളോടു പറയുന്നതുപോലെ അവസ്ഥകളിൽനിന്ന് അതുതന്നെയാണ് പ്രകടമാകുന്നത്, നബിമാർക്കും പദവികളുണ്ട്. എത്തരത്തിലുള്ള ജോലികളാണോ ഓരോ നബിയുടേയും ചുമതലയിൽ വരുന്നത് അതനുസരിച്ച് അയാൾക്ക് അല്ലാഹുവിൽനിന്ന് കഴിവുകൾ നല്കപ്പെടുകയും അറിവുകളുടെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നു.

### നബി(സ)തിരുമേനിയും മനഃശാസ്ത്രവും

നമ്മുടെ നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനായിരുന്നു. കഴിഞ്ഞു കടന്ന നബിമാർക്കു വിരുദ്ധമായി അവിടന്ന് മുഴു ലോകത്തിന്റേയും പരിഷ്കരണത്തിന് നിയമിക്കപ്പെട്ടു. അവിടത്തെ സന്ദേശം എല്ലാ കറുത്തവന്റേയും വെളുത്തവന്റേയും പേരിലായിരുന്നു. അവിടത്തെ ന്യായപ്രമാണം എല്ലാ ജനതയ്ക്കും എക്കാലത്തേക്കുംവേണ്ടി അയക്കപ്പെട്ടതായിരുന്നു. അതുകൊണ്ട് സ്വാഭാവികമായും അതിനുള്ളിൽ ശക്തികളും നിക്ഷേപിക്കപ്പെട്ടിരുന്നു. ആ മഹാത്മാവിന് പ്രദാനം ചെയ്യപ്പെട്ട അറിവുകൾ ആ മഹത്തായ ജോലി നിർവഹിക്കുന്നതിന് അത്യാവശ്യമായിരുന്നു. അതിൽ ഒരു നബിക്കും അപമാനമില്ല. മറ്റു നബിമാരിൽ ആർക്കും ആ മഹാത്മാവിന് നല്കപ്പെട്ട അറിവുകൾ നല്കപ്പെട്ടിരുന്നില്ല. അവിടന്ന് ഏതൊരു ശക്തികളുമായാണോ വന്നത് അത് മറ്റാരും കൊണ്ടുവന്നിട്ടില്ല. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് അന സയ്യിദു വലദി ആദമ വലാ ഫഖ്റ ഞാൻ ആദം സന്തികളുടെ നേതാവാകന്നു; എന്നാൽ, അക്കാരണത്താൽ ഞാനെന്റെ ആത്മാവിൽ അഹങ്കാരമൊന്നും കാണുന്നില്ല. നബി(സ) തിരുമേനിയാണെങ്കിൽ ദൈവദൂതന്മാരിൽ അതി ശ്രേഷ്ഠനായിരുന്നു. അപ്പോൾ തീർച്ചയായും മനഃശാസ്ത്രത്തിലും- പ്രവാചകത്വത്തിന്റെ നിർബന്ധ കടമകളോടൊപ്പം അതറിയേണ്ടതും പസ്പരപൂരിതങ്ങൾ എന്ന നിലയിൽ അവിടന്ന് ഏറ്റവും ഒന്നാമനും ഏറ്റവും മുന്നിലും ആകേണ്ടത് അത്യാവശ്യമായിരുന്നു. യഥാർഥത്തിൽ അങ്ങനെത്തന്നെയായിരുന്നുവെന്ന് നമ്മൾ കാണുന്നു. കാരണം നബി(സ)തിരുമേനിയെക്കൊണ്ട് അല്ലാഹു തർബിയ്യത്തിന്റേയും ഇസ്‌ലാഹിന്റേയും മഹത്തായതും അദ്വിതീയവുമായ ജോലി ചെയ്യിക്കണമായിരുന്നു. അതുകൊണ്ട് ഒരു മുന്തിയ സ്പോഞ്ചിന്റെ കഷണം വെള്ളത്തിൽ മുക്കിയെടുത്തതിനുശേഷം എപ്രകാരം വെള്ളം നിറഞ്ഞതായിരിക്കുമോ അതേപ്രകാരം ഈ ശാസ്ത്രം ആ മഹാത്മാവിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്നു. ഒരു പ്രകൃത്യയുള്ള അരുവി എന്ന നിലയിൽ ഈ ശാസ്ത്രത്തിന്റെ ശാശ്വതമായ സത്യസാക്ഷ്യങ്ങൾ ഈ മഹാത്മാവിൽനിന്ന് അണപൊട്ടി ഒഴുകിക്കൊണ്ടിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഈ ഹ്രസ്വമായ ലേഖനത്തിൽ ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും വിവരിക്കാനിടമില്ല. എന്നല്ല ഏതെങ്കിലും ഒരു വശംതന്നെ വിശദമായി വിവരിക്കാൻ പറ്റുകയില്ല. അതുകൊണ്ട് ഞാനിവിടെ വളരെ സംക്ഷിപ്തമായി കേവലം കുറച്ചു ഉദാഹരണങ്ങൾ അവിടത്തെ 'സംസാരത്തിൽ' നിന്നുള്ളവ വിവരിക്കുന്നതാണ്. ഇതിൽനിന്ന് എങ്ങനെയാണ് അവിടത്തെ ഓരോ കാര്യവും മനഃശാസ്ത്രത്തിന്റെ ശാശ്വതമായ നിയമത്തിന്റെ അച്ചിൽ വാർത്തെടുത്ത് പുറത്തുവരുന്നതെന്ന് അറിയാൻ കഴിയും. കൂടുതൽ സംക്ഷിപ്തമാക്കണം എന്ന വിചാരത്തോടെ ഞാൻ അവിടത്തെ നിത്യേനയുണ്ടാകുന്ന സംസാരത്തിൽനിന്ന് അനൈച്ഛികമായി പുറപ്പെട്ട കാര്യങ്ങളുമായി ബന്ധപ്പെട്ട ഭാഗം മാത്രം എടുക്കുകയാണ്.

### നബി(സ) തിരുമേനിയുടെ സംസാരത്തിന്റെ ശ്രേഷ്ഠത

ഞാൻ പറഞ്ഞു കഴിഞ്ഞതാണ്, സാധാരണഭാഷയിൽ മനഃശാസ്ത്രമെന്ന് പറയുന്നത് മാനസികമായ വ്യാഖ്യാനത്തിന്റേയും അതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടേയും പേരാണ്. ഈ ശാസ്ത്രത്തിൽ മാനസികമായ പ്രതികരണംകൊണ്ടാണ് ചർച്ച ചെയ്യുന്നത്. മനുഷ്യൻ എങ്ങനെയാണ് തന്റെ ചുറ്റുപാടുകളിൽനിന്ന് സ്വാധീനം സ്വീകരിക്കുന്നതെന്ന് പറയുകയും ചെയ്യുന്നു. അവന്റെ ചിന്താഗതികളുടെ മുൻവശം എങ്ങനെ, ഏതു നിയമങ്ങൾക്കു വിധേയമായി ചലിക്കുന്നു തുടങ്ങിയവ. നബി(സ)തിരുമേനിയുടെ സംസാരത്തിലുണ്ടായിരുന്ന ശ്രേഷ്ഠത സംബോധനചെയ്യപ്പെടുന്നവർ വ്യക്തിയോ സംഘമോ ആരായാലും അവരുടെ മാനസികമായ അവസ്ഥയെ പൂർണമായും പരിഗണിച്ചുകൊണ്ടുള്ളതായിരുന്നു എന്നതാണ്. ഏതെങ്കിലും വ്യക്തിയുടേയോ സംഘത്തിന്റേയോ ചിന്താഗതികളുടെ പരിഷ്കരണത്തിന് ഇത് ഉത്തമമായ മാർഗം ആകാവുന്നതാണ്. അതനുസരിച്ചായിരുന്നു അവിടത്തെ അനുഗൃഹീതമായ സംസാരം. അതുകൊണ്ട് അല്ലാഹുവിന്റെ പ്രത്യേകമായ ഇംഗിതം മറ്റൊന്ന് ഉണ്ടായാലൊഴികെ അവിടത്തെ ഓരോ സംസാരവും ഒരു ഇരുമ്പാണിപോലെ ശ്രോതാവിന്റെ മനസ്സിൽ തറച്ചു കയറുമായിരുന്നു. അവിടന്ന് സംബോധനചെയ്യപ്പെടുന്നവന്റെ ചിന്താഗതികളുടെ ഒഴുക്ക് തെറ്റായ വഴിയിലേക്ക് പോകുന്നതു കണ്ടോ അല്ലെങ്കിൽ അവൻ തെറ്റായ വഴിയിൽ പതിക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയോ ക്ഷണത്തിൽ ശ്രോതാവിന്റെ മാനസികമായ ഒഴുക്കിനെ വിച്ഛേദിച്ച് അതിന്റെ ദിശമാറ്റുന്ന കാര്യം പറയുമായിരുന്നു. അവിടത്തെ ജീവിതത്തിൽ അത്തരം ഉദാഹരണങ്ങൾ ആയിരക്കണക്കിന് ലഭിക്കുന്നുണ്ട്. എന്നാൽ, ഞാനിവിടെ മാതൃക എന്ന നിലയിൽ അല്പം ചിലത് മാത്രം പറഞ്ഞ് വിരമിക്കുകയാണ്.

### ബദ്ർയുദ്ധാവസരത്തിലെ മാതൃക

ബദ്ർ യുദ്ധാവസരത്തിൽ മുസ്‌ലിം സൈന്യം മുമ്പിൽ എത്തിയിരുന്നില്ല, എന്നല്ല ഭൂരിഭാഗം മുസ്‌ലിമീങ്ങൾക്കും അവിശ്വാസികളുടെ ഒരു ശക്തമായ സൈന്യം മക്കയിൽനിന്ന് പുറപ്പെട്ടുവരുന്നുവെന്നുള്ള വിവരമില്ലായിരുന്നു. കച്ചവടസംഘത്തെ നേരിടേണ്ടിവരുമെന്ന വിചാരത്തോടെമാത്രം അവർ

വീട്ടിൽനിന്ന് പറുപ്പെട്ടതാണ്- ആ നേരത്ത് ചില സ്വഹാബത്ത് മക്കയിലെ അവിശ്വാസികളുടെ ഒരു പട്ടാളക്കാരനെ ഒരു അരുവിക്കരയിൽനിന്ന് പിടിച്ചുകൊണ്ടുവന്ന് നബി(സ)തിരുമനിയുടെ സന്നിധിയിൽ ഹാജരാക്കി. നബി(സ)തിരുമേനി അയാളോടു അവിശ്വാസികളുടെ സൈന്യത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ ചോദിച്ചു. പിന്നീട് മക്കയിലെ നേതാക്കന്മാരിൽ ആരൊക്കെയാണ് കൂടെയുള്ളതെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: ഉത്ബ, ശെയ്ബ, ഉമയ്യ, നള്ർ ബിൻ ഹാരിഥ്, ഉഖ്ബ, അബൂജഹ്ൽ, അബുൽബഖ്ത്തരി, ഹക്കീം ബീൻ ഹസാം തുടങ്ങിയവരെല്ലാം കൂടെയുണ്ട്. ഇവർ ഖുറയ്ശി ഗോത്രത്തിന്റെ ഊടുംപാവുമായിരുന്നു. അങ്ങേയറ്റം ധീരരും ഫൈൽവാന്മാരായ സേനാധിപരമായി മനസ്സിലാക്കപ്പെട്ടവരുമായിരുന്നു. അവരുടെ പേരുകേട്ടും മക്കയിലെ മുഴുവൻ പ്രസിദ്ധരായവരും മുസ്‌ലിമീങ്ങളെ ഉന്മൂലനം ചെയ്യാൻ പുറപ്പെട്ടുവരുന്നുവെന്ന് മനസ്സിലാക്കിയും ദുർബലരായ ചില സ്വഹാബിമാർ പരിഭ്രമിച്ചു. നബി(സ)തിരുമേനി അവരെ ദൃഷ്ടി ഉയർത്തി നോക്കി, അനൈച്ഛികമായി പറഞ്ഞു:ഹാദിഹീ മക്കത്തു ഖദ് അൽഖത്ത് ഇലയ്ക്കും അഫ്ലാദ കബദിഹാ എടുത്തുകൊള്ളുക! മക്ക നിങ്ങളുടെ മുമ്പിൽ തങ്ങളുടെ കരളിന്റെമൂല എടുത്തു വെച്ചിരിക്കുന്നു. അതായത് നിങ്ങൾ സന്തോഷിക്കുക! അല്ലാഹു നിങ്ങൾക്കു വേണ്ടി ഇത്ര വലിയ ഇരയെ ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ഇതുകേട്ടതോടെ സ്വഹാബത്തിന്റെ ചിന്താഗതികളുടെ ഒഴുക്കിന്റെ ഗതി ക്ഷണത്തിൽ മാറി. ഇതൊരു പരിഭ്രമിക്കേണ്ട അവസരമല്ലെന്നും പ്രത്യുത അല്ലാഹു തന്റെ വാഗ്ദാനങ്ങളനുസരിച്ച് ആ അവിശ്വാസികളുടെ നേതാക്കന്മാരെ തങ്ങളുടെ കൈയാൽ നശിപ്പിക്കുന്നതിനുവേണ്ടി ഒരുമിച്ചു കൂട്ടിയിരിക്കുകയാണെന്നും അവർ മനസ്സിലാക്കി. ഇപ്രകാരം ദുർബലരായ മുസ്‌ലിമീങ്ങളെ പ്രയാസങ്ങൾക്കും ഭയത്തിനും കാരണമാകുമായിരുന്ന ആ വിവരം നബി(സ)തിരുമേനിയുടെ ഒരു അനൈച്ഛികമായ കാര്യംകൊണ്ട് അവരുടെ സന്തോഷത്തിനും അവരെ ശക്തിപ്പെടുത്താനും നിമിത്തമായി. നബി(സ)തിരുമേനി ഈ വാക്യം എന്തെങ്കിലും ചിന്തയുടേയോ ആലോചനയുടേയോ ഫലമായല്ല പറഞ്ഞത്. പ്രത്യുത അവിടെ അവിടന്ന് മക്കയിലെ പട്ടാളക്കാരന്റെ വായിൽനിന്ന് ഈ വാക്കുകൾ കേൾക്കുകയും സ്വഹാബത്തിന്റെ മുഖങ്ങളിൽ ദൃഷ്ടി പായിച്ച് പരിഭ്രമം അവരുടെ മുഖത്ത് നിഴലിക്കുന്നതായി കാണുകയും ചെയ്തപ്പോൾ അനൈച്ഛികമായ നിലയിൽ ഇവിടെ ഒരു അമ്പ് അതിന്റെ വില്ലിന്റെ ഞാണിൽനിന്ന് പുറപ്പെടുന്നതു പോലെ അവിടത്തെ വായിൽനിന്ന് ഈ വാക്കുകൾ പുറത്തുവരികയായിരുന്നു. ഈ സംസാരത്തിന്റെ ഫലമായി മുസ്‌ലിമീങ്ങളുടെ ചിന്താഗതികളുടെ ഒഴുക്ക് ക്ഷണത്തിൽ ഗതിമാറ്റി.

**മക്ക വിജയാവസരത്തിലെ മാതൃക**

മക്ക വിജയാവസരത്തിൽ നബി(സ)തിരുമേനി മക്കയിലെ നേതാവായ അബുസുഫിയാന്റെ അനുഭാവവും സമ്മതിച്ചിരുന്നു. അയാളോടു നബി(സ)തിരുമേനി ചില വാഗ്ദാനങ്ങളും ചെയതിരുന്നു. മുസ്‌ലിം സൈന്യം മാർച്ചു ചെയ്തുകൊണ്ടിരിക്കെ അബു സുഫിയാൻ ഒരു ഉയർന്ന സ്ഥലത്ത് ഇരുന്ന് സൈന്യവ്യൂഹത്തെ വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അൻസ്വാറിന്റെ ഒരു സേനാനായകനായ സഅ്ദ് ബിൻ ഉബാദ, അബൂ സുഫിയാനെ കണ്ടു. ബലം പ്രയോഗിച്ച് മക്കയിൽ പ്രവേശിക്കുവാൻ തങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നും ഇന്ന് ഖുറയ്ശികൾ എളിമയിലാകാൻ പോകുന്നുവെന്നും സഅ്ദ് ആ അവസരത്തിൽ വിളിച്ചു പറഞ്ഞു. ഉടനെ അബൂസുഫിയാൻ നബി(സ)തിരുമേനിയുടെ അടുത്തു വന്ന് പറഞ്ഞു:സഅ്ദ് പറഞ്ഞതെന്താണെന്ന് അങ്ങ് കേട്ടില്ലേ? ഇന്ന് മക്കയുടെ നിന്ദയുടെ ദിവസമാണെന്ന് സഅ്ദ് പറയുന്നു.

നബി(സ)തിരുമേനി പറഞ്ഞു: സഅ്ദ് പറഞ്ഞത് തികച്ചും തെറ്റാണ്. ഇന്ന് നിന്ദയുടെ ദിനമല്ല. ഇന്ന് മക്കയുടെ വന്ദനത്തിന്റെ ദിനമാണ്. സഅ്ദിൽനിന്ന് പതാക വാങ്ങി അദ്ദേഹത്തിന്റെ മകനെ ഏല്പിച്ചു. ഇതൊരു അനൈച്ഛികമായ സംസാരമായിരുന്നു. എന്നാൽ, നോക്കുകയാണെങ്കിൽ അതിൽ മനഃശാസ്ത്രത്തിന്റെ എത്രയൊ ശാശ്വതമായ സത്യസാക്ഷ്യങ്ങൾ മറഞ്ഞിരിക്കുന്നതാണെന്ന് കാണാം. ഒന്നാമത്തെ കാര്യം ഇതാണ്:മക്കക്കാരുടെ നിന്ദ എന്ന വാക്യത്തിൽ, നബി(സ)തിരുമേനി മക്കയിൽ പ്രവേശിക്കുകയാണെങ്കിൽ അത് മക്കക്കാരുടെ നിന്ദയായിരിക്കുമെന്ന് മനസ്സിലാക്കാമായിരുന്നു എന്നാണ്. വാസ്തവത്തിൽ നബി(സ)തിരുമേനി വിജയിക്കുകയാണെങ്കിലും അത് നബി(സ)തിരുമേനിയുടെ കൊടിക്കീഴിൽ വരുമ്പോൾ അത് മക്കയുടെ വന്ദനമായിരിക്കും. പിന്നീട് മക്കയുടെ സ്ഥാനം എങ്ങനെയുള്ളതാണെന്നാൽ അതിനെ ഒരു അവസ്ഥയിലും നിന്ദയുമായി ചേർത്ത് പറയാൻ സാധിക്കുകയില്ല. രണ്ടാമത്തേത് സഅ്ദിന്റെ വാക്യത്തിൽനിന്നും ആ വാക്യം പറയുന്ന രീതിയിൽനിന്നും മുസ്‌ലിമീങ്ങളുടെ മനസ്സിൽ അബു സുഫിയാനെ സംബന്ധിച്ച് അവഹേളനത്തിന്റെ വികാരങ്ങൾ ഉണ്ടാകാമായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ ഇച്ഛ അയാൾക്ക് ധൈര്യം പകരുക എന്നതായിരുന്നു. അതുകൊണ്ട് അവിടന്ന് പെട്ടെന്നുതന്നെ അബൂസുഫിയാന്റെ പരാതിയിൽ സഅ്ദിന് മുന്നറിയിപ്പ് നല്കി. മുസ്‌ലിമീങ്ങളുടെ ചിന്താഗതികളെ തെറ്റായ വഴിയിൽ പതിക്കുന്നതിൽനിന്ന് തടഞ്ഞു. മൂന്നാമത്തേത് സഅ്ദിന്റെ വായിൽനിന്ന് അനിയന്ത്രിതമായാണ് ഈ വാക്യം പുറപ്പെട്ടതെന്നും മനഃപ്പൂർവമല്ലെന്നും പിന്നെ അദ്ദേഹം തന്റെ ഗോത്രത്തിന്റെ നേതാവാണെന്ന് ചിന്തിച്ച് അദ്ദേഹത്തിന് കഴിവതും അവഹേളനം തോന്നരുതെന്ന് കണ്ട് മറ്റുള്ളവർക്ക് കുറ്റപ്പെടുത്താനുള്ള അവസരം ഉണ്ടാകാതിരിക്കുന്നതിനും സഅ്ദിനെ ആശ്വാസപ്പെടുത്തിന്നതിനുംവേണ്ടി അദ്ദേഹത്തിന്റെ കൈയിൽനിന്ന് പതാക വാങ്ങാൻ കല്പിക്കുകയും എന്നാൽ, അതിനൊടൊപ്പംതന്നെ അദ്ദേഹത്തിന്റെ മകന് പതാക കൈമാറാനും കല്പിച്ചു. ചിന്തിക്കുക! നബി(സ)തിരുമേനിയുടെ വായിൽനിന്ന് പുറപ്പെട്ട ഈ അനൈച്ഛിക ഹ്രസ്വക വാക്കുകളിൽ അവിടത്തെ ദൃഷ്ടി എവിടെന്ന് എവിടവരെയെത്തി! ഒറ്റനിമിഷത്തിൽ അവിടത്തെ(സ)വാക്കുകൾ നഷ്ടമുണ്ടാക്കാവുന്ന മാനിസികമായ വാതിലുകളെല്ലാം അടയ്ക്കുകയും ഫലപ്രദമായ പല വാതിലുകൾ തുറക്കുകയും ചെയ്തു.

**ഹുനയ്ൻ യുദ്ധാവസരത്തിലെ മാതൃക**

ഹുനയ്ൻ യുദ്ധത്തിനുശേഷം യുദ്ധമുതലുകളുടെ വിതരണപ്രശ്നമുണ്ടായപ്പോൾ നബി(സ)തിരുമേനി മക്കക്കാരുടെ മനസ്സിണക്കുക എന്ന ചിന്തയോടെ അവർക്ക് കൂടുതൽ ഭാഗം നല്കി. ആവേശഭരിതരും ചിന്താശക്തി കുറഞ്ഞവരുമായ ചില അൻസ്വാറിന് അതിൽ ആക്ഷേപമുണ്ടായി. അവർ പറഞ്ഞു: ചോര ഞങ്ങളുടെ വാളുകളുടെ മുനയിൽനിന്ന് ഇറ്റു വീണു കൊണ്ടിരിക്കുകയാണ്. എന്നാൽ, സമ്മാനം മക്കക്കാർ കൊണ്ടുപോയി. നബി(സ)തിരുമേനി ഇക്കാര്യം അറിഞ്ഞു. അവിടന്ന് അൻസ്വാറിനെ പ്രത്യേകമായൊരു സ്ഥലത്ത് സംഘടിപ്പിച്ചു. അവരോടു പറഞ്ഞു: എനിക്ക് ഇങ്ങനെയൊക്കെയുള്ള സംസാരം എത്തിയിരിക്കുന്നു. ആളുകൾ ആടുകളും ഒട്ടകങ്ങളും കൊണ്ടുപോകുകയാണ്. എന്നാൽ, നിങ്ങളോടൊപ്പം അല്ലാഹുവിന്റെ റസൂൽ പൊയ്ക്കൊണ്ടിരിക്കുന്നു എന്ന കാര്യത്തിൽ നിങ്ങൾ സന്തോഷവാന്മരല്ലേ? ഇതുകേട്ട് അനിയന്ത്രിതമായി അൻസ്വാറിന്റെ മുറവിളികൾ പുറത്തുവരികയും കരഞ്ഞു കരഞ്ഞ് അവരുടെ എക്കിൾസ്വരം നിലയ്ക്കുകയും ചെയ്തു. അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!ഞങ്ങളിലെ അജ്ഞരായ ചില യുവാക്കളുടെ വായിൽനിന്നാണ് ഈ വാക്യം പുറപ്പെട്ടത്. ഞങ്ങൾ അല്ലാഹുവിന്റെ റസൂലിനെ എടുക്കുകയാണ്. ഞങ്ങൾക്ക് ഭൗതിക സമ്പത്തിനോടു താൽപര്യമില്ല. അവിടന്ന് പറഞ്ഞു: അൻസ്വാർ സംഘമേ!ഇനി നിങ്ങളെന്നെ സ്വർഗത്തിൽ ഹൗളുൽകൗഥറിൽ കാണുക.

മനഃശാസ്ത്രമനുസരിച്ച് ഈ സംഭവത്തിന്റേ ആദ്യഭാഗത്തിന്റെ വ്യാഖ്യാനം വ്യക്തമാണ്. അതിന് ഒരു അടിക്കുറിപ്പിന്റേയും ആവശ്യമില്ല. എന്നാൽ, അവിടത്തെ അവസാനം വാക്യം അല്പം വിശദീകരണം തേടുന്നുണ്ട്. ഇതൊരു വളരെ സാധാരണവും വ്യക്തവുമായ വാക്യമാണ്. എന്നാൽ, മനഃശാസ്ത്രത്തിന്റെ അച്ചിൽ എങ്ങനെ വാർത്താണ് അത് പുറപ്പെട്ടത്. അവിടത്തെ ഉദ്ദേശ്യമിതായിരുന്നു, നിങ്ങളിൽ ചിലർ ഭൗതികതയോടു ആർത്തി കാണിച്ചു. ഇനി അതിന് നഷ്ടപരിഹാരമായി നിങ്ങൾക്ക് ലോകത്ത് ആ ദൈവികസമ്മാനം നിഷേധിക്കപ്പെടുന്നതായിരിക്കും. അത് ലോകത്തിലെ സമ്മാനങ്ങളിൽ ഏറ്റവും വലിയ സമ്മാനമാണ്. അതായത് ഭരണവും രാജ്യവും. പക്ഷേ, നിങ്ങളുടെ ആത്മാർഥതയും നിങ്ങളുടെ ത്യാഗങ്ങളും പാഴായിപ്പോയെന്ന് കരുതരുത്. മറിച്ച് അതിനുവേണ്ടി നിങ്ങളെന്നെ പരലോകത്ത് ഹൗളുൽകൗഥറിൽ വന്ന് കാണണം. അവിടെ നിങ്ങൾ പരലോകത്തെ സമ്മാനങ്ങൾകൊണ്ട് സമ്പന്നരാക്കപ്പെടുന്നതായിരിക്കും. അല്ലാഹു നിങ്ങളുടെ എല്ലാ കുറവുകളും പരിഹരിക്കുന്നതായിരിക്കും. എന്നാൽ, ലോകത്തു ഭരണത്തിന്റേയും ആധിപത്യത്തിന്റേയും സമ്മാനം ഇനി നിങ്ങൾക്കു കിട്ടുകയില്ല. അതായത് ഈ ഹ്രസ്വവാക്യത്തിൽ അവിടന്ന് അൻസ്വാറിന്റെ മനസ്സിൽ ഈ പാഠം ദൃഢഗാഢമാക്കി. നിങ്ങൾ ദേശീയമായ നിലയിൽ ശക്തരാകാനും അഭിവൃദ്ധിപ്പെടാനും ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ ദുർബലരായ കൂട്ടുകാരേയും നിങ്ങളോടൊപ്പം സംരക്ഷിച്ച് നടക്കുക. ഇല്ലെങ്കിൽ ഒരു ഭാഗത്തിനോടൊപ്പം മറ്റെ ഭാഗത്തേയും അവിടെ വഹിക്കേണ്ടിവരും.

(തുടരും)

.......☆.......☆.......☆.......



പേജ് 1 ൽ നിന്ന്

നബിﷺ തിരുമേനിയെ കുറിച്ച് പറഞ്ഞതിനെക്കാളും കൂടുതൽ മുസ്‌ലിമീങ്ങൾക്ക് ഈസാനബിയെ കുറിച്ച് പറയാൻ സാധിക്കുന്നതാണ്.' (തഫ്സീറെ കബീർ, വാള്യം 1, പേജ് 253)

**ഹദ്റത്ത് ആഇശാ ؓ യെ ഒമ്പതാമത്തെ വയസ്സിൽ വിവാഹം ചെയ്തുവെന്ന ആക്ഷേപത്തിനുള്ള മറുപടി:**
ഇനി ഞങ്ങൾ ഇക്കാലത്ത് നബി ﷺതിരുമേനി ബ്രിട്ടീഷ് സർക്കാറിന്റെ കീഴിലാണെങ്കിൽ സർക്കാർ അദ്ദേഹത്തോടു എങ്ങനെ പെരുമാറുമെന്നും അതേപോലെ ഒമ്പതാമത്തെ വയസ്സിൽ വിവാഹം നടന്നുവെന്നുമുള്ള ആക്ഷേപത്തിന് മറുപടി ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ പ്രൗഢഗംഭീരമായ വാക്കുകളിൽ താഴെ കൊടുക്കുകയാണ്:

ഹദ്റത്ത് ആഇശാ സിദ്ദീഖായെ കുറിച്ച് നബിﷺതിരുമേനി ഒമ്പതാം വയസിലാണ് അവരെ വിവാഹം കഴിച്ചതെന്ന് പാതിരി എഴുതുകയും അത് വ്യഭിചാരമാണെന്ന് പറയുകയും ചെയ്തു. അതിനുള്ള മറുപടിയിൽ ഹദ്റത്ത് മസീഹ് മൗഊദ് ؑഎഴുതി: 'ഒന്നാമതായി 9 വർഷമെന്ന് നബി ﷺതിരുമേനി പറഞ്ഞതായി സ്ഥാപിതമല്ല. അതിനെ സംബന്ധിച്ച് ഒരു വെളിപാടും ഉണ്ടായിട്ടില്ല. 9 വർഷം തന്നെയാണെന്ന് മുത്തവാത്തിറായ വിവരങ്ങൾകൊണ്ട് സ്ഥിരീകരിക്കപ്പെട്ടിട്ടുമില്ല. ഒരു റാവി പറഞ്ഞുവെന്നത് മാത്രമാണ് അതിന്നാധാരം. അറേബ്യൻ ജനത ജനന രജിസ്റ്റർ സൂക്ഷിക്കാറുണ്ടായിരുന്നില്ല. അവർ നിരക്ഷരരായിരുന്നു. അവരുടെ അവസ്ഥ നോക്കുമ്പോൾ രണ്ടുമൂന്ന് വർഷത്തെ ഏറ്റക്കുറച്ചിൽ സ്വാഭാവികമാണ്. നമ്മുടെ രാജ്യത്തിലേയും മിക്കനിരക്ഷരർക്കും രണ്ടുനാലു വർഷത്തെ വ്യത്യാസം നല്ലവണ്ണം സൂക്ഷിച്ചുവെക്കാൻ സാധിക്കുകയില്ല. ഇനി താൽക്കാലികമായ സങ്കല്പിച്ചാൽത്തന്നെയും അതായത് ദിവസേനയുള്ള കണക്കുകൂട്ടി 9 വർഷമാണെങ്കിൽത്തന്നെയും ഒരു ബുദ്ധിമാനും ആക്ഷേപം ഉന്നയിക്കുകയില്ല. എന്നാൽ, മൂഢന് ചികിത്സയൊന്നുമില്ല. 9 വയസ്സിനുള്ളിൽ പെൺകുട്ടികൾ പ്രായപൂർത്തിയാകുമോ എന്ന് ഞാൻ ഡോക്ടർമാരുടെ ഗവേഷണത്തിന്റെ അടിസ്ഥനത്തിൽ എന്റെ പുസ്തകത്തിൽ സ്ഥാപിച്ചു കാണിക്കുന്നതായിരിക്കും. എന്നല്ല, 7-ാം വയസ്സിലും കുട്ടികളുണ്ടാകാം. വലിയ വലിയ പരിശോധനകളിലൂടെ ഡോക്ടർമാർ സ്ഥാപിച്ചിട്ടുള്ളതാണിത്. നൂറുക്കണക്കിനാളുകൾ ഇതിന് ദൃക്സാക്ഷികളുമാണ്; ഇതേ രാജ്യത്ത് എട്ടെട്ട്, ഒമ്പതൊമ്പത് വയസ്സുള്ള പെൺകുട്ടികൾക്ക് മക്കളുണ്ട്.' (നൂറുൽഖുർആൻ നമ്പർ 2, റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 377)

**സർക്കാറിന്റെ നിയമത്തിൽ വിവാഹപ്രായം 18 ആണെന്ന ആക്ഷേപത്തിനുള്ള മറുപടി**

ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു: എന്നാൽ, താങ്കളെ ഓർത്തു വിഷമമൊന്നുമില്ല. വിഷമിക്കാനും പാടില്ല. കാരണം താങ്കൾ വെറും പക്ഷപാതി മാത്രമല്ല, മറിച്ച് ഒന്നാംതരം മൂഢനുമാണ്. സർക്കാറിന്റെ നിയമം പ്രജകളുടെ അപേക്ഷ പ്രകാരവും അവരുടെ ആചാരവും സമൂഹത്തിലെ പൊതുവിലുള്ളകാര്യങ്ങളുടെ അടിസ്ഥനത്തിലുമാണ് തയ്യാറാക്കപ്പെടുന്നതെന്ന വിവരം വരെ താങ്കൾക്കില്ല. ഇവരിൽ തത്ത്വജ്ഞാനികളെപോലെ ഗവേഷണം നടത്താറില്ല. താങ്കൾ വീണ്ടും വീണ്ടും സർക്കാരിനെ കുറിച്ച് സ്മരിക്കുന്നുണ്ടല്ലോ. ഞങ്ങൾ സർക്കാറിന് നന്ദിയുള്ളവരാണെന്ന് തികച്ചും സത്യമാണ്. പക്ഷേ, ഞങ്ങൾ അവരെ തെറ്റിൽനിന്ന് മുക്തരാണെന്നും ഇവരുടെ നിയമങ്ങൾ തത്ത്വപൂർണമായ ഗവേഷണത്തിലധിഷ്ഠിതമാണെന്നും കരുതുന്നില്ല. മറിച്ച് നിയമങ്ങൾ ഉണ്ടാക്കാനുള്ള അടിസ്ഥാനം പ്രജകളുടെ ഭൂരിപക്ഷമാണ്. സർക്കാറിന്റെ നിയമങ്ങളിൽ തെറ്റില്ലാതിരിക്കാൻ അവരിൽ വെളിപാടൊന്നും ഇറങ്ങാറില്ല. ആ വിധത്തിൽ നിയമങ്ങൾ സംരക്ഷിക്കപ്പെടുന്നുവെങ്കിൽ പുതിയപുതിയ നിയമങ്ങൾ എന്തിന് ഉണ്ടാകണം? ഇംഗ്ലണ്ടിൽ പെൺകുട്ടികൾ പ്രായപൂർത്തിയാകുന്ന സമയം 18 വർഷമാണ് നിശ്ചയിച്ചിട്ടുള്ളത്. ചൂടുപ്രദേശങ്ങളിൽ പെൺകുട്ടികൾ വളരെ പെട്ടെന്നുതന്നെ പ്രായപൂർത്തിയാകുന്നു. സർക്കാറിന്റെ നിയമങ്ങൾക്ക് തെറ്റുകൾ സംഭവിക്കുകയില്ലെന്ന് താങ്കൾ കരുതുകയാണെങ്കിൽ ഇഞ്ചീലിനേയും നിയമത്തേയും കുറിച്ച് താരതമ്യപ്പെടുത്തി താങ്കളെ കുറച്ച് സേവിക്കാം. ചുരുക്കത്തിൽ തങ്ങളുടെ നിയമം തൗറാത്തിനേയും ഇഞ്ചീലിനേയും പോലെ തെറ്റിൽനിന്ന് മുക്തമാണെന്നുള്ള നോട്ടീസൊന്നും സർക്കാർ നല്കിയിട്ടില്ല. ഇനി തങ്കൾക്ക് അതിനെക്കുറിച്ച് എന്തെങ്കിലും നോട്ടീസ് ലഭിച്ചിട്ടുണ്ടെങ്കിൽ അത് അയച്ചു തരിക. പിന്നെ സർക്കാറിന്റെ നിയമം ദൈവികഗ്രന്ഥംപോലെ തെറ്റിൽനിന്ന് മുക്തമല്ലെങ്കിൽ അതിനെക്കുറിച്ച് സ്മരിക്കുക എന്നതുതന്നെ വിഢ്ഢിത്തം കാരണമായോ അല്ലെങ്കിൽ പക്ഷപാതിത്വം കാരണമായിട്ടോ ആണ്. പക്ഷേ, താങ്കൾ കഴിവില്ലാത്തയാളാണ്. (കയശര പേജ് 378)

**9 വയസ്സെന്നല്ല 7 വയസ്സിലും പെൺകുട്ടി പ്രായപൂർത്തിയാകുന്നുവെന്ന് യൂറോപ്യൻ ഡോക്ടറുടെ ഗവേഷണം**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു: 'സർക്കാരിന് തങ്ങളുടെ നിയമങ്ങളിൽ വിശ്വാസമുണ്ടായിരുന്നെങ്കിൽ, എന്തുകൊണ്ട് വർത്തമാനകാലത്ത് യൂറോപ്പിൽ വലിയ ഗവേഷണങ്ങളിലൂടെ 9 വയസ്സ് എന്നല്ല ഏഴു വയസ്സിലും ചില സ്ത്രീകൾ പ്രായപൂർത്തിയാകുന്നുണ്ടെന്ന് പറഞ്ഞ ഡോക്ടർമാരെ ശിക്ഷിച്ചില്ല.'

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑ ഇതിന്റെ അടിസ്ഥാനത്തിലും പാതിരിയുടെ വിവരങ്ങൾ എടുക്കുകയും, താങ്കൾ സർക്കാരിന്റെ നിയമം ഉദ്ധരിക്കുന്നതിനു പകരം തന്റെ മതഗ്രന്ഥത്തിന്റെ ഉദ്ധരണി നല്കുകയായിരുന്നു വേണ്ടിയിരുന്നതെന്ന് പറയുകയും ചെയ്തു. അവിടന്ന് പറയുന്നു: '9 വയസ്സിന്റെ പ്രായത്തെ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ച് തൗറാത്തിന്റേയും ഇഞ്ചീലിന്റേയും ഒരു ഉദ്ധരണിയും നല്കാൻ താങ്കൾക്ക് കഴിഞ്ഞില്ല. കേവലം സർക്കാരിന്റെ നിയമത്തെ കുറിച്ച് പറഞ്ഞു. ഇതിൽനിന്ന് താങ്കൾക്ക് തൗറാത്തിലും ഇഞ്ചീലിലും വിശ്വാസമില്ലെന്ന് മനസ്സിലായി. ഇല്ലെങ്കിൽ 9-ാം വയസ്സിൽ വിവാഹം കഴിക്കുന്നത് നിഷിദ്ധമാണെന്ന് തൗറാത്തിൽനിന്ന് സ്ഥാപിക്കണമായിരുന്നു. അല്ലെങ്കിൽ ഇഞ്ചീലിൽനിന്ന് സ്ഥാപിക്കേണ്ടതായിരുന്നു. പാതിരി സാഹിബേ! ഇതാണ് കളവ്. ദൈവഗ്രന്ഥങ്ങളുടെ പ്രശ്നങ്ങളിൽ താങ്കൾ സർക്കാർ നിയമമാണ് സമർപ്പിച്ചത്.' (Ibid പേജ് 379)

**നബിﷺതിരുമേനി ഇക്കാലത്ത് ജീവിച്ചിരുന്നുവെങ്കിൽ ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തോടു എങ്ങനെ പെരുമാറുമായിരുന്നു? എന്ന ധിക്കാരപൂർവമായി ചോദ്യത്തിനുള്ള മറുപടി**

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറഞ്ഞു: 'താങ്കളുടെ പക്കൽ സർക്കാരിന്റെ നിയമത്തിന്റെ എല്ലാ കാര്യങ്ങളും കുറ്റവിമുക്തമാണെങ്കിൽ, ദൈവഗ്രന്ഥങ്ങളെ പോലെ എന്നല്ല അവയേക്കാൾ ശ്രേഷ്ഠമാണെങ്കിൽ ഞാൻ താങ്കളോടു ചോദിക്കുന്നു,

(1) ബ്രിട്ടീഷ് നിയമത്തിനു വിരുദ്ധമായി ഏതെല്ലാം നബിമാരാണോ ലക്ഷക്കണക്കിന് മുലകുടിക്കുന്ന കുഞ്ഞുങ്ങളെ കൊന്നൊടുക്കിയത് അവർ ഇക്കാലത്ത് ജീവിച്ചിരിപ്പുണ്ടെങ്കിൽ സർക്കാർ അവരോടു എങ്ങനെയായിരിക്കും പെരുമാറുക.

(2) മറ്റുള്ളവരുടെ വയലുകളിലെ ധാന്യക്കുലകൾ പൊട്ടിച്ചുതിന്നിരുന്നവർ സർക്കാരിനു മുമ്പിൽ കുറ്റക്കാരായി വന്നിരുന്നെങ്കിൽ സർക്കാർ അവർക്കും അവർക്ക് അനുവാദം നല്കിയവർക്കും എന്തെന്തു ശിക്ഷ കൊടുക്കുമായിരുന്നു?

(3) വീണ്ടും ഞാൻ ചോദിക്കുകയാണ് അത്തിപ്പഴം തിന്നാൻ ഓടിപ്പോയിരുന്നയാൾ-അത്തിമരം അയാളുടേതല്ല എന്നത് ഇഞ്ചീലിൽനിന്ന് സ്ഥാപിതമാണ്, മറിച്ച് അന്യരുടെ സ്വത്തായിരുന്നു- സർക്കാറിന്റെ മുമ്പിൽ ഇങ്ങനെ ചെയ്താൽ സർക്കാർ അയാൾക്ക് എന്ത് ശിക്ഷ നല്കും?

(4) ഉടമയാരെന്ന് അറിയാത്ത ധാരാളം പന്നികളെ മസീഹ് നശിപ്പിച്ചുവെന്ന് ഇഞ്ചീലിൽനിന്ന് സ്ഥാപിതമാണ്. പാതിരി ക്ലാർക്ക് പറഞ്ഞത് അവയുടെ എണ്ണം രണ്ടായിരമാണെന്നാണ്. ഇനി താങ്കൾതന്നെ പറയുക. ശിക്ഷകളുടെ അടിസ്ഥാനത്തിൽ അതിനുള്ള ശിക്ഷ എന്താണ്? ഇപ്പോൾ ഇത്രമാത്രം എഴുതിയത് മതിയായതാണ്. മറുപടി തീർച്ചയായും എഴുതണം. എങ്കിലല്ലെ കൂടുതൽ ചോദിക്കാൻ പറ്റൂ.

**പാതിരി ഫതഹ് മസീഹിന് ഉപദേശം; ഇത്തരം ആക്ഷേപങ്ങളിൽനിന്ന് വിട്ടു നില്ക്കുക.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു: 'പാതിരി സാഹിബേ! 9 വയസ്സു പ്രായമുള്ള പെൺകുട്ടിയുമായി ഇണചേരുന്നത് വ്യഭിചാരത്തിന്റെ കല്പനയാണെന്നുള്ള താങ്കളുടെ ധാരണ തെറ്റാണ്. താങ്കളുടെ സത്യസന്ധത ഇഞ്ചീലിലൂടെ തെളിയിക്കുകയാണ് വേണ്ടത്. ഇഞ്ചീൽ താങ്കളെ തള്ളിക്കളയുകയാണ്. അവിടെ ഒന്നും നടക്കാത്തത് കണ്ടപ്പോൾ സർക്കാറിന്റെ കാലിൽവന്നു വീണു. ഓർത്തുകൊള്ളുക! ഈ അസഭ്യം സാത്താനിക പക്ഷപാതിത്വത്തിൽനിന്നാണ്. പരിശുദ്ധ പ്രവാചകനെക്കുറിച്ച് ദുർനടപടിയുടെ ആരോപണം ഉന്നയിക്കുക എന്നത് ശയ്ത്വാന്റെ പണിയാണ്. ഈ രണ്ടു പരിശുദ്ധ പ്രവാചകന്മാരിൽ അതായത് നബി ﷺതിരുമേനിയിലും ഹദ്റത്ത് മസീഹിലും അവിശുദ്ധരായ ജനങ്ങൾ കഠിനമായ അപരാധം പറഞ്ഞു. ഈ വൃത്തികെട്ടവർ ലഅ്നത്തുല്ലാഹി അലയ്ഹിം ആദ്യത്തെ നബിയെ വ്യഭിചാരപുത്രൻ എന്നു പറഞ്ഞു. വൃത്തികെട്ടവരായ യഹൂദികളെപ്പോലെ താങ്കളും രണ്ടാമത്തെയാളെ വ്യഭിചാര സന്താനമെന്ന് പറയുന്നു. ഇത്തരം ആക്ഷേപങ്ങളിൽനിന്ന് വിട്ടു നില്ക്കേണ്ടതാണ്.(Ibid പേജ് 680)

**മുഹമ്മദിനെപോലുള്ള വ്യക്തി ഇന്ന് ബ്രിട്ടീഷ് സർക്കാറിന്റെ കാലത്തുണ്ടായിരുന്നെങ്കിൽ സർക്കാർ എങ്ങനെയായിരിക്കും പെരുമാറുക? എന്ന അപമര്യാദനിറഞ്ഞ ചോദ്യത്തിന് യഥാർഥവും വിറപ്പിക്കുന്നതുമായ മറുപടി**

താങ്കൾ വ്യക്തമായും മനസ്സിലാക്കുക, ആ ഇരുലോകത്തിന്റേയും നേതാവ് ഈ സർക്കാരിന്റെ കാലത്തുണ്ടായിരുന്നെങ്കിൽ ഈ ഭാഗ്യമുള്ള സർക്കാർ ഈ സേവകനെ തങ്ങളുടെ അന്തസ്സായി മനസ്സിലാക്കുമായിരുന്നു; റോമാചക്രവർത്തി വെറും ചിത്രം കണ്ടുകൊണ്ട് എഴുന്നേറ്റു നിന്നതുപോലെ. ഈ സർക്കാരിനെ സംബന്ധിച്ച് അവർ ദൈവത്തിന്റെ പരിശുദ്ധന്മാരുടെ ശത്രുവാണെന്ന നിലയിൽ താങ്കൾ ഇത്തരം തെറ്റായ ധാരണകൾ വെച്ചുപുലർത്തുന്നത് താങ്കളുടെ അയോഗ്യതയും ദൗർഭാഗ്യവുമാണ്. ഈ സർക്കാർ ഇക്കാലത്ത് മുസ്‌ലിമീങ്ങളിലെ ചെറിയ ചെറിയ അമീർമാരെപോലും ആദരിക്കുന്നവരാണ്. നോക്കുക! നസ്റുല്ലാഹ് ഖാൻ അദ്ദേഹം ഈയുള്ളവന്റെ ദാസരിൽ അത്ര ഉയർന്ന സ്ഥാനമുള്ള ആൾ അല്ലെങ്കിലും നമ്മുടെ ഇന്ത്യയിലെ രാജ്ഞി എങ്ങനെയാണ് അദ്ദേഹത്തെ ആദരിച്ചത്. അപ്പോൾ ഈ ലോകത്തും സ്ഥാനമുൾക്കൊള്ളുന്ന ആ ഉന്നതനായ പരിശുദ്ധ വ്യക്തിﷺയുടെ മുമ്പിൽ രാജാവു പോലും അദ്ദേഹത്തിന്റെ കാലിൽ വീണിരുന്നു. അദ്ദേഹം ഇക്കാലത്തുണ്ടായിരുന്നെങ്കിൽ സംശയമൊന്നുമില്ല ഈ സർക്കാർ അദ്ദേഹത്തോട് ആദരണീയമായ രീതിയിൽ പെരുമാറുമായിരുന്നു. ദൈവിക സർക്കാരിനു മുമ്പിൽ മാനുഷികമായ സർക്കാരുകൾക്ക് വിനയത്തോടെ പെരുമാറുകയല്ലാതെ ഒന്നും നടക്കുകയില്ല. താങ്കൾക്കറിയില്ലേ? നബിﷺ തിരുമേനിയുടെ കാലത്തുണ്ടായിരുന്ന ക്രൈസ്തവരാജാവായ റോമാചക്രവർത്തി ഈ സർക്കാരിന്റെ സ്ഥാനത്തേക്കാൾ കുറച്ചു കുറവായിരുന്നുവോ? അദ്ദേഹം പറയുന്നു, ആ മഹാനായ നബിയുടെ സഹവാസത്തിൽ കഴിയാൻ എനിക്കു ഭാഗ്യമുണ്ടായിരുന്നെങ്കിൽ, ഞാൻ അദ്ദേഹത്തിന്റെ കാല് കഴുകുമായിരുന്നു. അതിനാൽ റോമാചക്രവർത്തി പറഞ്ഞതുതന്നെ തീർച്ചയായും ഈ ഭാഗ്യശാലിയായ സർക്കാരും പറയുമായിരുന്നു. എന്നല്ല,അതിനെക്കാൾ കൂടുതൽ പറയുമായിരുന്നു.

**ആയിരം രൂപയുടെ ഇനാം**

ഹദ്റത്ത് മസീഹിനെ കുറിച്ച് അക്കാലത്തെ ഒരു ചെറിയ ജന്മിപോലും റോമാചക്രവർത്തി നബിﷺ തിരുമേനിയെ കുറിച്ച് പറഞ്ഞതുപോലെ- അത് ഇന്നേവരെ അങ്ങേയറ്റം ശരിയായ ചരിത്രത്തിലും ഹദീഥുകളിലും രേഖപ്പെടുത്തിയിട്ടുള്ളതാണ്- പറഞ്ഞതായി താങ്കൾ സ്ഥാപിച്ചുകാണിച്ചാൽ ഞാൻ താങ്കൾക്ക് ഇപ്പോൾതന്നെ ആയിരം രൂപ രൊക്കം സമ്മാനമായി നല്കുന്നതായിരിക്കും. ഇനി താങ്കൾക്ക് ഇതിന് തെളിവ് നല്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ നിന്ദ്യമായ ജീവിതത്തേക്കാൾ മരിക്കുന്നതായിരിക്കും താങ്കൾക്ക് നല്ലത്. കാരണം റോമാചക്രവർത്തി ഈ ഉന്നതമായ സർക്കാരിന്റെ തുല്യതയുള്ള ആളായിരുന്നു. എന്നല്ല ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത് അക്കാലത്ത് അവരുടെ ശക്തിക്ക് സമാനമായ ഒരു ശക്തിയും ലോകത്തുണ്ടായിരുന്നില്ല എന്നാണ്. നമ്മുടെ സർക്കാർ ആ നിലവരെ എത്തിയിട്ടില്ല. എന്നിട്ടും റോമാചക്രവർത്തി ആ രാജത്വത്തിന്റെ മറനീക്കി പറയുന്നു; എനിക്ക് ആ ഉന്നതവ്യക്തിയുടെ തിരുസന്നിധിയിലെത്താൻ കഴിഞ്ഞിരുന്നെങ്കിൽ ആ പരിശുദ്ധന്റെ കാലു കഴുകുമായിരുന്നുവെന്ന്! അപ്പോൾ ഈ സർക്കാർ അതിനേക്കാൾ കുറഞ്ഞ ഭാഗ്യമുള്ളവരാണോ? തീർച്ചയായും ഈ സർക്കാരും അത്തരം രാജാവിന്റെ കാലിൽ വീഴുന്നത് അന്തസ്സായി മനസ്സിലാക്കുമായിരുന്നുവെന്ന് ഞാൻ വാദത്തോടെ പറയുന്നു. കാരണം ഈ സർക്കാർ ആ ആകാശരാജാവിനെ നിഷേധിക്കുന്നവരല്ല. അവന്റെ ശക്തിയുടെ മുമ്പിൽ മനുഷ്യൻ ഒരു ചത്ത കീടത്തിനുപോലും തുല്യനല്ല......... അതേ ഏതെങ്കിലും വ്യക്തി ഈ സർക്കാരിന്റെ നാട്ടിൽ താൻ ദൈവമാണെന്നും ദൈവത്തിന്റെ പുത്രനാണെന്നും പറഞ്ഞ് ബഹളംവെക്കുമ്പോൾ സർക്കാർ അതിനെ എന്തുകൊണ്ട് അകറ്റുന്നില്ലാ എന്ന് ചോദിക്കുകയാണെങ്കിൽ, അതിനുള്ള മറുപടി ഈ വാത്സല്യനിധിയായ സർക്കാർ അവനെ ചികിത്സിച്ച് ഭേദപ്പെടുത്താൻ ഏതെങ്കിലും ഡോക്ടറെ ഏല്പിക്കുന്നുവെന്നാണ്. അല്ലെങ്കിൽ വലിയ വീട്ടിൽ സുരക്ഷിതമായി അവനെ താമസിപ്പിക്കുന്നു. ലാഹോറിൽ ഇത്തരത്തിലുള്ള ഒരുപാടാളുകൾ ഒരുമിച്ചുകഴിയുന്നുണ്ട്.' (Ibid പേജ് 382)

**നബിതിരുമേനിയുടേയും**
**ഈസാമസീഹിന്റേയുമിടയിൽ**
**വ്യക്തമായ വ്യത്യാസം**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു: നമ്മൾ ഹദ്റത്ത് മസീഹിനേയും നബിﷺതിരുമേനിയേയും നിലവിലുണ്ടായിരുന്ന സർക്കാറുകൾ അവരോടു എങ്ങനെയാണ് പെരുമാറിയിരുന്നതെന്നും എങ്ങനെയാണ് അവരുടെ ദൈവികമായ പ്രതാപം അല്ലെങ്കിൽ ദൈവസഹായം സ്വാധീനം കാണിച്ചതെന്നും താരതമ്യം ചെയ്തുനോക്കുമ്പോൾ ഹദ്റത്ത് മസീഹിൽ ഖാത്തമുന്നബിയ്യീൻ നബിﷺതിരുമേനിയെ അപേക്ഷിച്ച് ദൈവത്വം അവിടെ നില്ക്കട്ടെ, നുബുവ്വത്തിന്റെ മഹിമാവിലാസം പോലും കാണുന്നില്ല. പരിശുദ്ധ പ്രവാചകന്റെ ഭാഗത്തു നിന്ന് രാജാക്കന്മാരുടെ പേരിൽ കത്തുകളയച്ചപ്പോൾ റോമാചക്രവർത്തി താൻ ക്രൈസ്തവരുടെ കൈയിൽ അകപ്പെട്ടുപോയെന്ന് നെടുവീർപ്പിട്ടുകൊണ്ട് പറഞ്ഞു. എനിക്ക് ഈ സ്ഥലത്തുനിന്ന് പുറപ്പെടാൻ സൗകര്യമുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ സന്നിധിയിൽ ഹാജരാകുന്നതും അടിമകളെപ്പോലെ പരിശുദ്ധ പ്രവാചകന്റെ കാലുകൾ കഴുകുന്നതും ഞാനെന്റെ അഭിമാനമായി മനസ്സിലാക്കുമായിരുന്നു. എന്നാൽ, ഒരു ദുർഭഗനും വ്യത്തികെട്ട മനസ്സിന്റെ ഉടമയുമായ ഇറാനിലെ കിസ്റാ രാജാവ് കത്തുകിട്ടിയപ്പോൾ കോപാകുലനായി നബിﷺതിരുമേനിയെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി പട്ടാളക്കാരെ അയച്ചു. അവർ വൈകുന്നേരത്തോടെ എത്തി. താങ്കളെ അറസ്റ്റുചെയ്യാൻ കല്പനയുമായാണ് വന്നതെന്ന് അവർ പറഞ്ഞു. അവിടന്ന് ആ പാഴ്വാക്കുകൾ നിരസിച്ചുകൊണ്ട് നിങ്ങൾസ ഇസ്‌ലാം സ്വീകരിക്കുക എന്നു പറഞ്ഞു. ആ നേരത്ത് നബിﷺതിരുമേനി രണ്ടുമൂന്നു സഖാക്കളുമൊത്ത് മസ്ജിദിൽ ഇരിക്കുകയായിരുന്നു. എന്നാൽ, ദൈവികമായ പ്രതാപം കണ്ട് അവർ രണ്ടുപേരും അടികൊണ്ടതുപോലെ വിറയ്ക്കുകയായിരുന്നു. അവസാനം അവർ ചോദിച്ചു, ഞങ്ങളുടെ ദൈവത്തിന്റെ കല്പനയ്ക്കുള്ള മറുപടി എന്താണ്? മറുപടിയെങ്കിലും ഞങ്ങൾ കൊണ്ടുപോകട്ടെ! നബിﷺതിരുമേനി പറഞ്ഞു:ഇതിന് നാളെ നിങ്ങൾക്ക് മറുപടി ലഭിക്കുന്നതാണ്. അവർ രാവിലെ ഹാജരായപ്പോൾ നബിﷺതിരുമേനി പറഞ്ഞു:നീ ആരെ കുറിച്ചാണോ ദൈവം എന്നു പറഞ്ഞത് അവൻ ദൈവമല്ല. മരണവും നാശവും സംഭവിക്കാത്തവനാണ് ദൈവം. എന്നാൽ, നിന്റെ ദൈവം വധിക്കപ്പെട്ടു. എന്റെ യഥാർഥ ദൈവം അയാളുടെ മകൻ ശേർവിയ്ക്ക് അവനെതിരിൽ അധികാരം നല്കി. ഇന്ന് അയാൾ സ്വന്തം മകനാൽ വധിക്കപ്പെട്ടു. ഇതാണ് മറുപടി. ഇത് വലിയൊരു മഹാത്ഭുതമായിരുന്നു. ഇതു കണ്ട് ആ നാട്ടിലെ ആയിരക്കണക്കിനാളുകൾ വിശ്വാസം കൈക്കൊണ്ടു. കാരണം അന്ന് രാത്രി കിസ്റാ വധിക്കപ്പെട്ടു. ഓർത്തുകൊള്ളുക ഇക്കാര്യം ഇഞ്ചീലിലെപ്പോലെ അടിസ്ഥാനരഹിതമായ കാര്യമല്ല പ്രത്യുത ഹദീഥുകളിൽനിന്നും ചരിത്രരേഖകളിൽനിന്നും ശത്രുക്കളുടെ ഏറ്റുപറച്ചിലിലൂടേയും സ്ഥിരീകരിക്കപ്പെട്ട കാര്യമാണ്. ഡിയൂൺ പോർട്ട് സാഹിബും ഈ സംഭവം തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, അക്കാലത്തുള്ള രാജാവിന്റെ മുമ്പിൽ ഹദ്റത്ത് മസീഹിനുള്ള ആദരവ് താങ്കളിൽനിന്ന് ഗോപ്യമല്ല. ഒരു പക്ഷേ, ആ വരികൾ ഇന്നും ഇഞ്ചീലിൽ ഉണ്ടാകും. അതിലെഴുതിയിരിക്കുന്നു. ഹിറോദേസ് ഹദ്റത്ത് മസീഹിനെ കുറ്റവാളിയെപ്പോലെ പിലാത്തോസിന്റെ ഭഗത്തുനിന്ന് കേസ് ഫൈൽ ചെയ്തു.അദ്ദേഹത്തിന് ഒരു കാലംവരെ കൊട്ടാര ജയിലിൽ കഴിയേണ്ടിവന്നു. ഒരു ദൈവത്വവും ഫലം ചെയ്തില്ല. താൻ അദ്ദേഹത്തിന്റെ സേവനം ചെയ്യുന്നതും അദ്ദേഹത്തിന്റെ കാലു കഴുകിക്കൊടുക്കുന്നതും തനിക്ക് അഭിമാനമായിരിക്കുമെന്ന് ഒരു രാജാവും പറഞ്ഞില്ല. പ്രത്യുത പിലാത്താസ് യഹൂദികൾക്ക് ഏല്പിച്ചു കൊടുത്തു. ഇതായിരുന്നോ ദൈവത്വം. അത്ഭുതകരമായ താരതമ്യമാണ്. രണ്ടു വ്യക്തികൾക്ക് ഒരേ തരത്തിലുള്ള സംഭവങ്ങളുണ്ടാകുന്നു. ഫലത്തിൽ ഇരുവരും പരസ്പരം വ്യതിരിക്തമായി സ്ഥാപിതമാകുന്നു. ഒരാളെ അറസ്റ്റു ചെയ്യാൻ ഒരു അഹങ്കാരിയായ രാജാവ് തന്റെ ദുർമന്ത്രണത്തിൽ പ്രേരിതനാകുകയും അവസാനം ദൈവശാപത്തിൽപ്പെട്ട് തന്റെ മകന്റെ കൈയാൽ വളരെ ദാരുണമായി വധിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ, ഇതരനെ അയാളുടെ യഥാർഥ വാദങ്ങൾ ഒന്നും വകവെക്കാതെ അത്യുക്തികലർത്തി ആകാശത്ത് കയറ്റിവെച്ചിരിക്കുന്നു. വാസ്തവത്തിൽ അറസ്റ്റു ചെയ്യുകയും അദ്ദേഹത്തിനെതിരെ കേസ് ഫൈൽ ചെയ്യുകയും വിസ്മയകരമായ രീതിയോടെ അക്രമികളായ പോലീസിന്റെ കസ്റ്റഡിയിൽ ഒരു പട്ടണത്തിൽനിന്ന് മറ്റൊരു പട്ടണത്തിലേക്ക് മാറ്റപ്പെടുകയും ചെയ്തുവെന്നത് ഖേദകരമാണ്. ബുദ്ധിപരമായി പുരോഗതി പ്രാപിച്ച ഇക്കാലത്ത് ഇത്തരം അസഭ്യമായ വിശ്വാസങ്ങളോ? നാണക്കേട്! നാണക്കേട്! നാണക്കേട്!(Ibid പേജ് 384)

**ഖയ്സ്വർ ചക്രവർത്തി കാലു കഴുകാൻ**
**ആഗ്രഹം പ്രകടിപ്പിച്ച കാര്യം പറഞ്ഞിട്ടുള്ള ഹദീഥ്**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു: തനിക്ക് പരിശുദ്ധനായ പ്രവാചകൻ (സ)യുടെ സന്നിധിയിലെത്താൻ സാധിക്കുമെങ്കിൽ ഒരു നിസ്സാര സേവകനായി അദ്ദേഹത്തിന്റെ കാലു കഴുകുന്നതാണെന്ന് പറഞ്ഞ ഹദീഥ് ഏതു ഗ്രന്ഥത്തിലാണ് എഴുതിയിട്ടുള്ളതെന്ന് ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി അല്ലാഹുവിന്റെ ഗ്രന്ഥത്തിനുശേഷം ഏറ്റവും സ്വീകാര്യയോഗ്യമായി വിശ്വസിക്കുപ്പെടുന്ന ബുഖാരിയാണെന്നാണ്. ആ ഹദീഥിന്റെ ഇബാറത്ത് ഇവിടെ എഴുതുകയാണ്. അല്പം കണ്ണു തുറന്ന് വായിക്കുക. അതിതാണ്: **വഖദ് കുൻതു അഅ്ലമു അന്നഹൂ ഖാരിജുൻ വലം അക്കു അളുന്നു അന്നഹൂ മിൻകും ഫലൗ അന്നീ അഅ്ലമു അന്നീ അഖ്ലുസ്വു ഇലയ്ഹി ലതജശ്ശംതു ലിഖാഅഹൂ വലൗ കുൻതു യിൻദഹൂ ലഗസൽത്തു അൻ ഖദമയ്ഹി** അതായത് എനിക്കറിയാമായിരുന്നു അവസാന കാലത്തെ നബി ആഗതനാകാൻ പോകുന്നുവെന്ന്. എന്നാൽ, അദ്ദേഹം (അറേബ്യക്കാരേ)നിങ്ങളിലാണ് ജനക്കുന്നതെന്ന് എനിക്കറിയില്ലായിരുന്നു. എനിക്ക് അദ്ദേഹത്തിന്റെ സന്നിധിയിലെത്താൻ കഴിയുമെങ്കിൽ അദ്ദേഹത്തിന്റെ ദർശനത്തിന് എനിക്കു ഭാഗ്യമുണ്ടാകാൻ ഞാൻ ഒരുപാട് ശ്രമിക്കുമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ തിരുസന്നിധിയിൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ കാലുകൾ കഴുകമായിരുന്നു. ഇനി എന്തെങ്കിലും അൽപം അഭിമാനവും ലജ്ജയുമുണ്ടെങ്കിൽ മസീഹിന്റെ മഹത്വത്തിനുവേണ്ടി അക്കാലത്തുണ്ടായിരുന്ന ഏതെങ്കിലും രാജാവ് ഇങ്ങനെ പറഞ്ഞത് കൊണ്ടുവരികയും ഇനാം 1000 രൂപ എന്നിൽനിന്ന് വാങ്ങുകയും ചെയ്യുക. ഇഞ്ചീലിലുള്ള തെളിവുതന്നെ വേണമെന്ന് നിർബന്ധമില്ല. ഏതെങ്കിലും ദുർബലമായ വരികളെങ്കിലും സമർപ്പിക്കുക. ഇനി രാജാവിന്റേയും അമീറിന്റേയുമില്ലെങ്കിൽ നിസാരനായ ഒരു അനുയായിയുടെ എങ്കിലും കൊണ്ടുവരിക. എന്നാൽ. ഓർത്തുകൊള്ളുക താങ്കൾക്കൊരിക്കലും അതു കൊണ്ടുവരാൻ സാധിക്കുകയില്ല. താങ്കൾത്തന്നെയാണ് ഇക്കാര്യം എടുത്തിട്ടത്. പിന്നെ താങ്കൾത്തന്നെ കുറ്റവാളിയായി എന്നത് നരകശിക്ഷയിൽനിന്ന് കുറഞ്ഞ ശിക്ഷയല്ല. സബാശ്! സബാശ്!(Ibid പേജ് 386)

ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ മറ്റൊരു വെല്ലുവിളി വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുന്നതാണ് ഇൻശാഅല്ലാഹ്.

(മൻസ്വൂർ അഹ്മദ് മസ്റൂർ)

☆☆☆☆☆

പേജ് 4 ൽ നിന്ന്

രൂപം ആയിരുന്നു. ആകയാൽ, തിരുമേനിയുടെ ശരീഅത്ത് പ്രതാപഗുണങ്ങളുടെയും സൗന്ദര്യഗുണങ്ങളുടെയും രണ്ടിന്റേയും വാഹകം ആയിരുന്നു. തിരുമേനിയുടെ രണ്ടു നാമങ്ങൾ അതായതു, മുഹമ്മദ് എന്നും അഹ്മദ് എന്നുമുള്ള നാമങ്ങൾ ഇതേ ഉദ്ദേശ്യം ഉൾക്കൊണ്ടിട്ടുള്ളതത്രെ. തിരുമേനിയുടെ നുബുവ്വത്തിന്റെ സാകല്യത്തിൽ ഒരു വശത്തും ലോഭമില്ല. മറിച്ച്, അതു ആരംഭം മുതൽക്കേ ലോകത്തിനു മുഴുവനുമായിട്ടുള്ളതത്രെ.' *(ലക്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 206)*


**ഉന്നതശ്രേണിയിലുള്ള പരിശുദ്ധവും**
**യുക്തിനിർഭരവുമായ അധ്യാപനം നല്കുന്ന നബി**

'എല്ലാമതങ്ങളിലും ഇസ്‌ലാം മതം മാത്രമാണ് സത്യമെന്ന് എന്നോടു പറയപ്പെട്ടു. എല്ലാ സന്മാർഗങ്ങളിലും ഖുർആനികമായ സന്മാർഗം മാത്രമാണ് സുസ്ഥിതിയുടെ സമ്പൂർണ നിലയിലും മനുഷ്യകൈകടത്തലുകളിൽനിന്ന് പരിശുദ്ധമായ നിലയിലുമുള്ളതെന്ന് എന്നോടു പറയപ്പെട്ടു. മുഴവൻ ദൈവദൂതന്മാരിലും സമ്പൂർണ അധ്യാപനം നല്കുന്നതും ഉന്നതശ്രേണിയിലുള്ള പരിശുദ്ധവും യുക്തിനിർഭരവുമായ അധ്യാപനം നല്കുന്നതും മാനുഷികമായ കഴിവുകളെ തന്റെ ജീവിതം മുഖേന ഉന്നത മാതൃക കാണിച്ചതും കേവലം ഹദ്റത്ത് സയ്യിദുനാ വ മൗലാനാ മുഹമ്മദു മുസ്തഫാ (സ) യാണെന്ന് എനിക്കു മനസ്സിലാക്കപ്പെട്ടിരിക്കുന്നു.' *(അർബയീൻ നമ്പർ 1, റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 345)*

☆☆☆☆☆

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## ഞങ്ങൾ എന്നെന്നും ഞങ്ങളുടെ പ്രിയപ്പെട്ട യജമാനരെ മാതൃകയാക്കും



ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാലിഥ്(റഹ്) പറയുന്നു: "ഞങ്ങൾ ആദരണീയരായ നബി(സ)തിരുമേനിയെ ഞങ്ങളുടെ മാർഗ ദർശിയും വഴികാട്ടിയുമായി അംഗീകരിച്ചവരാണ്. ഞങ്ങളുടെ റഹീമായ റബ്ബിന്റെ കല്പനയനുസരിച്ചും അവന്റെ സന്തോഷവും സംതൃപ്തിയും കരസ്ഥമാക്കുന്നതിനുംവേണ്ടി ഞങ്ങൾ എന്നെന്നും ഞങ്ങളുടെ പ്രിയപ്പെട്ട യജമാനരെ മാതൃകയാക്കി വെക്കുന്നതായിരിക്കുമെന്നും ഏതൊരു നിറമാണോ അല്ലാഹു മുഹമ്മദുറസൂലുല്ലായുടെ ശരിയായ പ്രകൃതിയിൽ ചാർത്തിയിട്ടുള്ളത് അതേ നിറം ഞങ്ങളുടെ സ്വഭാവത്തിലും ജീവിതത്തിലും ചാർത്തുമെന്നും പ്രതിജ്ഞ ചെയ്തിരിക്കുന്നു; അത് അല്ലാഹുവിന്റെ ജ്യോതിർമ്മയ സവിശേഷഗുണങ്ങളുടെ മനോഹരമായ നിറമായിരുന്നു!"

***(ഖുത്ബാത്തെ നാസിർ, വാല്യം 1, പേജ് 588, ജുമുഅ ഖുത്ബ 24-2-1967)***

## ആ പ്രകാശത്തിന്റെ മുമ്പിൽ തിളങ്ങാൻ മറ്റൊരു പ്രകാശത്തിനും ശക്തിയില്ല



ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറയുന്നു: "ഭൗതികവ്യവസ്ഥിതിയിൽ സൂര്യന്റെ ഉദാഹരണം പോലെയാണ് ആത്മീയവ്യവസ്ഥിതിയിൽ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ). അത് അല്ലാഹുവിന്റെ പ്രകാശത്തിന്റെ ഏതു സ്ക്രീനാണെന്നാൽ അതിനെക്കാൾ പ്രകാശിക്കുന്ന സ്ക്രീൻ നമ്മുടെ ലോകത്തെ മനുഷ്യർക്ക് കാണാൻ കഴിയുകയില്ല. എങ്ങനെയുള്ള പ്രകാശത്തിന്റെ തിളക്കമാർന്ന സ്ക്രീനാണെന്നാൽ അത് പ്രകടമാകുമ്പോൾ പ്രകാശമുള്ളതെല്ലാം അതിന്റെ മുമ്പിൽ മങ്ങിപ്പോകുന്നു. ചന്ദ്രന്റെ പ്രകാശവും ഉണ്ടാകുന്നില്ല. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നുമില്ല. ആ പ്രകാശത്തിന്റെ മുമ്പിൽ തിളങ്ങാൻ ലോകത്തിലെ മറ്റൊരു പ്രകാശത്തിനും ശക്തിയില്ല.......ഇതാണ് ആ പ്രകാശം. ഇതിലേക്കാണ് നമ്മൾ ലോകത്തെ വിളിക്കേണ്ടത്. നമുക്ക് കല്പന നല്കപ്പെട്ടിട്ടുള്ളതും അതുതന്നെ!"

***(ഖുത്ബാത്തെ ത്വാഹിർ, വാല്യം 15, പേജ് 160, ജുമുഅ ഖുത്ബ 01-3-1996)***

## സ്വലാത്തിനാൽ അന്തിരീക്ഷത്തിന്റെ ഓരോ കണികയും പരിമളമുള്ളതാകണം



"നമ്മുടേയും ജോലിയുണ്ട്............നമ്മുടെ ദുആകളെ സ്വലാത്തിൽ വാർക്കുക. അന്തരീക്ഷത്തിൽ എത്രമാത്രം സ്വലാത്ത് സത്യസന്ധതയോടെ വിതറണമെന്നാൽ സ്വലാത്തിനാൽ അതിലെ ഓരോ കണികയും പരിമളമുള്ളതാകണം. നമ്മുടെ സകല ദുആകളും ഈ സ്വലാത്തിന്റെ വസീലയാൽ അല്ലാഹുവിന്റെ ദർബാറിലെത്തി സ്വീകാരത്തിന്റെ പദവി പ്രാപിക്കുന്നതാകണം. ഇതാണ് നബി(സ)തിരുമേനിയോടും അവിടത്തെ കുടുംബാദികളോടും നമുക്കുണ്ടാകേണ്ടതായ അനുരക്തിയുടേയും സ്നേഹത്തിന്റേയും പ്രകടനം!"

***(ജുമുഅ ഖുത്ബ 24-2-2006, ബദ്ർ പത്രം 13-4-2006)***

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com
Website : akhbarbadrqadian.in
: www.alislam.org/badr

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ
വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian
Qadian - 143516 Distt. Gurdaspur (Pb.) INDIA

Vol.6 September 30-October 7 2021 Issue 39-40

MANAGER
SHAIKH MUJAHID AHMAD
Mobile : +91 99153 79255
e -mail:managerbadrqnd@gmail.com
SUBSCRIPTION
ANNUAL: Rs.575/-

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗനിർദേശങ്ങൾ

## ലോകത്തിന്റെ ഏറ്റവും വലിയ പരിപാലകൻ എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനായ നബിയാണ്.

'ലോകത്തിന്റെ ഏറ്റവും വലിയ പരിപാലകൻ എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനായ നബിയാണെന്നതാണ് അടിസ്ഥാനപരമായ യാഥാർഥ്യം. അതായത് ഏതൊരാളുടെ കൈയാൽ ലോകത്തിലെ ഏറ്റവും വലിയ കുഴപ്പം ശുദ്ധീകരിക്കപ്പെടുകയും ഏതൊരാൾ ലോകത്തുനിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഭൂമിയിൽ സ്ഥാപിക്കുകയും ചെയ്തുവോ അയാൾതന്നെ! അദ്ദേഹം എല്ലാ വ്യർഥമായ മതങ്ങളേയും തെളിവുകൾ കൊണ്ടും പ്രമാണങ്ങൾകൊണ്ടും പരാജയപ്പെടുത്തി വഴികേടിന്റെ എല്ലാ സംശയങ്ങളും വിപാടനം ചെയ്തു. അദ്ദേഹം ഓരോ നാസ്തികന്റേയും ദുർബോധനങ്ങളെ ദൂരീകരിക്കുകയും മോക്ഷത്തിന്റെ ചരക്കുകളുടെ സത്യപ്രമാണങ്ങളായ അധ്യാപനങ്ങൾ പുതുതായി നല്കുകയും ചെയ്തു."

*(ബറാഹീനെ അഹ്മദിയ്യ, ഭാഗം 2, റൂഹാനീ ഖസാഇൻ വാള്യം 1 പേജ് 97, അടിക്കുറിപ്പ് നമ്പർ 6)*

## സംശുദ്ധവും കുലീനവുമായ മനസ്സോടുകൂടിയ നബി

'നബി(സ)തിരുമേനിയുടെ ജീവിതത്തിലേക്ക് നോക്കിയാൽ മനസ്സിലാകുന്നത് അവിടന്ന് ഉദാത്തവും അതിശ്രേഷ്ഠവുമായ സ്വഭാവൈകൃത്തോടും സംശുദ്ധവും കുലീനവുമായ മനസ്സോടുംകൂടിയ വ്യക്തിയായിരുന്നുവെന്നത്രെ. ദൈവത്തിനുവേണ്ടി സ്വജീവിതം ബലിയർപ്പിക്കുവാൻ അവിടന്ന് സദാ സന്നദ്ധനായിരുന്നു. മനുഷ്യരിൽ ആശ്രയം കൊള്ളുകയോ ആരേയും ഭയപ്പെടുകയോ ചെയ്തിരുന്നില്ല. അല്ലാഹുവിന്റെ ഹിതത്തിനും ഇച്ഛയ്ക്കും സ്വയം അടിമപ്പെട്ടിരുന്ന ആ മഹാത്മാവ് തനിക്ക് അഭിമുഖീകരിക്കാനുള്ള പ്രയാസങ്ങളെ കുറിച്ച് ചിന്തിക്കുകയേ ചെയ്തിരുന്നില്ല. തൗഹീദിന്റെ ശബ്ദമുയർത്തുന്നതിന്റെ പേരിൽ വിഗ്രഹാരാധകരിൽനിന്ന് എന്തു കഷ്ടപ്പാടുകൾ നേരിടേണ്ടിവരുമെന്നതും അവിടന്ന് ഗണ്യമാക്കിയിരുന്നില്ല.'

*(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 111)*

## മുഹമ്മദ് എന്ന പേരുള്ള ഈ അറബി പ്രവാചകൻ എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്!

"ഞാനെപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ(ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. ലോകത്തുനിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു.'

*(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 118-119)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt: Gurdaspur-143516,Punjab, And published at office of the Weekly Badr Mohallah-Ahmadiyya, Qadian Distt.Gsp-143516,Punjba,India. Editor: H.Shamsuddin